കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# വടക്കാഞ്ചേരി മുനിസിപ്പാലിറ്റി
**2018-19**
# ഓഡിറ്റ് റിപ്പോർട്ട്

## ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശൂർ
**e-mail: dotsr.ksad@kerala.gov.in**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(എം.)328/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020.
ഫോൺ നമ്പർ – 0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി:20-05-2020

ജോയിന്റ് ഡയറക്ടർ

നഗരസഭ ചെയർമാൻ, (സെക്രട്ടറി മുഖേന)
വടക്കാഞ്ചേരി നഗരസഭ

സർ,

വിഷയം : വടക്കാഞ്ചേരി നഗരസഭ - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ നഗരപാലിക നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കാഞ്ചേരി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി ആക്ട് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1) സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3) റീജയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി. (ഉപരിപത്രം സഹിതം)
4) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(എം)328/2020 തീയതി 20.05.2020

# തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994-ലെ കേരളാ നഗരപാലികാ നിയമം - വകുപ്പ് 295(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-09-2018 മുതൽ 17-01-2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.18 മുതൽ 31.03.19 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 53 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 35 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി.രാജഗോപാലൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.01.2020 മുതൽ 30.01.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.റീന ജോസഫ്, ഓഡിറ്റ് ഓഫീസർ<br>ശ്രീ.പ്രശാന്ത്.ടി.ജി. അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. സുധ.ഇ.എൻ., അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.സുനിൽ.പി.ബി., അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.സുനിൽകുമാർ.കെ.സി., അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീ.ജീജോ ജോബ്, ഓഡിറ്റർ<br>ശ്രീ.മോഹനൻ.കെ.എ., ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| നഗരസഭ ചെയർപേഴ്സൺ | ശ്രീമതി.ശിവപ്രിയ സന്തോഷ് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി.രമ്യ കൃഷ്ണൻ | 01.04.2018 മുതൽ 29.06.2018 വരെ |
| | ശ്രീ. കെ.എം.മുഹമ്മദ് അനസ് | 30.06.2018 മുതൽ 31.03.2019 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ വടക്കാഞ്ചേരി മേഖല | ശ്രീമതി.ആശ തടത്തിൽ | 01.04.18 മുതൽ 03.05.18 വരെ |
| | ശ്രീമതി.ഷീല.എസ്. | 04.05.18 മുതൽ 30.09.18 വരെ |
| | ശ്രീ.സുജിത്ത്.പി.ജി.(ഇൻ ചാർജ്ജ്) | 01.10.18 മുതൽ 14.10.18 വരെ |
| | ശ്രീമതി.ഷീല.എസ്. | 15.10.218 മുതൽ 31.03.19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ശ്രീരേഖ | 01.04.18 |

| | | |
|---|---|---|
| മുണ്ടത്തിക്കോട് മേഖല | | മുതൽ 15.08.18 വരെ |
| | ശ്രീമതി.ഷീല.എസ്.(ഇൻ ചാർജ്ജ്) | 16.08.18 മുതൽ 30.09.18 വരെ |
| | ശ്രീമതി.രേഖ | 01.10.18 മുതൽ 31.03.19 വരെ |
| വെറ്ററിനറി സർജൻ | ഡോ.ജോ.കുര്യക്കോസ് | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ.ബാലകൃഷ്ണൻ.എം.ആർ. | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സ്മിത | 01.04.18 മുതൽ 31.03.19 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സബിരാജ് | 01.04.18 മുതൽ 10.07.18 വരെ |
| | ഡോ.ബിജു.പി.ജി. | 11.07.18 മുതൽ 31.03.19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.കാഞ്ചനമാല | 01.04.18 മുതൽ 15.12.18 വരെ |
| | ശ്രീമതി.വിനിത ഉണ്ണിക്കൃഷ്ണൻ.സി. | 16.12.18 മുതൽ 31.03.19 വരെ |
| പ്രിൻസിപ്പാൾ, ഗവ.ഹയർ സെക്കണ്ടറി ഹൈസ്ക്കൂൾ, വടക്കാഞ്ചേരി | ശ്രീ.ചന്ദ്രശേഖരൻ.വി. | 01.04.18 മുതൽ 31.03.19 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ശ്രുതി സുബ്രമണ്യൻ | 01.04.18 മുതൽ 02.08.18 വരെ |
| | ശ്രീ. മണികണ്ഠൻ.കെ.(ഇൻ-ചാർജ്ജ്) | 03.08.18 മുതൽ 14.02.19 വരെ |
| | ശ്രീമതി. സീബ.എം.യു. | 15.02.19 മുതൽ 31.03.19 വരെ |
| ഹെൽത്ത് ഇൻസ്പെക്ടർ | വിജയപ്രകാശ്.കെ. | 01.04.18 മുതൽ 31.03.19 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |

| | | |
|---|---|---|
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | കാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | അക്കൗണ്ടിംഗിലെ അപാകതകൾ | 1-12 |
| 13 | ചെയർമാന്റെ ദുരിതാശ്വാസ നിധി - ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-13 |
| 14 | വസ്തു നികതി നിർണ്ണയം - സഞ്ചയ ഡിമാന്റിലെ അപാകതകൾ | 1-14 |
| 15 | അനധികൃത കെട്ടിടങ്ങളിൽ നിന്നും മൊബൈൽ ടവറുകളിൽ നിന്നും നികുതി പിരിവ് കാര്യക്ഷമമല്ല | 1-15 |
| 16 | വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ് | 1-16 |
| 17 | തൊഴിൽ നികുതി | 1-17 |
| 18 | വാടക | 1-18 |
| 19 | കെട്ടിട നിർമ്മാണ അനുമതി രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ | 1-19 |
| 20 | കളക്ഷൻ ചാർജ് ഈടാക്കേണ്ടതാണ് | 1-20 |
| 21 | സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും ട്രഷറിയിൽ തിരിച്ചടയ്ക്കുന്നില്ല | 1-21 |
| 22 | ശമ്പള പരിഷ്ക്കരണ കുടിശ്ശിക -പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. | 1-22 |
| 23 | ദിവസവേതന ഡ്രൈവർമാർക്ക് അധിക വേതനം നൽകിയത് | 1-23 |
| 24 | നികുതിപിരിവ്- താല്ക്കാലിക ജീവനക്കാരുടെ നിയമനകാലയളവ് ദീർഘിപ്പിച്ചതിന് സർക്കാർ അനുമതി ലഭിച്ചില്ല | 1-24 |
| 25 | ദിവസവേതന നിയമനങ്ങൾക്ക് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല | 1-25 |
| 26 | പത്രപ്പരസ്യ ചാർജ്ജ് - ഡിസ്കൗണ്ട് ലഭിച്ചില്ല | 1-26 |
| 27 | ചെലവ് രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് | 1-27 |
| 28 | കെ.എസ്.ഇ.ബി.യിൽ വിവിധ പ്രവൃത്തികൾക്കായി മുൻകൂർ നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-28 |
| 29 | പൊതുടാപ്പുകളുടെ വെള്ളക്കരം, മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ്ജ് | 1-29 |
| 30 | പി.എം.എ.വൈ പദ്ധതി നിർവ്വഹണം - നിരീക്ഷണങ്ങൾ | 1-30 |

| | | |
|---|---|---|
| 31 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി- പണി ആയുധങ്ങൾ വാങ്ങൽ -അപാകതകൾ | 1-31 |
| 32 | വിവിധ തീരുമാനങ്ങൾ, ഫയൽ രേഖകൾ ഹാജരാക്കിയിട്ടില്ല | 1-32 |
| 33 | വികലാംഗർക്ക് മുച്ചക്ര വാഹനം പദ്ധതികൾ - വാഹനങ്ങൾ ലഭ്യമായിട്ടില്ല | 1-33 |
| 34 | വയോജനങ്ങൾക്ക് കട്ടിൽ പദ്ധതികൾ - വിതരണം പൂർത്തിയായിട്ടില്ല | 1-34 |
| 35 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്ന പദ്ധതികളിലെ അപാകതകൾ | 1-35 |
| 36 | മെറ്റീരിയൽ റിക്കവറി സെന്ററിലേക്ക് യന്ത്രസാമഗ്രികൾ വാങ്ങൽ പദ്ധതി – ഷ്രെഡ്ഡിംഗ് മെഷീൻ ലഭ്യമായില്ല | 1-36 |
| 37 | അങ്കണവാടി ജീവനക്കാർക്ക് അധിക ഓണറേറിയം- സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി രൂപീകരിച്ചതും വിഹിതം മുഴുവനായി കൈമാറാത്തതും സംബന്ധിച്ച് | 1-37 |
| 38 | അങ്കണവാടികൾക്കുള്ള ഭക്ഷ്യ ധാന്യ വിതരണം-ഒരേ ബില്ലിന് രണ്ടു തവണ സപ്ലൈക്കോയ്ക്ക് തുക അനുവദിച്ചു | 1-38 |
| 39 | വെറ്റിനറി സർജ്ജൻ നടപ്പാക്കിയ പദ്ധതികൾ - രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-39 |
| 40 | ലൈഫ് മിഷൻ -പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം-മുൻ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം അനുവദിച്ച തുക സംബന്ധിച്ച വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-40 |
| 41 | ആശ്രയ പദ്ധതി - തുക ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരുക്കുന്നു | 1-41 |
| 42 | കക്കൂസ് റിപ്പയർ പ്രോജക്ടുൾ | 1-42 |
| 43 | തുടർസാക്ഷരത | 1-43 |
| 44 | മരാമത്ത് പ്രവൃത്തി അവലോകനം | 1-44 |
| 45 | PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു | 1-45 |
| 46 | വിവിധ റിക്കവറികൾക്കായി നൽകിയ തുകകൾ അടവാക്കിയിട്ടില്ല | 1-46 |
| 47 | അസി.എഞ്ചിനീയറുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലും ദേശസാൽകൃത ബാങ്കിലെ അക്കൗണ്ടിലും തുക നീക്കിയിരിപ്പുള്ളത് സംബന്ധിച്ച് | 1-47 |

| | | |
|---|---|---|
| 48 | ഭൂജലവകുപ്പിൽ തുക മുൻകൂർ നിക്ഷേപിച്ചത്- ഫൈനൽ ബിൽ ലഭ്യമായിട്ടില്ല | 1-48 |
| 49 | ടാർ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ടാർ അവശേഷിക്കുന്നു | 1-49 |
| 50 | ടെണ്ടറുകളിൽ മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നില്ല | 1-50 |
| 51 | കുടിവെള്ള പദ്ധതികൾ സംബന്ധിച്ച രജിസ്റ്റർ | 1-51 |
| 52 | രജിസ്റ്ററുകൾ/രേഖകൾ ഹാജരാക്കിയിട്ടില്ല | 1-52 |
| 53 | മരാമത്ത് ഫയൽ സൂക്ഷിപ്പിലെ അപാകതകൾ | 1-53 |
| 54 | മുൻസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് | 1-54 |
| 55 | വിവിധ ആസ്തികൾ പ്രവർത്തനക്ഷമമാക്കിയിട്ടില്ല | 1-55 |
| 56 | ഗുണഭോക്തൃസമിതി നടപ്പാക്കിയ പ്രവർത്തികൾ - ആദായനികുതി ഈടാക്കിയതിൽ കുറവ് | 1-56 |
| ഭാഗം-2 | | |
| | ഇല്ല | |
| ഭാഗം-3 | | |
| 57 | അങ്കണവാടികൾക്കുള്ള ഭക്ഷ്യ ധാന്യ വിതരണം-ഒരേ ബില്ലിന് രണ്ടു തവണ സപ്ലൈക്കോയ്ക്ക് തുക അനുവദിച്ചു | 3-1 |
| | ഭാഗം 4 | |
| 58 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 59 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 60 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 61 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 62 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 63 | ഓഡിറ്റ് റിക്കവറി | 4-6 |
| 64 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 65 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 66 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 67 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് – അനുബന്ധം-1 | |
| | ഓഡിറ്റ് സംക്ഷിപ്തം – അനുബന്ധം-2 | |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28.03.2018 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. അതു

പ്രകാരം ആകെ വരവ് 304,00,05,000/-ഉം ആകെ ചെലവ് 292,42,45,734/-ഉം ആണ്. എന്നാൽ യഥാർത്ഥ വരവ് 28 കോടിയും ചെലവ് 26 കോടിയും മാത്രമാണ്. പ്രതീക്ഷിത വരവ്-ചെലവ് യഥാർത്ഥ വരവു-ചെലവുകളുമായി വളരെയധികം വ്യത്യാസം കാണുന്നു. യാഥാർത്ഥ്യബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 31.07.2018 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 36873659 |
| വരവ് | 288098475 |
| ആകെ | 324972134 |
| ചെലവ് | 265589095 |
| നീക്കിയിരിപ്പ് | 59383039 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 31578660 | 31578660 | 24345703 | 7232957 |
| വികസനഫണ്ട് എസ്.സി.പി. | 0 | 31867000 | 31867000 | 23471166 | 8395834 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 244000 | 244000 | 0 | 244000 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 13778000 | 13778000 | 10668334 | 3109666 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 7482000 | 7482000 | 7378687 | 103313 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 16467406 | 16467406 | 9925055 | 6542351 |

## 1-5 പദ്ധതി അവലോകനം

2018-19 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 575 | 539131463 | 276 | 99087033 | 260 | 39 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 6709431 | 13342109 | 20051540 | 15624363 | 4427177 |
| തൊഴിലാളികളുടെ കൂലി | | 15051716 | 15051716 | 15051716 | |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം മുനിസിപ്പാലിറ്റി നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 477120 | 240 |
| കർഷകതൊഴിലാളി | 15794300 | 3741 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാപെൻഷൻ | 36071900 | 8503 |
| വാർദ്ധക്യകാലപെൻഷൻ | 47361400 | 10804 |
| വികലാംഗപെൻഷൻ | 9125000 | 2136 |
| അവിവാഹിതരായ 50 വയസ്സു കഴിഞ്ഞവർക്കുള്ള പെൻഷൻ | 5781200 | 1346 |

# 1-8 കാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2020 തിയ്യതിയിൽ 3 pm-ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,32,810/- രൂപ (രണ്ടു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എണ്ണൂറ്റിപത്തു രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം – മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷികപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(കൈ) നം.17/2018 ത.സ്വ.ഭ.വ തിയതി.2-2-2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

മേൽ മാർഗ്ഗരേഖ ഖ.3-12 (എ )പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കുകയും നഗരസഭകളിൽ അനിവാര്യമായ 15 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 10 മുതൽ 15 വരെ അംഗങ്ങൾ അതാത് വികസനമേഖലയിലെ വിദഗ്ദരുൾപ്പെടെ ഓരോ വർക്കിംഗ് ഗ്രൂപ്പിലും ഉണ്ടാകേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്നായിരിക്കണമെന്നും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ കൺവീനറുടെ ഹാജർ നിർബന്ധമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഖ.3-2( ബി ) പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. വികസനമേഖലയുമായി ബന്ധപ്പെട്ട് പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വിഷയമേഖലയുമായി ബന്ധപ്പെട്ട് സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക, വാർഡ് സഭായോഗങ്ങൾ, വികസനസെമിനാർ എന്നിവിടങ്ങളിലെ ചർച്ചകൾക്ക് അക്കാഡമിക് സഹായവും നേതൃത്വവും നൽകുക എന്നിവയെല്ലാം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകളിൽപ്പെടുന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയും കഴിഞ്ഞ 20 വർഷത്തെ അനുഭവങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണകളോടെ പ്രോജക്ട് തയ്യാറാക്കുകയും കരട് പദ്ധതിരേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ പദ്ധതി രേഖ തയ്യാറാക്കുകയും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽപ്പെടുന്നു. പ്രോജക്ട് നടപ്പാക്കിയതിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ചുചേർക്കൽ, മിനുട്ട്സ് രേഖപ്പെടുത്തൽ, മിനുട്ട്സ് ബുക്ക് സൂക്ഷിക്കൽ, രേഖകൾ കൃത്യമായി സൂക്ഷിക്കുകയും കൈമാറുകയും ഉൾപ്പടെയുള്ളവ വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെ ചുമതലയാണ്.

വടക്കാഞ്ചേരി നഗരസഭയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്ട്സ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ/വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1 ) ക്വാറം തികയാതെയാണ് പല യോഗങ്ങളും ചേർന്നിട്ടുള്ളത്. ഉദാ.ക്ഷീര വികസനം ഒന്നാമത്തെ യോഗം

2) പല വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സുകളിലും തീരുമാനങ്ങൾ രേഖപ്പെടുത്തി കൺവീനർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഉദാ. പാർപ്പിടം ഒന്നാമത്തെയും രണ്ടാമത്തെയും യോഗങ്ങൾ

3) മിക്ക വർക്കിംഗ് ഗ്രൂപ്പുകളിലും കാര്യക്ഷമമായി ചർച്ച നടക്കുകയോ ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞുവരികയോ ചെയ്യുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന രേഖകളിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന രീതിയിൽ വേണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്.

4) കൺവീനർമാർ എല്ലാ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും പങ്കെടുക്കുന്നില്ല.

5) സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനയ്ക്ക ലഭ്യമാക്കിയില്ല.

6) വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ പ്രോജക്ട് ഫയലിനോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്തിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിന് മറുപടി നൽകേണ്ടതുമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.10.2015 | സെപ്റ്റംബർ 2015 | 16.12.2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8.3.19 | 2016-17 to 2017-18 | 27.04.19 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള മുൻസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ 2007). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ

2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

3. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

5.വാടക ഡിമാന്റ് രജിസ്റ്റർ

6. ബസ് സ്റ്റാന്റ് ഫീസ് ഡിമാന്റ് രജിസ്റ്റർ.

7. ടെണ്ടർ ഫോം രജിസ്റ്റർ

8. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

9. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

10. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

2. 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സംക്ഷിപ്ത പത്രിക, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ വടക്കാഞ്ചേരി നഗരസഭയിൽ 820 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ “110010100-Property tax (General)”എന്ന ശീർഷകത്തിലെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒറ്റ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ്

എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കാത്തതും ക്രമപ്രകാരമല്ല.

3. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -15 പ്രകാരം വസ്തുനികുതിയിനത്തിലെ ആകെ കിട്ടാനുള്ള തുക (5% ലൈബ്രറി സെസ്സ് ഉൾപ്പെടെ)6985816രൂപയാണ്. ഇത് പ്രകാരം ഇതേ ഷെഡ്യൂളിൽ "431990100-State govt levies in property tax" എന്ന ശീർഷകത്തിൽ വരേണ്ട തുക 3,32,658 (6985816/X5/105) ആണ്.എന്നാൽ ഈ ശീർഷകത്തിൽ 5,90,248രൂപ ചേർത്തിട്ടുണ്ട്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

4.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2019 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | ഡി &ഒ | 350410301-Advance collection of revenues-Licence fees for dangerous and offensive trades | 7,64,925 |

5.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിലും,വാടകയിനത്തിലും കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി , ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6.ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280200201-Prior period income-Rent from Building | 24078 |
| 280209900-Prior period income-Other income | 81500 |
| 280800100-Prior period-Establishment expenses | (632530) |
| 280800700-Prior period- Miscellaneous expenses | 24353 |
| 280200401-Prior period- Licence Fees | (9014) |
| 280200499-Prior period-Other feeses | 254983 |

7.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും റവന്യൂ പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു

വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

8.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

9. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 5,15,300രൂപയുടെ നിക്ഷേപം കാണുന്നു. എന്നാൽ ഇൻവെസ്റ്റ്മെൻറുകൾ ഭൗതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല (21275 രൂപയുടേത് ഒഴികെ). ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

10.ഇൻവെസ്റ്റ്മെൻറ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല

11.അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B18 പ്രകാരം താഴെ പറയുന്ന ശീർഷകങ്ങളിലെ ബാലൻസുകൾ രേഖപ്പെടുത്തിയിട്ടുള്ളതാണ്. എന്നാൽ അവ പരിശോധിച്ചു ബോദ്ധ്യപ്പെടുന്നതിനുതകുന്ന രേഖകളോ, രജിസ്റ്ററുകളോ ഹാജരാക്കിയിട്ടില്ല.

| ശീർഷകം | വിവരണം | ബാലൻസ് തുക |
|---|---|---|
| 460100400 | Festival Advance to Employees | 15000 |
| 460500201 | Advance to Implementing Agencies Muncipal Fund | 1052145 |
| 460500203 | Advance to Implementing Agencies Special Fund | 3,02,90,000 |
| 460600100 | Electricity Deposit | 82,000 |

12. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാൻറ് തുകകൾ,ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/18 ൽ ബാക്കിയുള്ള തുക താഴെ ചേർക്കുന്നു. ഈയാവശ്യത്തിനായി പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുകയോ, ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | |
|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക |
| 1 | 320100100 | Grants, Contributions for Specific Purpose Central Government | 62,08,210 |
| 2 | 320801000 | Beneficiary Contribution | 1,83,38,287 |
| 3. | 320802000 | Grant for Projects | 19 91 500 |
| 4 | 320809800 | Donation to Flood | 31,170 |
| 5 | 320809900 | Other Grants and Contributions for Specific Purpose | 15,01,334 |

13. 31/3/2018 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31/3/2019 ലെ ബാലൻസ്ഷീറ്റിൽ ചേർത്തിരിക്കുന്നത് . വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാൻറുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം.ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാൻറ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിൻറെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income and expenditure account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ച തുക കൂടുന്നതിനും കാരണമാകുന്നു.ഇത് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്.

14.1 എസ്.ബി.ഐ- വടക്കാഞ്ചേരി, തൃശ്ശൂർ ജില്ല സഹകരണ ബാങ്ക് എന്നീ തനത് ഫണ്ട് അക്കൗണ്ടുകളുടെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെൻറ് പ്രകാരം cheque issued but not collected from the bank എന്ന ഇനത്തിൽ പണമാക്കി മാറ്റാതെ മൂന്ന് മാസത്തിൽ അധികമായ ചെക്കുകൾ ഉള്ളതായി കാണുന്നു. ആയത് liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ബാങ്ക് ശീർഷകം | വൗച്ചർ നമ്പർ | തീയ്യതി | ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|---|---|---|
| എസ്.ബി.ഐ 67382438724 | 21601303 | 14.1.17 | - | 12.1.17 | 10000 |
| ,, | 21601537 | 14.2.17 | - | 1.3.17 | 24975 |
| ,, | 21601622 | 13.3.17 | - | 9.3.17 | 146674 |
| ,, | 21601684 | 16.3.17 | - | 10.3.17 | 94150 |
| | 21601878 | 31.3.17 | - | 31.3.17 | 6667 |
| | 31700351 | 30.12.17 | - | - | 65250 |
| | 21701135 | 29-01-18 | - | 30-12-17 | 137 |
| | 31700420 | 6-2-18 | | | 5000 |
| | 31700310 | 22-02-18 | - | 31-1-18 | 112 |
| | 21701441 | 07-03-18 | - | 17-02-18 | 300 |
| | 21701667 | 31-03-18 | - | 28-03-18 | 500 |
| | 21800268 | 03-07-18 | - | 27-6-18 | 3780 |
| | 21800425 | 30-08-18 | | 08-08-18 | 561 |
| | 21800597 | 22-10-18 | - | 29-9-18 | 550 |
| | 21800679 | 8-11-18 | - | 1-11-18 | 1650 |
| തൃശ്ശൂർ ജില്ല സഹകരണ ബാങ്ക് 10705014282 | 21500470 | 29.2.16 | 121767 | | 5000 |
| | 21500491 | 29.2.16 | 000269 | | 9600 |
| | 21500496 | 29.2.16 | 121753 | | 4640 |
| | 21500457 | 29.2.16 | 121704 | | 10000 |
| | 21500159 | 29.3.16 | 122135 | | 2000 |
| | 21600678 | 25.8.16 | 000817 | | 841 |
| | 21601050 | 19.11.16 | 002127 | | 392 |
| | 21601070 | 19.11.16 | 002140 | | 5297 |
| | 21601104 | 29.11.16 | 002163 | | 2100 |
| | 21601436 | 28.1.17 | 002307 | | 300 |
| | 21601874 | 30.1.17 | 2293049 | | 6 |
| | 21700136 | 29.4.17 | 005029 | | 392 |
| | 21701169 | 29-01-18 | 006208 | | 128 |
| | 21701170 | 29-01-18 | 006208 | | 2672 |
| | 21701167 | 29-01-18 | 006208 | | 160 |
| | 21701168 | 29-01-18 | 006208 | | 160 |
| | 2180084 | 01-06-18 | 004553 | | 1200 |
| | 21800092 | 01-06-18 | 004556 | | 1310 |
| | 21800091 | 01-06-18 | 004555 | | 400 |
| | 21800140 | 07-06-18 | 004707 | | 120 |
| | 21800144 | 11-06-18 | 004710 | | 600 |
| Treasury TSB A/C. No. 713051400000012 | 21601860 | 02-02-17 | 0440851 | 2-2-17 | 7556 |
| | 21601858 | 31-03-17 | 0440837 | 31-03-17 | 11682 |
| | 21601868 | 31-03-17 | 0440842 | 31-03-17 | 7501 |
| | 21601882 | 31-03-17 | 0440853 | 31-03-17 | 138 |
| | 21601883 | 31-03-17 | 0440843 | 31-03-17 | 3980 |
| | 21701755 | 23-11-17 | 19914031 | 23-11-17 | 3474 |
| | 21701127 | 17-01-18 | 1914008 | 17-01-18 | 1639 |
| | 21701223 | 06-02-18 | 0440890 | 06-02-18 | 450 |
| | 21701224 | 06-02-18 | 0440890 | 06-02-18 | 450 |
| | 21701225 | 06-02-18 | 0440890 | 06-02-18 | 2250 |
| | 21701229 | 06-02-18 | 0440896 | 06-02-18 | 9580 |

| | | | | | |
|---|---|---|---|---|---|
| | 21701230 | 06-02-18 | 0440896 | 06-02-18 | 1916 |
| | 21701231 | 06-02-18 | 0440896 | 06-02-18 | 1916 |
| | 21701234 | 17-02-18 | 1914028 | 17.02.18 | 14492 |
| | 21701239 | 17.02.18 | 1914019 | 03.11.18 | 5759 |
| | 21701240 | 17.02.18 | 1914019 | 03.11.18 | 5759 |
| | 21701246 | 20.02.18 | 1914042 | 30.12.17 | 7246 |
| | 21701244 | 20.02.18 | 1914026 | 20.02.18 | 1,00,000 |
| | 21701460 | 7.03.18 | 1914032 | 7.03.18 | 6387 |
| | 21701461 | 7.03.18 | 1914033 | 7.03.18 | 25547 |
| | 21701468 | 14.03.18 | 1914054 | 14.03.18 | 7246 |
| | 21701472 | 14.03.18 | 1914062 | 14.03.18 | 24912 |
| | 21701751 | 14.03.18 | 1914057 | 14.03.18 | 12948 |
| | 21701477 | 15.03.18 | 1914066 | 28.02.18 | 2150 |
| | 21701482 | 15.03.18 | 1914066 | 28.02.18 | 2150 |
| | 21701484 | 15.03.18 | 1914068 | 28.02.18 | 592 |
| | 21701485 | 15.03.18 | 1914068 | 28.02.18 | 592 |
| | 21701699 | 30.03.18 | 1914075 | 31.03.18 | 7246 |
| | 21701700 | 31.03.18 | 1914080 | 31.03.18 | 164577 |
| | 21701701 | 31.03.18 | 1914081 | 31.03.18 | 10286 |
| ICICI BANK No. 261505000127 | | | | | |
| | - | - | 001965 | 13.11.18 | 600 |

14.2 താഴെപ്പറയുന്ന ബാങ്ക്അക്കൗണ്ടുകളുടെ ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ cheque deposted but not cleard by bank/treasuryഎന്ന ശീർഷകത്തിൽ വർഷങ്ങളായി ചെക്കുകൾ നഗരസഭയുടെ അക്കൗണ്ടിൽ വരവ് വയ്ക്കപ്പെടാതെ ശേഷിക്കുന്നു.

| ബാങ്ക് ശീർഷകം | വൗച്ചർ നമ്പർ | തീയ്യതി | ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|---|---|---|
| എസ്.ബി.ഐ 67382438724 | 11602900050 | 31.3.17 | - | 1.7.17 | 6667 |
| ,, | 11602900051 | 31.3.17 | - | 1.7.17 | 6667 |
| | 11710500063 | 15.9.17 | 7367465 | 14.9.17 | 6750 |
| | 11813200001 | 15-09-18 | 9020472 | 15-09-18 | 20000 |
| തൃശ്ശൂർ ജില്ല സഹകരണ ബാങ്ക് 10705014282 | 11503500012 | 29.3.16 | 0966046 | 29.2.16 | 22025 |
| | 11602500008 | 30.1.17 | 2293049 | 30.1.17 | 6 |
| | 11603500244 | 16.2.17 | 5163442 | 16.2.17 | 55750 |
| | 11603500310 | 17.3.17 | - | 10.3.17 | 1250 |
| | 11710200001 | 14.02-18 | 5163564 | 12.02-18 | 6250 |
| | 11713500170 | 26.03.18 | 7119886 | 26.03.18 | 10600 |
| | 11813500014 | 05.06.18 | 5844086 | 05.06.18 | 10000 |
| | 11813500121 | 11.09.18 | 089110 | 11.09.18 | 1250 |
| | 11813400027 | 21.11.18 | 680211402 | 08.10.18 | 3510 |

മേൽ തുകകൾ അക്കൗണ്ടിൽ വരവ് വരാത്തതിന് കാരണം ബാങ്കുമായി ബന്ധപ്പെട്ട് രേഖാമൂലം ഉറപ്പ് വരുത്തേണ്ടതും ചെക്ക് dishonour ആയ സംഗതികളിൽ കേരള മുൻസിപ്പാലിറ്റി അക്കൗണ്ട്സ് ചട്ടങ്ങളിലെ 2007 ചട്ടം 20 പ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

14.3 ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly debited by the bank/treasury എന്ന ശീർഷകത്തിൽ, താഴെ പറയും വിധം ബാങ്ക്/ട്രഷറി നേരിട്ട് നഗരസഭ അക്കൗണ്ടിൽ നിന്നു പിൻവലിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| എസ്.ബി.ഐ വടക്കാഞ്ചേരിയുടെ (67382438724) | | | |
|---|---|---|---|
| Bank entry | Cheque | particulars | amount |

| date | no. | | |
|---|---|---|---|
| 30.11.16 | - | - | 86.25 |
| 31.12.16 | - | - | 10115.00 |
| 4.1.17 | - | - | 520626.00 |
| 12.1.17 | - | - | 8065.00 |
| 4.2.17 | - | - | 85802.00 |
| 4.2.17 | - | - | 1935.00 |
| 22.2.17 | - | - | 6667.00 |
| 4.3.17 | - | - | 40002.00 |
| 9.3.17 | - | - | 632.50 |
| 31.3.18 | - | - | .83 |
| Treasury TSB A/C. No. 713051400000012 | | | |
| 28.09.17 | - | - | 1250 |
| 28.09.17 | - | - | 57250 |
| 28.09.17 | - | - | 1250 |
| 28.09.17 | - | - | 6750 |
| ICICI BANK No. 261505000127 | | | |
| 05.05.17 | - | - | 20001 |
| 05.05.17 | 1949 | - | 6667 |

മേൽ തുക നഗരസഭ അക്കൗണ്ടിൽ നിന്നും നഷ്ടപ്പെട്ടതായിട്ടാണ് കാണുന്നത്. ടി തുകകൾ ഏതിനത്തിലാണ് നഷ്ടപ്പെട്ടത് എന്ന് കണ്ടെത്തേണ്ടതും അല്ലാത്തപക്ഷം ടി തുക ബാങ്കില്/ട്രഷറിയൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ തുകകൾ ബാങ്ക് പാസ്സ്ബുക്കിൽ രേഖപ്പെടുത്തലുകൾ വന്നിട്ട് മാസങ്ങൾ കഴിഞ്ഞാണ് വാർഷിക കണക്കുകൾ അന്തിമമാക്കിയിട്ടുള്ളതെങ്കിലും മേൽപ്രകാരം നടപടി സ്വീകരിക്കാത്തതിനാൽ ഈ തുകകൾ 2018-19 ലെ വാർഷിക കണക്കിൽ ഉൾപ്പെടാതെ പോയി.

15. വായ്പ ഇനത്തിൽ തൻവർഷം 1,46,00,000രൂപ വരവുണ്ട്. ആയതിൽ 6,26,783.രൂപ തിരിച്ചടക്കുകയും 31/3/2019 ൽ 19,170,554/- & 29,760,446/-രൂപ തിരിച്ചടക്കാൻ ബാക്കിയുണ്ട് (യഥാക്രമം ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-5,B-6 പ്രകരം). എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-12 അക്കൗണ്ടിംഗിലെ അപാകതകൾ

2018-19 വർഷത്തെ നഗരസഭയുടെ വിവിധ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിയ്ക്കൽ പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. ചെക്ക് മുഖേനയുള്ള ഇടപാടുകൾ യഥാസമയം "സാംഖ്യ" സോഫ്റ്റ് വെയറിൽ ചേർക്കുന്നില്ല. ഇടപാടുകൾ നടക്കുമ്പോൾ മാനുവൽ കാഷ്ബുക്കിൽ എഴുതി ചേർക്കുകയും പിന്നീട് സാംഖ്യ യിൽ ഡാറ്റാ എൻട്രി നടത്തുകയുമാണ് ചെയ്യുന്നത്. വിവിധ ബാങ്ക് പാസ്ബുക്കുകൾ പരിശോധിച്ചതിൽ തുക പിൻവലിച്ച് ദിവസങ്ങൾക്ക് ശേഷമാണ് സാംഖ്യ യിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് വിവരങ്ങൾ | ചെക്ക് നം./ തീയതി | തുക | പാസ്ബുക്ക് പ്രകാരം പിൻവലിച്ച തീയതി | ബാങ്ക് ബുക്കിൽ ഇടപാട് രേഖപ്പെടുത്തിയ തീയതി |
|---|---|---|---|---|---|
| 1 | എസ്.ബി.ഐ. വടക്കാഞ്ചേരി (നം.67382438724) | 86450/03.04.18 | 7,55,400 | 03.04.18 | 30.05.18 |
| 2 | | 86451/03.04.18 | 2,88,533 | 03.04.18 | 30.05.18 |
| 3 | | 86454/05.04.18 | 96,540 | 06.04.18 | 30.05.18 |
| 4 | | 662095/23.03.19 | 31,725 | 27.03.19 | 30.03.19 |
| 5 | തൃശ്ശൂർ ജില്ല സഹകരണ ബാങ്ക് (നം.10705014282) | 006157/03.04.18 | 8000 | 03.04.18 | 30.05.18 |
| 6 | | 004550/15.05.18 | 2355 | 15.05.18 | 31.05.18 |
| 7 | | 004725/18.06.18 | 3750 | 19.06.18 | 28.06.18 |
| 8 | ട്രഷറി ടി.എസ്.ബി. അക്കൗണ്ട് (നം.713051400000012) | 9375122/16.04.18 | 157053 | 17.04.18 | 31.05.18 |
| 9 | | 0401622/09.08.18 | 60000 | 13.08.18 | 04.09.18 |
| 10 | | 0171488/08.10.18 | 1400000 | 08.10.18 | 20.10.18 |

2.2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 53 പ്രകാരം എല്ലാ ട്രഷറി/ബാങ്ക് അക്കൗണ്ടുകളുടെയും പാസ്ബുക്ക് പ്രകാരമുള്ള യഥാർത്ഥ ബാലൻസ് ബാങ്ക് ബുക്കുമായി ഓരോ മാസവും പൊരുത്തപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള ബാങ്ക്/ട്രഷറി സേവിങ്സ് അക്കൗണ്ട് റീകൺസിലിയേഷൻ പത്രിക തൊട്ടടുത്ത മാസം 7-ാം തീയതിക്കു മുൻപായി തയ്യാറാക്കേണ്ടതും അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ ഇപ്രകാരം അക്കൗണ്ടുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. അതിനാൽ ഏതെങ്കിലും ചെലവുകൾ നഗരസഭയുടെ കണക്കിൽ ഉൾപ്പെടാതിരിക്കുന്നതോ, ബാങ്ക് / ട്രഷറി അക്കൗണ്ടിൽ നിന്നും തെറ്റായി തുക ക്രെഡിറ്റ് ചെയ്യപ്പെടുന്നതോ, ചെക്കുകൾ യഥാസമയം കാഷ് ആക്കി മാറ്റപ്പെടാത്തതോ ആയ വിഷയങ്ങൾ ശ്രദ്ധയിൽപ്പെടാതെ പോകാൻ സാധ്യതയുണ്ട്.

3. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (അക്കൗണ്ട് നം. 67382438724) സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന്റെ 2018-19 വർഷത്തെ റീകൺസിലിയേഷൻ പത്രിക പ്രകാരം 673942/- രൂപ “Directly Debited by Bank”എന്നാണ് കാണിച്ചിട്ടുള്ളത്. മേൽ തുക ഡെബിറ്റ് ചെയ്തിരിക്കുന്നത് 30.11.2016 മുതൽ 31.03.2019 വരെയുള്ള വിവിധ തീയതികളിലായാണ്. ഇപ്രകാരം പിൻവലിക്കപ്പെടാനുള്ള കാരണം ബാങ്കിൽ അന്വേഷിക്കുകയും തെറ്റായി പിൻവലിക്കപ്പെട്ടതാണെങ്കിൽ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. യഥാർത്ഥത്തിൽ നഗരസഭ ചെയ്ത ചെലവാണെങ്കിൽ ആയത് അക്കൗണ്ടിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

4. സെൽഫ് ചെക്ക് മുഖേന പിൻവലിക്കുന്ന തുകകൾ സാംഖ്യ കാഷ് ബുക്കിൽ വരവായോ ചെലവായോ രേഖപ്പെടുത്തുന്നില്ല. ഇതിനാൽ സാംഖ്യ കാഷ് ബുക്കിലെ പ്രതിദിന നീക്കിയിരിപ്പിൽ കൗണ്ടർ കളക്ഷൻ തുക മാത്രമേ ഉൾപ്പെടുന്നുള്ളൂ. ഇത് നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമാണ് (കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 5(2)).

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (35/29.01.2020) മറുപടിയായി അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടിവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 ചെയർമാന്റെ ദുരിതാശ്വാസ നിധി - ബാങ്ക് അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

ചെയർമാന്റെ ദുരിതാശ്വാസ നിധിയുടെ വരവ് ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി കനറാ ബാങ്കിൽ 0723101066224 നമ്പറായി 30.08.2018 ന് അക്കൗണ്ട് തുറക്കുകയും ആയതിന്റെ ബാങ്ക് പാസ്സ്ബുക്ക് ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത അക്കൗണ്ട് 2018-19 ലെ നഗരസഭയുടെ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ബാങ്ക് പാസ്സ്ബുക്ക് പ്രകാരം ഇടപാടുകൾ നടന്നതായി കാണുന്നില്ല. ബാങ്ക് പാസ്ബുക്കിൽ നാളിതുവരെയുള്ള ഇടപാടുകൾ രേഖപ്പെടുത്തി ഓഡിറ്റിന് ലഭ്യമാക്കുന്നതിനും 2018-19 ലെ വാർഷിക കണക്കിൽ ടി അക്കൗണ്ട് ഉൾപ്പെടുത്താത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (08/22.01.2020) ന് മറുപടിയായി ടി അക്കൗണ്ടിൽ 2018-19 വർഷത്തിൽ ഇടപാടുകൾ നടന്നിട്ടില്ലെന്നും അക്കൗണ്ട് വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി നിർണ്ണയം - സഞ്ചയ ഡിമാന്റിലെ അപാകതകൾ

പുതിയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചത് സഞ്ചയ ഡിമാന്റിൽ രേഖപ്പെടുത്തിയതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. 2018-19 വർഷത്തിൽ കെട്ടിടനമ്പർ അനുവദിച്ച് വസ്തുനികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ ഏതാനും ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി സഞ്ചയ ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | കെട്ടിടനമ്പർ | കെട്ടിട ഉടമയുടെ പേര് |
|---|---|---|
| 1 | 19/94 എ മുതൽ ഇ | മോഹനൻ , വാഴയിൽ |

| | | |
|---|---|---|
| | വരെയുള്ള നമ്പറുകൾ | |
| 2 | 11/1034 എ1 മുതൽ എ 6 വരെ | ഡോ.എ.സി.സജീവ്, അശകത്തറ |
| 3 | 14/580 എ1 & എ2 | രമ്യ ശ്രീധരൻ, പ്ലാച്ചിക്കുാട്ടിൽ |
| 4 | 3/1015 എ1 മുതൽ എ4 വരെ | അബ്ദുൾ ജലീൽ, കാവൽ വളപ്പിൽ |
| 5 | 8/191 എ3 മുതൽ എ5 വരെ | സോമൻ & രാധിക |
| 6 | 10/241 എ1 മുതൽ എ3 വരെ | അബ്ദുൾ ഖാദർ, ആലിക്കപ്പീടികയിൽ |
| 7 | 12/320 ജെ1 മുതൽ ജെ5 വരെ | സുധീന്ദ്രൻ, കടവത്ത് |
| 8 | 11/752 എ1 മുതൽ എ3 വരെ | അബൂബക്കർ, തോട്ടുങ്ങൽ പീടികയിൽ |
| 9 | 2/77 എ1 മുതൽ എ4 വരെ | വിജയൻ,പൊലിയേടത്ത്,കുമരനെല്ലൂർ |
| 10 | 5/51 എ1 മുതൽ എ4 വരെ | ബഷീർ, കിണറാമാക്കൽ, കുമരനെല്ലൂർ |

2. നഗരസഭയിൽ 2018-19 വർഷത്തിൽ വസ്തുനികുതി നിർണ്ണയം നടത്തിയ ഏതാനും ഫയലുകൾ പരിശോധിച്ചതിൽ വസ്തുനികുതി നിർണ്ണയ പത്രിക (ഫോറം-6) പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിൽ നിന്നും വ്യത്യസ്തമായി സഞ്ചയയിൽ വസ്തുനികുതി കുറവായി രേഖപ്പെടുത്തിയിക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | കെട്ടിടം പൂർത്തീകരിച്ച തീയതി | വിസ്തീർണ്ണം | വസ്തുനികുതി ഫോറം6 പ്രകാരം (70രൂപ/ ച.മീ) +20% വർദ്ധനവ് | വസ്തുനികുതി സഞ്ചയ പ്രകാരം (40രൂപ/ ച.മീ.) |
|---|---|---|---|---|---|---|
| 1 | 8/191എ1 | സോമൻ & രാധിക, പുളിയത്ത് പറമ്പിൽ, മിണാലൂർ | 22-06-2018 | 184 ച.മീ. | 15456 | 8832 |
| 2 | 8/191എ2 | ,, | ,, | 222.97 ച.മീ | 18730 | 10703 |

മേൽ അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.51/30.01.2020) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി അടവാക്കിയ വിവരങ്ങൾ ഫയലിൽ ഇല്ല. 2018-19 ൽ വസ്തുനികുതി നിർണ്ണയിച്ച് നമ്പർ അനുവദിച്ച മുഴുവൻ കെട്ടിടങ്ങളും " സഞ്ചയ" യിൽ ഉൾപ്പെട്ടിട്ടുണ്ട് എന്നും കെട്ടിടവിവരങ്ങളും നികുതി നിർണ്ണയ വിവരങ്ങളും കൃത്യമാണ് എന്നും ഉറപ്പ് വരുത്തേണ്ടതും വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് ഈടാക്കേണ്ടതുമാണ്.

## 1-15 അനധികൃത കെട്ടിടങ്ങളിൽ നിന്നും മൊബൈൽ ടവറുകളിൽ നിന്നും നികുതി പിരിവ് കാര്യക്ഷമമല്ല.

വടക്കാഞ്ചേരി നഗരസഭയിൽ അനധികൃത കെട്ടിടങ്ങളുടെ റജിസ്റ്റർ പ്രകാരം 121 കെട്ടിടങ്ങളാണ് അനധികൃതമായുള്ളത്. 2015-16 വരെ അനധികൃതമായി കണ്ടെത്തിയ 26 കെട്ടിടങ്ങളുടെ നിയമലംഘനങ്ങളുടെ സ്വഭാവം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. മേൽ കെട്ടിടങ്ങളിൽ 26

കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.
അനധികൃത കെട്ടിടങ്ങളിലെ നികുതി പിരിവ് സഞ്ചയ യിൽ പരിശോധിച്ചതിൽ മിക്കവാറും കെട്ടിടങ്ങളിൽ നിന്നും നികുതി പിരിച്ചെടുത്ത വിവരങ്ങൾ ഇല്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | നികുതി അടച്ച വിവരങ്ങൾ |
|---|---|---|---|
| 1 | 17/61 A (UA) | നീരജ്, വട്ടംപറമ്പിൽ | 2016-17 ൽ അടച്ചു |
| 2 | 14/286 A (UA)/16 | സുലൈമാൻ ഭാര്യ സുഹറ, പൂവ്വത്തിങ്കൽ ഹൗസ് | അടച്ച വിവരങ്ങൾ ഇല്ല |
| 3 | 13/332 A (UA)/16 | സാറാമ്മ, പുത്തൻ പുരയിൽ | അടച്ച വിവരങ്ങൾ ഇല്ല. |

കേരള മുനിസിപ്പാലിറ്റി നിയമം അനുശാസിക്കും പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതും പൊളിച്ചു മാറ്റുന്നതു വരെയുള്ള വസ്തുനികുതി വീഴ്ച കൂടാതെ പിരിച്ചെടുക്കേണ്ടതുമാണ്.

<u>അനധികൃത മൊബൈൽ ടവർ കെട്ടിടങ്ങൾ</u>

ഓഡിറ്റിന് ലഭ്യമാക്കിയ പട്ടിക പ്രകാരം നഗരസഭ പരിധിയിൽ ഏകദേശം 30 ഓളം മൊബൈൽ ടവറുകൾ ഉണ്ടെങ്കിലും ഇവയിൽ 11 എണ്ണത്തിന് മാത്രമേ കെട്ടിടനമ്പർ നൽകി നികുതി നിർണ്ണയിച്ചതായി കാണുന്നുള്ളു. കെട്ടിട നമ്പർ ഇല്ലാത്ത മൊബൈൽടവറുകളിൽ നിയമാനുസൃതം ക്രമവത്ക്കരിക്കാൻ സാധിക്കുന്നവ ക്രമവത്ക്കരിച്ച് അധികൃതമാക്കേണ്ടതും അല്ലാത്തവയ്ക്ക് അനധികൃത കെട്ടിടങ്ങൾക്ക് ബാധകമായ രീതിയിൽ വസ്തുനികുതി നിർണ്ണയിച്ച് പിരിച്ചെടുക്കേണ്ടതുമാണ്.

## 1-16 വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

2018-19 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം ലൈബ്രറിസെസ് ഉൾപ്പെടെ തൻവർഷത്തെ വസ്തുനികുതിയിനത്തിൽ 38,96,800/- രൂപയും മുൻവർഷങ്ങളിലെ വസ്തുനികുതി കുടിശ്ശികയിനത്തിൽ 30,89,016/- രൂപയും പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല. കുടിശ്ശിക തുക കാലഹരണപ്പെടാതെ പിരിച്ചെടുക്കേണ്ടതാണ്. മേൽ വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 തൊഴിൽ നികുതി - കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

2018-19 സാമ്പത്തിക വർഷത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി (ട്രേഡ്രേഷ്) 1,17,831 രൂപ പിരിച്ചെടുക്കുവാനുണ്ട്. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പലതിലും ഡിമാന്റ് ചെയ്ത് കാണുന്നില്ല. തൊഴിൽ നികുതി അടവാക്കുന്നതിനായി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (32/28.1.2020) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2019-20 വർഷത്തിലെ ഡിമാന്റ് നോട്ടീസിൽ അറിയിപ്പ് നല്കി കുടിശ്ശിക പിരിച്ചെടുത്തു വരുന്നുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-18 വാടക - അപാകതകൾ

1. **<u>കുടിശ്ശിക പിരിച്ചെടുക്കാതെ അവശേഷിക്കുന്നത് – 17,40,119രൂപ</u>**

   2018-19 സാമ്പത്തിക വർഷത്തിൽ വാടക ഇനത്തിൽ 2,99,670 രൂപ പിരിച്ചെടുക്കുവാനുണ്ട്. വാടക കുടിശ്ശികയിനത്തിൽ 14,40,449 രൂപയും പിരിച്ചെടുക്കാനുണ്ട്. വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സൂക്ഷിക്കേണ്ട കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടില്ല. ഇതുസംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (32/28.1.2020) യ്ക്ക് മറുപടി ലഭ്യമാക്കിയത് ,2018-19 സാമ്പത്തിക വർഷത്തിലെ വാടക ഇനത്തിലും കുടിശ്ശിക ഇനത്തിലുമായി പിരിച്ചെടുക്കുവാനുള്ള തുകയിൽ 6,66,800 രൂപ പിരിച്ചെടുത്തിട്ടുണ്ട് എന്നാണ്. ബാക്കി തുക എത്രയും വേഗം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

b.**കടമുറികൾ വാടകയ്ക്ക് നല്കിയിട്ടില്ല**

2018-19 വാടക രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന മുറികൾ വാടകയ്ക്ക് നൽകിയതിന്റെയോ, വാടക ലഭിച്ചതിന്റെയോ വിവരങ്ങൾ രജിസ്റ്ററിൽ നിന്നും ലഭ്യമല്ല.

മുണ്ടത്തിക്കോട് മേഖല

| വാർഡ് നമ്പർ | കെട്ടിട നമ്പർ |
|---|---|
| 11 | 576C |
| 11 | 576E |
| 11 | 576F |
| 11 | 576G |
| 11 | 576H |
| 11 | 576J |
| 11 | 576K |

വടക്കാഞ്ചേരി മേഖല

| വാർഡ് നമ്പർ | കെട്ടിട നമ്പർ |
|---|---|
| 10 | 385 |
| 10 | 386 |
| 10 | 387 |
| 10 | 388 |
| 10 | 390 |
| 10 | 414 |
| 10 | 415 |
| 10 | 420 |
| 10 | 421 |
| 10 | 422 |
| 10 | 429 |
| 10 | 430 |
| 10 | 431 |
| 10 | 431D |
| 7 | 163A |
| 11 | 730 |
| 11 | 743 |
| 11 | 747 |
| 11 | 748 |
| 11 | 749 |
| 19 | 133C |

മുറികൾ വാടകയ്ക്ക് നൽകിയിട്ടില്ലങ്കിൽ, വാടകയ്ക്ക് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 കെട്ടിട നിർമ്മാണ അനുമതി രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ

കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്ററിൽ അപേക്ഷകളുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നത് പൂർണ്ണമല്ല. പെർമിറ്റ് രജിസ്റ്ററിൽ അപേക്ഷകന്റെ പേര്, അപേക്ഷ ലഭിച്ച തീയതി, അപേക്ഷ കൈകാര്യം ചെയ്യേണ്ട സെക്ഷന്റെ പേര് എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ ഉപയോഗക്രമം, നിലകളുടെ എണ്ണം, നിലകളുടെ വിസ്തീർണ്ണം, ഫ്ലോർ ഏരിയ റേഷ്യോ, അപേക്ഷ ഫീസ്, കെട്ടിട നമ്പർ ലഭിച്ച വിവരങ്ങൾ, പഴയ കെട്ടിടത്തിൽ കൂട്ടിച്ചേർക്കലുകൾ നടത്തുന്നതിനാണ് പെർമിറ്റ് എങ്കിൽ പഴയ കെട്ടിട നമ്പർ മുതലായവ കൂടി ചേർക്കുകയാണെങ്കിൽ പെർമിറ്റ് എടുത്ത ശേഷമുള്ള നടപടികൾ വളരെ എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം പെർമിറ്റ് എടുക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷകൾ തീർപ്പാക്കുമ്പോൾ പ്രസ്തുത ചട്ടങ്ങൾ അനുബന്ധം-ജെ ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ ഇത് സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും ക്രമവത്ക്കരണം സംബന്ധിച്ച് അനുബന്ധം-ഐ ലേത് പോലുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണെന്ന് അനുശാസിക്കുന്നുണ്ട്. എന്നാൽ നഗരസഭയിൽ ഇത് പാലിക്കുന്നില്ല.

ക്രമവത്ക്കരണത്തിനുള്ള അപേക്ഷകൾ പെർമിറ്റ് രജിസ്റ്ററിൽത്തന്നെയാണ് രേഖപ്പെടുത്തുന്നത്. ക്രമവത്ക്കരിച്ചു കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നില്ല. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-20 കളക്ഷൻ ചാർജ് ഈടാക്കേണ്ടതാണ്

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം(സെൻട്രൽ നിയമം) വകുപ്പുകൾ 3(1),(2) എന്നിവ പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനത്തിൽ കുറയാത്ത തുക ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. വകുപ്പ് 3(3) അനുസരിച്ച് ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. അസിസ്റ്റന്റ്എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിപ്രവർത്തനങ്ങളുടെ ഭാഗമായി 2018-2019 വർഷത്തിൽ ഇപ്രകാരം ബോർഡിലേക്ക് ബില്ലുകളിൽ നിന്നും ഈടാക്കി അടവാക്കിയ ആകെ തുകയുടെ 1% കളക്ഷൻചാർജ് ഇനത്തിൽ നഗരസഭ ഫണ്ടിൽ വരവ് വെയ്ക്കാം എന്നിരിക്കെ തുകയൊന്നും വരവ് വെച്ചിട്ടില്ല. ആയത് ബോർഡിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.
തൻവർഷം ഈടാക്കിയ മുഴുവൻ തുകകളും അടവാക്കിയതിന്റെ വിശദാംശങ്ങൾ നിരീക്ഷിക്കാൻ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല . ക്ഷേമനിധിബോർഡിന്റെ കൈപ്പറ്റ് രശീതിയും ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ക്ഷേമനിധിബോർഡിന്റെ കൈപ്പറ്റ് രശീതി ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും ട്രഷറിയിൽ തിരിച്ചടയ്ക്കുന്നില്ല.

1994 ലെ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 48(3) പ്രകാരം നഗരസഭ സെക്രട്ടറിക്ക് കൊടുക്കുന്ന മുഴുവൻ ശമ്പളവും അലവൻസുകളും അവധിക്കാല ശമ്പളത്തിനും പെൻഷനും ആവശ്യമുള്ളിടത്തോളം ഉള്ള അംശാദായങ്ങളും മുനിസിപ്പാലിറ്റി സംസ്ഥാന ഫണ്ടിലേക്ക് മാസം തോറും അടയേക്കണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. 2018-19 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ ഇപ്രകാരം സെക്രട്ടറിയുടെ ശമ്പളവും അലവൻസുകളും ട്രഷറിയിലേക്ക് തിരിച്ചടവാക്കിയതായി കാണുന്നില്ല. ആയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.20/24.01.2020) മറുപടിയായി നഗരസഭ സെക്രട്ടറിമാരുടെ 03/18 മുതൽ 11/2019 വരെ ഇനത്തിൽ 9,48,794/- രൂപ അടവാക്കാനുള്ളതായും ആയത് നഗരസഭ തനത് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തിരിച്ച് അടവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

## 1-22 ശമ്പള പരിഷ്ക്കരണ കുടിശ്ശിക -പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല.

നഗരസഭ ജീവനക്കാരുടെയും, മുൻ പഞ്ചായത്ത് ജീവനക്കാരുടെയും, വിരമിച്ച മുൻ പഞ്ചായത്ത് ജീവനക്കാരുടെയും 2014ലെ ശമ്പള പരിഷ്ക്കരണ കുടിശ്ശികയുടെ മൂന്നും, നാലും ഗഡു ജീവനക്കാർക്ക് 2018-19 വർഷത്തിൽ നൽകിയപ്പോൾ ഇതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ലാത്തതാണ്(കേരള മുൻസിപ്പാലിറ്റി എംപ്ലോയിസ് ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ് റൂൾസ് 1996, ചട്ടം-7(2) പ്രകാരം). ഈ തുക ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കി ആയതിന്റെ രേഖ ഓഡിറ്റിന് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.42/29-01-2020)

## 1-23 ദിവസവേതന ഡ്രൈവർമാർക്ക് അധിക വേതനം നൽകിയത്

സർക്കാർ ഉത്തരവ് (അച്ചടി)നം.56/2017/ധന. തീയതി 28.04.2017, സ.ഉ.(അച്ചടി)നം.112/2018/ധന. തീയതി.21.07.18 (01.07.2018 മുതൽ പ്രാബല്യം) എന്നീ സർക്കാർ ഉത്തരവ് പ്രകാരം ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർക്ക് യഥാക്രമം പരമാവധി 18,450 രൂപയും, 18,900 രൂപയും ആണ് വേതനമിനത്തിൽ പ്രതിമാസം അനുവദിക്കാവുന്നത്. എന്നാൽ വടക്കാഞ്ചേരി നഗരസഭയിൽ ദിവസവേതനാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന ഡ്രൈവർമാർക്ക് അനുവദനീയ പരിധിയിൽ അധികമായി വേതനം അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പേര് | വൗച്ചർനം./ തീയതി | അനുവദിക്കാവുന്ന | അനുവദിച്ച തുക | അധികമായി അനുവദിച്ച |
|---|---|---|---|---|
| | | | | |

| | | തുക | | തുക |
|---|---|---|---|---|
| രവീന്ദ്രൻ.എം.എസ്. | 2180006/03.04.18 | 18450 | 21235 | 2785 |
| | 21800105/02.05.18 | 18450 | 20550 | 2100 |
| | 21800201/01.06.18 | 18450 | 21235 | 2785 |
| | 21800328/05.07.18 | 18450 | 20550 | 2100 |
| | 21800410/01.08.18 | 18900 | 20300 | 1400 |
| | 21800519/23.08.18 | 18900 | 21700 | 2800 |
| | 21800601/01.10.18 | 18900 | 21000 | 2100 |
| | 21800662/01.11.18 | 18900 | 21700 | 2800 |
| | 21800779/01.12.18 | 18900 | 21000 | 2100 |
| | 21800862/01.01.19 | 18900 | 21700 | 2800 |
| | 21801137 /01.02.19 | 18900 | 20300 | 1400 |
| | 21801233 /02.03.19 | 18900 | 19600 | 700 |
| | | | | 25870 |
| വിനോജ് | 2180006/03.04.18 | 18450 | 21235 | 2785 |
| | 21800105/02.05.18 | 18450 | 20550 | 2100 |
| | 21800201/01.06.18 | 18450 | 21235 | 2785 |
| | 21800328/05.07.18 | 18900 | 20550 | 1650 |
| | 21800410/01.08.18 | 18900 | 21700 | 2800 |
| | 21800519/23.08.18 | 18900 | 21000 | 2100 |
| | 21800601/01.10.18 | 18900 | 21000 | 2100 |
| | 21800662/01.11.18 | 18900 | 21700 | 2800 |
| | 21800779/01.12.18 | 18900 | 21000 | 2100 |
| | 21800862/01.01.19 | 18900 | 21700 | 2800 |
| | 21801137 /01.02.19 | 18900 | 20300 | 1400 |
| | 21801233 /02.03.19 | 18900 | 19600 | 700 |
| | | | | 26120 |
| അബ്ദുൾ അസീസ് | 2180006/03.04.18 | 18450 | 21235 | 2785 |
| | 21800105/02.05.18 | 18450 | 20550 | 2100 |
| | 21800201/01.06.18 | 18450 | 21235 | 2785 |
| | 21800328/05.07.18 | 18450 | 0 | 0 |
| | 21800410/01.08.18 | 18900 | 0 | 0 |
| | 21800519/23.08.18 | 18900 | 0 | 0 |
| | 21800601/01.10.18 | 18900 | 21000 | 2100 |
| | 21800662/01.11.18 | 18900 | 21700 | 2800 |
| | 21800779/01.12.18 | 18900 | 21000 | 2100 |
| | 21800862/01.01.19 | 18900 | 21700 | 2800 |
| | 21801137 /01.02.19 | 18900 | 20300 | 1400 |
| | 21801233 /02.03.19 | 18900 | 19600 | 700 |
| | | | | 19570 |
| | | | ആകെ | 71560 |

സർക്കാർ ഉത്തരവ് (അച്ചടി)നം.56/2017/ധന. തീയതി 28.04.2017, ഖണ്ഡിക (5) പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർക്ക് മാസത്തിലെ എല്ലാ ദിവസവും വകുപ്പ് തലവന്റെ നിർദ്ദേശാനുസരണം ഔദ്യോഗിക കൃത്യനിർവ്വഹണം വഹിക്കേണ്ടി വരികയാണെങ്കിൽ ആ ദിവസങ്ങളിലെ അധിക ദിവസവേതനത്തിന് വകുപ്പ് മേധാവിയുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മാത്രം അർഹതയുണ്ടായിരിക്കും എന്നും ഇക്കാര്യത്തിൽ വകുപ്പ് മേധാവി പൂർണ്ണ ഉത്തരവാദിയായിരിക്കും എന്നും വ്യവസ്ഥയുണ്ടെങ്കിലും ഇപ്രകാരം വകുപ്പ് മേധാവിയുടെ സാക്ഷ്യപത്രം വൗച്ചറിൽ ഇല്ല. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 6, 27/01/2020) സാക്ഷ്യപത്രം ബന്ധപ്പെട്ട ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയെങ്കിലും ആയത് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. തൃപ്തികരമായ വിശദീകരണത്തിന്റെയും സാക്ഷ്യപത്രത്തിന്റെയും അഭാവത്തിൽ ചെലവ് തുകയായ 71,560 രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 നികുതിപിരിവ്- താല്ക്കാലിക ജീവനക്കാരുടെ നിയമനകാലയളവ് ദീർഘിപ്പിച്ചതിന് സർക്കാർ അനുമതി ലഭിച്ചില്ല

വടക്കാഞ്ചേരി നഗരസഭയിലെ ജീവനക്കാരുടെ അപര്യാപ്തത കാരണം പുതിയ നിരക്കിലുള്ള നികുതി പിരിച്ചെടുക്കുന്നതിന് സാധിച്ചിട്ടില്ല എന്നും ആയതിനാൽ കെട്ടിടനമ്പറിംഗിനും, നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനുമായി 22 താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് അനുമതിയ്ക്കായി 05-06-2017-ലെ ജെ1-5796/17 നമ്പർ കത്തുപ്രകാരം (നഗരസഭ കൗൺസിൽ തീരുമാനം നം.8/28-06-2017) സർക്കാരിനോട് അഭ്യർത്ഥിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 31-10-2017ലെ സ.ഉ.(സാധാ)നം.3477/2017/തസ്വഭവ ഉത്തരവ് പ്രകാരം 22 താല്ക്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നല്കുകയും ഉണ്ടായി. പ്രസ്തുത സർക്കാർ ഉത്തരവു പ്രകാരം 01-03-2018 ന് നിയമിച്ച ജീവനക്കാരുടെ സേവനം 25-01-2019 ലെ നഗരകാര്യ ഡയറക്ടറുടെ ഇ7-2367/2018 നമ്പർ ഉത്തരവു പ്രകാരം മൂന്നുമാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ചു നല്കിയിട്ടുള്ളതുാണ്. ആയതു പ്രകാരം ഇവരുടെ സേവന കാലയളവ് 30-11-2018 ന് അവസാനിക്കേണ്ടതായിരുന്നു. എന്നാൽ പ്രസ്തുത ജീവനക്കാരുടെ സേവനം നിലവിലും തുടരുന്നതായും, 2019 ഡിസംബർ മാസം വരെ (ചെക്ക് നം.1612588/07-01-2020 തുക:₹1,96,475/-) ശമ്പളം നല്കിയിരിക്കുന്നതായി ഫയൽ നം. R(1)a3-4383/17&R3(R1)5323/18 എന്നിവ പരിശോധിച്ചതിൽ കാണുന്നു. 2018-19 വർഷത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| മാസം | വൗച്ചർ നം./തിയ്യതി | തുക |
|---|---|---|
| 03/2018 | 21800032/15-04-18 | 3,10,980 |
| 04/2018 | 21800119/04-05-18 | 2,43,530 |
| 05/2018 | 21800209&21800210/04-06-18 | 2,73,350 |
| 06/2018 | 21800322/04-07-18 | 2,54,370 |
| 07/2018 | 21800421/03-08-18 | 2,91,100 |
| 08/2018 | 21800557/05-09-18 | 1,81,550 |
| 09/2018 | 21800654/23-10-18 | 2,03,000 |
| 10/2018 | 21800683/05-11-18 | 4,64,725 |
| 11/2018 | 21800787&788/05-12-18 | 2,97,865 |
| Fest.Allow. | 21800786/05-12-18 | 16,940 |
| 12/2018 | 21800935/05-01-19 | 2,37,800 |
| 01/2019 | 21801148/06-02-19 | 2,33,450 |
| 02/2019 | 21801236&1237/02-03-19 | 2,44,325 |
| ആകെ | | 32,52,985 |

മേൽ വിവരിച്ച താല്ക്കാലിക ജീവനക്കാർ ഇപ്പോഴും തുടരുന്ന അവസ്ഥയിൽ, ഇവരുടെ സേവനകാലാവധി ദീർഘിപ്പിച്ചുനല്കിയ സർക്കാർ ഉത്തരവ് പരിശോധനയ്ക്ക് ആവശ്യപ്പെട്ടുകൊണ്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കുകയുണ്ടായില്ല. താല്ക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച 15-03-18ലെ WP(C)3182/18 നമ്പർ കോടതി ഉത്തരവും ബന്ധപ്പെട്ട ഫയലും പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയതും ഹാജരാക്കിയിട്ടില്ലാത്തതാണ്. പുതിയ നിരക്കിലുള്ള നികുതി പിരിച്ചെടുക്കുന്നതിന്റേയും, കെട്ടിടനമ്പറിംങ്ങ്, നികുതിപിരിവ് പുരോഗതി എന്നിവ സംബന്ധിച്ച നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുനല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കുകയുണ്ടായില്ല. 2018-19 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം 31-03-2019ന് ₹69,85,816/- വസ്തുനികുതി കുടിശ്ശികയായി പിരിച്ചെടുക്കുന്നതിന് അവശേഷിക്കുന്നു.

മേൽ വിവരിച്ച താല്ക്കാലിക ജീവനക്കാരുടെ സേവനകാലാവധി ദീർഘിപ്പിച്ചു നല്കിയ സർക്കാർ ഉത്തരവ് ഹാജരാക്കുന്നതു വരെ സർക്കാർ അനുമതിയില്ലാതെ ശമ്പളം നല്കിയ 01-12-2018 മുതൽ 28-02-2019 വരെയുള്ള കാലയളവിലെ മൂന്നു മാസത്തെ ശമ്പളം ₹7,15,575/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.7/21-01-2020)

## 1-25 ദിവസവേതന നിയമനങ്ങൾക്ക് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല

31-10-2017ലെ സർക്കാർ ഉത്തരവ് (സാധാ) നം.3477/2017/ത.സ്വ.ഭ.വ പ്രകാരം നിയമിതരായ താല്ക്കാലിക ജിവനക്കാരെ കൂടാതെ വിവിധ തസ്തികകളിലായി ഓഡിറ്റു വർഷം താഴെ പറയുന്ന പന്ത്രണ്ടോളം താല്ക്കാലിക ജീവനക്കാർ നഗരസഭയിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇവരുടെ നിയമനം സംബന്ധിച്ച സർക്കാർ

ഉത്തരവ് പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഹാജരാക്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | പേര് | തസ്തിക |
|---|---|---|
| 1 | ശ്രീമതി. നിഷ | ഡാറ്റ എൻട്രി |
| 2 | ശ്രീമതി.ഗീതു | ,, |
| 3 | ശ്രീമതി.ശാഖി | ,, |
| 4 | ശ്രീമതി.മേരീസ് | കിയോസ്ക്ക് മെസ്സൻജർ |
| 5 | ശ്രീമതി.സീമ | ,, |
| 6 | ശ്രീമതി.സിന്ധു സോമൻ | വർക്കർ |
| 7 | കുമാരി.ഫരീബ ഫരീദ് | ക്ലർക്ക് |
| 8 | ശ്രീ.സുബി സൈമൺ | ഓവർസിയർ Gr.III |
| 9 | ശ്രീ. അനുരാജ് കെ.ജി | ജെ.എച്ച്.ഐ Gr.II |
| 10 | ശ്രീ.രവീന്ദ്രൻ | ഡ്രൈവർ |
| 11 | ശ്രീ.വിനോജ് | ഡ്രൈവർ |
| 12 | ശ്രീ.അബ്ദുൾ അസീസ് | ഡ്രൈവർ |

മേൽ ജീവനക്കാരിൽ ജെ.എച്ച്.ഐ Gr.II, ഡ്രൈവർ എന്നിവരുടെ ഓരോ ഒഴിവുകൾക്കു മാത്രമേ നിലവിൽ അംഗീകാരമുള്ളൂ. വടക്കാഞ്ചേരി, മുണ്ടത്തിക്കോട് എന്നീ പഞ്ചായത്തുകൾ കൂട്ടിച്ചേർത്ത് രൂപം കൊണ്ടിട്ടുള്ള ഈ നഗരസഭയിൽ നിലവിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്റ്റാഫ് പാറ്റേൺ അപര്യാപ്തമായതിനാൽ നഗരസഭയുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിനാണ് മേൽ പ്രകാരം നിയമനം നടത്തിയിട്ടുള്ളത് എന്ന് എക്സിറ്റ് മീറ്റിംഗിൽ നഗരസഭ അധികാരികൾ വ്യക്തമാക്കി.

ജി.ഒ (എം.എസ്) നം.109/2016/തസ്വഭവ തീ.5/08/16 പ്രകാരം നഗരസഭയ്ക്കു റഗുലർവിഭാഗത്തിൽ 24 ഉം കണ്ടിജന്റ് വിഭാഗത്തിൽ 23ഉം തസ്തികകൾ അംഗീകരിച്ചു നൽകിയിട്ടുണ്ട്. ഇതിനു പുറമേയാണ് മേൽപ്രകാരം താത്ക്കാലിക നിയമനം നടത്തിയിട്ടുള്ളത്. 26/2/2016 തീയ്യതിയിലെ സ.ഉ.(പി) നം.28/2016/ധന ഉത്തരവിൽ ദിവസ വേതന/കരാർനിയമനങ്ങൾ സർക്കാരിന്റെ മുൻകൂർ അനുമതിയോടെ മാത്രമേ നടത്താവൂ എന്നും ഇത്തരത്തിൽ 179 ദിവസത്തേക്ക് മാത്രമേ തുടർച്ചയായി നിയമനം നടത്താവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. തുടർന്ന് ധനവകുപ്പ് 11/01/2019 ൽ പുറപ്പെടുവിച്ച 03/2019/ധന സർക്കുലറിൽ ഈ ഉത്തരവ് കർശനമായി പാലിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭ മേൽ പ്രകാരമുള്ള താത്ക്കാലിക നിയമനങ്ങൾക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശ പ്രകാരം താത്ക്കാലിക നിയമനങ്ങൾക്ക് അംഗീകാരം നേടുന്നതിനും, നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സേഞ്ച് മുഖേന നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്കും അധികാരികളുടെ സത്വര ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.43/29-01-2020)

## 1-26 പത്രപ്പരസ്യ ചാർജ്ജ് - ഡിസ്കൗണ്ട് ലഭിച്ചില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 -എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൌണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നഗരസഭയിൽ 2018-19 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൌണ്ട് അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വൌച്ചർ നം./ തീയതി | തുക | ചെക്ക് നം./ തീയതി | പത്രം |
|---|---|---|---|
| 21800029/05.04.18 | 6048 | 006161/05.04.18 | |

| | | | |
|---|---|---|---|
| | | | ദേശാഭിമാനി |
| 21800298/02.07.18 | 34776 | 237301/02.07.18 | ദേശാഭിമാനി |
| 21800299/02.07.18 | 13524 | 237302/02.07.18 | ജനയുഗം |
| 21801158/08.02.19 | 15876 | 565864/08.02.19 | ദേശാഭിമാനി |
| 21801157/08.02.19 | 6552 | 565863/08.02.19 | മാതൃഭൂമി |
| 21801523/23.03.19 | 7056 | 662103/23.03.19 | ദേശാഭിമാനി |
| ആകെ | 83832 | | |

സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൌണ്ട് അനുവദിച്ചു കിട്ടുന്നതിന് നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. പത്രം ആവശ്യപ്പെട്ടതു പ്രകാരമുള്ള തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-27 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

താഴെ പറയുന്ന ചെലവുകളുമായി ബന്ധപ്പെട്ട ചെലവ് രേഖകൾ (നിർവ്വഹണ ഉദ്യോഗസ്ഥന്റെ റിക്വിസിഷൻ, കൈപ്പറ്റ് രസീത് മുതലായവ) വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടില്ല. ടി തുകകൾ പിൻവലിച്ചിരിക്കുന്നത് എന്താവശ്യത്തിനാണെന്നോ,തുക ചെലവഴിച്ച വിവരങ്ങളോ വ്യക്തമല്ല. ചെലവു രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

| വൗച്ചർ നമ്പർ / തീയതി | വിവരണം | തുക | ഗുണഭോക്താവിന്റെ പേര് |
|---|---|---|---|
| 21800377/30.03.19 | സമൃദ്ധ ഡി.ഡബ്യൂ.എസ്.എസ് | 16,000/- | ഗ്രൗണ്ട് വാട്ടർ അതോറിറ്റി |
| 21800378/30.03.19 | പരുത്തിപ്ര ഡി.ഡബ്യൂ.എസ്.എസ് | 54,000/- | ഗ്രൗണ്ട് വാട്ടർ അതോറിറ്റി |
| 21800384/30.03.19 | വാർഡ് 3 ചെറുകിട റോഡ് | 1,00,000/- | ശ്രിതിൻ (അക്കൗണ്ട് നം. 15650100065387) |
| | ആകെ | 1,70,000/ | |

ചെലവു രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ മേൽ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 കെ.എസ്.ഇ.ബി.യിൽ വിവിധ പ്രവൃത്തികൾക്കായി മുൻകൂർ നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

തനത് ഫണ്ട് വൗച്ചറുകൾ പ്രകാരം താഴെ പറയുന്ന പ്രവൃത്തികൾക്ക് കെ.എസ്.ഇ.ബി.യിൽ മുൻകൂറായി തുക ഒടുക്കിയിട്ടുള്ളതാണ്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

| ക്രമ നം | വിവരണം | ഫയൽ നമ്പർ | വൗച്ചർ നമ്പർ | തുക |
|---|---|---|---|---|
| 1 | മിണാലൂർ സബ്-വേ തെരുവു വിളക്കുകൾക്ക് വൈദ്യുതി കണക്ഷൻ എ.ഇ, കെ.എസ്.ഇ.ബി. മെഡിക്കൽ കോളേജ് | PW1-12616/18 | 21800854/ 21-12-18 | 26,429 |
| 2 | 17-ാം നമ്പർ ഡിവിഷൻ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, എ.ഇ, കെ.എസ്.ഇ.ബി. വടക്കാഞ്ചേരി | PW1-14742/18 | 21800855/ 27-12-18 | 14,742 |
| 3 | മിണാലൂർ അങ്കണവാടിയിലേക്കുള്ള സർവ്വീസ് കൺക്ഷൻ | PW1-9090/18 | 21801340/ 13-03-19 | 15,340 |

| | | | | |
|---|---|---|---|---|
| | എ.ഇ, കെ.എസ്.ഇ.ബി, എം.ജി.കാവ് | | | |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവുചെയ്ത ₹56,511/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (**ഓഡിറ്റ് എൻകചയറി നം.45/29-01-2020)**

## 1-29 പൊതുടാപ്പുകളുടെ വെള്ളക്കരം, മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ്ജ്

**പൊതുടാപ്പുകളുടെ വെള്ളക്കരം**

നഗരസഭയിൽ 386 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം₹2,53,602/- കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിവരുന്നുണ്ട്. പ്രവർത്തനക്ഷമമായ പൊതുടാപ്പുകളുടെ എണ്ണം കണക്കാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുമായി പന്ത്രണ്ട് നഗരസഭ ഡിവിഷനുകളിൽ സംയുക്തപരിശോധന പൂർത്തീകരിച്ചതായി ഓഡിറ്റ് എൻകചയറിയ്ക്ക് മറുപടി നല്കിയിട്ടുള്ളതാണ്. ബാക്കി ഡിവിഷനുകളിൽ സംയുക്തപരിശോധന നടത്തി ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**തെരുവ് വിളക്കുകളുടെ വൈദ്യുതചാർജ്ജ്**

മീറ്റർ ഘടിപ്പിക്കാത്ത തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജായി, ഇലക്ട്രിക്കൽ സെക്ഷൻ വടക്കാഞ്ചേരി കൺസ്യൂമർ നം. 115683500629, ഇലക്ട്രിക്കൽ സെക്ഷൻ മെഡിക്കൽ കോളേജ് കൺസ്യൂമർ നം. 1157145001304 എന്നിവ പ്രകാരം പ്രതിമാസം യഥാക്രമം ₹59,493/- ₹1,33,695/- അടച്ചുവരുന്നു. പ്രസ്തുത കൺസ്യൂമർ നമ്പരുകളിൽ മീറ്റർ ഘടിപ്പിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും, ആയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-30 പി.എം.എ.വൈ പദ്ധതി നിർവ്വഹണം - നിരീക്ഷണങ്ങൾ

1. പദ്ധതിക്കായി ലഭിക്കുന്ന വിവിധ ഇനം ഫണ്ടുകളുടെ പ്രത്യേക കണക്കുകൾ ലഭ്യമല്ല

പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിക്കായി കനറാ ബാങ്ക്, വടക്കാഞ്ചേരി ശാഖയിലുള്ള 0723101065717 നമ്പർ അക്കൗണ്ടിലാണ് നിലവിൽ കേന്ദ്ര, സംസ്ഥാന, തദ്ദേശഭരണ സ്ഥാപന വിഹിതങ്ങൾ നിക്ഷേപിച്ചുവരുന്നത്. ഓരോ വർഷത്തേയും ഈ വിഹിതങ്ങളുടെ മുൻബാക്കി, വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ സംബന്ധിക്കുന്ന കൃത്യമായ കണക്കുകൾ നഗരസഭ സൂക്ഷിക്കുന്നതായി കാണുന്നില്ല. ഉദാഹരണത്തിന്, കേന്ദ്രാവിഷ്കൃത പദ്ധതിവിഹിതമായി ലഭിക്കുന്ന തുകകളുടെ കണക്കുകൾ സംബന്ധിച്ച 320100100 നമ്പർ അക്കൗണ്ട് ശീർഷകത്തിന്റെ ലെഡ്ജർ പ്രകാരം പി.എം.എ.വൈ പദ്ധതിക്ക് കേന്ദ്രവിഹിതമായി ലഭിച്ച 9,41,07,920/- രൂപയും സെക്രട്ടറി നിർവ്വഹണം നടത്തിയ ഭവനനിർമ്മാണം പദ്ധതി (S0450/10) വിഹിതമായി 36,59,800/- രൂപയും, ഹെൽത്ത് ഓഫീസർ (മുൻസിപ്പാലിറ്റി) നിർവ്വഹണം നടത്തിയ പാർപ്പിടം പി.എം.എ.വൈ.ലൈഫ് പദ്ധതി ജനറൽ (പ്രോജക്ട് നം.71/2019)വിഹിതമായി ₹10,00,000/- (വൗച്ചർ നം.21800985/14-09-18) പാർപ്പിടം പി.എം.എ.വൈ.ലൈഫ് പദ്ധതി എസ്.സി (പ്രോജക്ട് നം.331/2019)വിഹിതമായി ₹1,00,00,000/- (വൗച്ചർ നം.21800954/16-07-18:-₹50,00,000/- & വൗച്ചർ നം.21800984/14-09-18:-₹50,00,000/-) മേൽപറഞ്ഞ അക്കൗണ്ടിൽ നിക്ഷേപമായി വന്നിട്ടുണ്ട്. എന്നാൽ, ഈ തുകയിൽ നിന്ന് എത്ര ചെലവഴിച്ചിട്ടുണ്ടെന്നോ, എത്ര നീക്കിയിരിപ്പുണ്ടെന്നോ കാണിക്കുന്ന കണക്കുകൾ ലഭ്യമല്ല. അതുപോലെ, 2018-19 വർഷത്തെ ആകെ പി.എം.എ.വൈ കേന്ദ്രവിഹിത ചെലവായി 320100100 നമ്പർ ലെഡ്ജറിൽ 31.03.19 ന് 9,42,13,947/- രൂപ ചേർത്തിട്ടുണ്ട്. എന്നാൽ, ഈ തുകയെ സാധൂകരിക്കുന്ന വർക്ക് ഷീറ്റോ പത്രികകളോ ലഭ്യമല്ല. 31.03.2019 ലെ ബാങ്ക് നീക്കിയിരിപ്പിൽ ഓരോ ഇനം ഫണ്ടും എത്ര വീതമുണ്ടെന്നും വ്യക്തമല്ല.

2. NEFT റിട്ടേൺ തുകകളുടെ കണക്ക് സംബന്ധിച്ചുള്ള അവ്യക്തത

കനാറാ ബാങ്ക് അക്കൗണ്ടിൽ നിന്നും പദ്ധതി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ധനസഹായം ട്രാൻസ്ഫർ ചെയ്യുന്നതിനായി നൽകുന്ന ചെക്ക് തുകകളും ബാങ്ക് അക്കൗണ്ടുകളിൽ നിന്ന് ഡെബിറ്റ് ചെയ്യപ്പെടുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

| മേഖല | ചെക്ക് നമ്പർ, തിയ്യതി | തുക | ബാങ്ക് ഡെബിറ്റ് | വ്യത്യാസം |
|---|---|---|---|---|

| | | | ചെയ്ത തുക | |
|---|---|---|---|---|
| മുണ്ടത്തിക്കോട് | 760722 / 23.08.18 | 11,70,000/- | 9,60,000/- | 2,10,000/- |
| മുണ്ടത്തിക്കോട് | 383043 / 01.11.18 | 10,50,000/- | 10,20,000/- | 30,000/- |
| വടക്കാഞ്ചേരി | 637163 / 01.02.19 | 8,10,000/- | 7,50,000/- | 60,000/- |

അക്കൗണ്ട് നമ്പർ, IFSC കോഡ് എന്നിവയിലുള്ള വ്യത്യാസങ്ങളാൽ ഏതെങ്കിലും ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് തുക ട്രാൻസ്ഫർ ചെയ്യാൻ സാധിക്കാതെ വരുമ്പോൾ ബാക്കിയുള്ള ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന തുക മാത്രമാണ് ബാങ്ക് അക്കൗണ്ടിൽ നിന്ന് ഡെബിറ്റ് ചെയ്യപ്പെടുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിശദീകരണം നൽകിയിട്ടുണ്ട്. എന്നാൽ, ഏതൊക്കെ ഗുണഭോക്താക്കളുടെ തുകകളാണ് ഇപ്രകാരം മടങ്ങിയെന്നതിനോ ഇവർക്ക് വീണ്ടും തുക നൽകിയതിനോ ഫയലിൽ രേഖകൾ ലഭ്യമല്ല.
മേൽ സൂചിപ്പിച്ച രീതിയിൽ കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി- പണി ആയുധങ്ങൾ വാങ്ങൽ -അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ: സെക്രട്ടറി
പദ്ധതി നമ്പർ : S0398/19

അടങ്കല് : 9,45,618/-

ഫണ്ട് : വികസനഫണ്ട് (പൊതുവിഭാഗം)

ചെലവ് : 8,59,250/-

ട്രഷറി ബിൽ : 56/18-19 dt. 23.01.19

എ) സ.ഉ(കൈ) നം. 216/17/തസ്വഭവ തി. 03.11.17 പ്രകാരമുള്ള AUEG സ്കീമിന്റെ പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങളുടെ ഖ.7.5.7 പ്രകാരം പ്രവൃത്തി ചെയ്യുന്നതിനാവശ്യമായ പണിയായുധങ്ങൾ തൊഴിലാളികൾ തന്നെ കൊണ്ടുവരേണ്ടതുണ്ട്. അല്ലെങ്കിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പുപദ്ധതിയുടെ ജില്ലാകോർഡിനേറ്റർ നിശ്ചയിച്ചുനൽകുന്ന വാടക പ്രകാരം പണിയായുധങ്ങൾ വാടകക്കെടുക്കുന്ന സമ്പ്രദായവും സ്വീകരിക്കാവുന്നതാണ്. പകരം, ഓഡിറ്റ് വർഷത്തിൽ വാർഷികപദ്ധതിയുടെ ഭാഗമായി പണിയായുധങ്ങൾ വാങ്ങി നൽകുകയെന്ന രീതിയാണ് നഗരസഭ അവലംബിച്ചിട്ടുള്ളത്. ഇത് സ്വീകാര്യമായ നടപടിയല്ലെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് (14/23.01.2020) നൽകിയ മറുപടിയിൽ നഗരസഭക്ക് അനുവദിച്ച ശുചീകരണതൊഴിലാളികളുടെ ആവശ്യത്തിലേക്കാണ് പണിയായുധങ്ങൾ വാങ്ങിയതെന്ന് വിശദീകരണം നൽകിയിട്ടുണ്ട്. എന്നാൽ, 20.12.2018 ലെ 2- ാം നമ്പർ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം, 28.12.2018 ലെ നഗരസഭ കൗൺസിൽ 3(3) നമ്പർ തീരുമാനം എന്നിവയിലെല്ലാം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്കായി പണിയായുധങ്ങൾ വാങ്ങൽ എന്ന് തന്നെയാണ് കാണുന്നത്. ശുചീകരണതൊഴിലാളികളുടെ നിയമന നടപടികൾ പൂർത്തിയായിട്ടുമില്ല. ആയതിനാൽ, ഓഡിറ്റ് എൻക്വയറിക്ക് നൽകിയ വിശദീകരണം തൃപ്തികരമല്ല.

ബി) പദ്ധതി രൂപീകരണ ഫോറത്തിലെ വിവരങ്ങൾ പ്രകാരം പദ്ധതി ഉൾപ്പെട്ടിട്ടുള്ള മേഖല, ഉപമേഖല വിവരങ്ങൾ നടപ്പിലാക്കിയ പദ്ധതിയുമായി യോജിക്കുന്നില്ല. പ്രസക്തവിവരങ്ങൾ താഴെകൊടുക്കുന്നു.

| മുഖ്യമേഖല | പശ്ചാത്തലം |
|---|---|
| മേഖല | 03 (ഉല്പാദനമേഖലകളിൽ ഉൾപ്പെടാത്ത പൊതുകെട്ടിടങ്ങൾ) |
| ഉപമേഖല | 01 (തദ്ദേശഭരണസ്ഥാപന ഓഫീസ് കെട്ടിടം) |

മേൽസൂചിപ്പിച്ച കാരണങ്ങളാൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അനുമതിയില്ലെന്ന് കാണുന്നു. ആയതിനാൽ 8,59,250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 വിവിധ തീരുമാനങ്ങൾ - ഫയൽ/രേഖകൾ ഹാജരാക്കിയിട്ടില്ല

1) 11.12.18 ലെ തീരുമാനം നമ്പർ -11

നഗരസഭയും വ്യവസായ വകുപ്പും സംയുക്തമായി നിർമ്മിക്കുന്ന കുമ്പളങ്ങാട് പി.പി.പി. മോഡൽ വ്യവസായ സമുച്ചയ നിർമ്മാണ പ്രവർത്തനങ്ങൾ – പ്ലാൻ, എസ്റ്റിമേറ്റ് തുടർനടപടികൾ സംബന്ധിച്ച് വിയോജനക്കുറിപ്പ് കാണുന്നു. മാലിന്യങ്ങൾ ശേഖരിക്കുന്നതിന് വേണ്ടിയാണ് ഈ സ്ഥലം എന്നും ഇവിടെ വ്യവസായ സമുച്ചയം കെട്ടിടപ്രവർത്തനം നടത്തേണ്ടതില്ല എന്നും പറയുന്നു. ആയതിന്റെ നിജസ്ഥിതി പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കിയിട്ടില്ല.

2. 11.12.18 ലെ തീരുമാനം നമ്പർ -8

ഉത്രാളിക്കാവ് പൂരത്തിന് വിവിധ ഇനത്തിൽ ചെലവായ 1,11,470/- രൂപ ശുചിത്വമിഷന്റെ ഐ.ഇ.സി ഫണ്ടിൽ നിന്നും നൽകുന്നതിന് തീരുമാനം.- മാലിന്യം ശേഖരിച്ച് സംസ്ക്കരിക്കുന്നതിന് ഐ.ഇ.സി ഫണ്ട് ഉപയോഗിക്കാവുന്നതാണോ എന്നത് സംബന്ധിച്ച് വ്യക്തമായ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല.

3. 09.11.18 ലെ തീരുമാനം നമ്പർ -4

ആര്യംപാടം ഈസ്റ്റ് ഡിവിഷൻ 34 – പകൽ വീടിന് സമീപമുള്ള നഗരസഭ കെട്ടിടം താത്ക്കാലികമായി ബഡ്സ് സ്കൂൾ അനുവദിക്കുന്നതിന് തീരുമാനം – തീരുമാനം നടപ്പാക്കിയിട്ടുണ്ടോ എന്ന് മറുപടി ലഭ്യമാക്കിയില്ല.

4. 26.10.18 ലെ തീരുമാനം നമ്പർ -9(1)

അയ്യങ്കാളി തൊഴിലുറപ്പു പദ്ധതിക്കായി 10 ലക്ഷം രൂപ തനത് ഫണ്ടിൽ നിന്നും ചെലവാക്കിയിട്ടുണ്ട്. ആയത് തനത് ഫണ്ടിലേക്ക് തിരികെ ലഭ്യമാക്കിയിട്ടുണ്ടോ എന്ന് മറുപടി ലഭ്യമാക്കിയില്ല.

5. 25.06.18 ലെ തീരുമാനം നമ്പർ -4

2017 ലെ വരൾച്ച കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് 22.5 ലക്ഷത്തിൽ അധികരിച്ച തുക 7,13,034 രൂപ അനുവദിക്കുന്നതിന് തീരുമാനം – ബന്ധപ്പെട്ട ഫയൽ ഹാജരാക്കിയില്ല.

6. 11.04.18 ലെ തീരുമാനം നമ്പർ -14(4)

മാരാത്ത്കുന്ന് കുടിവെള്ള പദ്ധതിക്കായി വിട്ടുകിട്ടിയ എം.കെ.അസഫലിയുടെ സ്ഥലം നഗരസഭ ഏറ്റെടുത്ത് റവന്യൂ രേഖകളിൽ നഗരസഭയുടെ സ്ഥലമായി രേഖപ്പെടുത്തുന്നതിന് തീരുമാനം-സ്വീകരിച്ച നടപടികൾ അറിയിച്ചിട്ടില്ല.

7. 27.12.18 ലെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം

പഴയ മുനിപ്പിൽ ഓഫീസ് പൊളിച്ചു മാറ്റുന്നതിന് – ലേലം അംഗീകരിക്കൽ ഫയൽ നം. പി.ഡബ്യൂ.1-10818/18 ഹാജരാക്കിയില്ല.

ഓഡിറ്റ് അന്വേഷണം നം. 50/30.01.2020 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഫയൽ, രേഖകൾ, മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-33 വികലാംഗർക്ക് മുച്ചക്ര വാഹനം പദ്ധതികൾ - വാഹനങ്ങൾ ലഭ്യമായിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ: സെക്രട്ടറി

എ) പദ്ധതി നമ്പർ : S0392/19

അടങ്കൽ : 5,00,000/- വികസനഫണ്ട് എസ്.സി.പി

ചെലവ് : 4,99,996/-

ട്രഷറി ബിൽ : 60/18-19 dt. 20.03.19

മേൽവിശദാംശങ്ങളോടുകൂടിയ പദ്ധതിക്കായി ടോപ് ഗിയർ ഹീറോ, തൊടുപുഴ എന്ന സ്ഥാപനത്തിൽ നിന്നും ഹീറോ ഡ്യുവെറ്റ് മോഡൽ സ്കൂട്ടറുകൾ ഏഴെണ്ണം വാങ്ങുന്നതിന് 4,99,996/- രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. സ്കൂട്ടറുകൾ ലഭ്യമായതായി നോട്ട്ഫയലിൽ (J1-1905/19) 25.03.19 ലെ കുറിപ്പുണ്ടെങ്കിലും സ്കൂട്ടറുകൾ ലഭ്യമായതിന്റേയോ, വിതരണം ചെയ്തതിന്റേയോ രേഖകൾ ഇല്ല. ലഭ്യമായ സ്കൂട്ടറുകൾ സൈഡ് വീൽ ഘടിപ്പിച്ച അവസ്ഥയിലല്ലാതിരുന്നതിനാൽ ആയത് ഘടിപ്പിക്കുന്നതിനായി വാങ്ങിയ സ്ഥാപനത്തിന് മടക്കികൊടുത്തിരിക്കുകയാണ്. 2019 മാർച്ച് മാസത്തിൽ തുക നൽകിയിട്ടും സ്കൂട്ടറുകൾ

ഇതുവരെയും ലഭ്യമായിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല. ഈ സാഹചര്യത്തിൽ 4,99,996/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബി) പദ്ധതി നമ്പർ : S0391/19

അടങ്കൽ : 72,990/- വികസനഫണ്ട് ജനറൽ

ചെലവ് : 71,428/-

ട്രഷറി ബിൽ : 59/18-19 dt. 20.03.19

മേൽ പദ്ധതിയിൽ ഒരു സ്കൂട്ടർ ലഭ്യമായിട്ടുണ്ടെങ്കിലും സൈഡ് വീൽ ഘടിപ്പിക്കാതെ നഗരസഭാ കോമ്പൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പദ്ധതിലക്ഷ്യം നിറവേറിയിട്ടില്ലാത്തതിനാൽ, 71,428/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് എൻക്വയറി നം. 26/27.01.2020)

## 1-34 വയോജനങ്ങൾക്ക് കട്ടിൽ പദ്ധതികൾ - വിതരണം പൂർത്തിയായിട്ടില്ല

എ) നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

പദ്ധതി : വയോജനങ്ങൾക്ക് കട്ടിൽ ജനറൽ
നമ്പർ : S0004/19
അടങ്കൽ : 3,00,000/- വികസനഫണ്ട് ജനറൽ
ചെലവ് : 2,88,715/-
ട്രഷറി ബിൽ : 57/18-19 dt. 22.02.19 (209214/-)
64/18-19 dt. 19.03.19 (79501/-)

ബി)

പദ്ധതി : വയോജനങ്ങൾക്ക് കട്ടിൽ എസ്.സി
നമ്പർ : S0005/19
അടങ്കൽ : 8,82,000/- വികസനഫണ്ട് എസ്.സി.പി (3063 രൂപ – തനത് ഫണ്ട്)
ചെലവ് : 8,20,119/-
ട്രഷറി ബിൽ : 58/18-19 dt. 22.02.19 (627642/-)
65/18-19 dt. 29.03.19 (192477/-)

മേൽപറഞ്ഞ രണ്ടു പദ്ധതികളിലുമായി യഥാക്രമം 69, 196 എണ്ണം കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ, വിതരണരേഖകൾ പരിശോധിച്ചപ്പോൾ ജനറൽ വിഭാഗത്തിൽ 67 എണ്ണവും എസ്.സി വിഭാഗത്തിൽ 164 എണ്ണവും മാത്രമേ വിതരണം ചെയ്തതായി കാണുന്നുള്ളൂ. ആകെ 34 കട്ടിലുകൾ വിതരണം ചെയ്തിട്ടില്ല. ഒന്നിന് 4184/- രൂപ നിരക്കിൽ സിഡ്കോയിൽ നിന്നാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. ആയതിനാൽ, 34 കട്ടിലുകൾ വാങ്ങുന്നതിനായി സിഡ്കോക്ക് നൽകിയ തുക 1,42,256/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-35 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്ന പദ്ധതികളിലെ അപാകതകൾ

എ) വിദ്യാർത്ഥിനിയാണെന്ന് ഉറപ്പാക്കാതെ ലാപ് ടോപ്പ് നൽകി.
നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി .

പദ്ധതി നമ്പർ : S0376/19

അടങ്കൽ : 10,50,000/- (എസ്.സി.പി)

ചെലവ് : 8,59,845/-

ട്രഷറി ബിൽ : 61/18-19 dt. 20.03.19 (3,68,505)

66/18-19 dt. 29.03.19 (4,91,340)

പദ്ധതിയിലെ ഗുണഭോക്താവായ സുമീഷ്ണ.എം.കെ, ശ്രീ വ്യാസ എൻ.എസ്.എസ് കോളേജിൽ B.Sc ബോട്ടണി വിദ്യാർത്ഥിനിയായിരുന്നെങ്കിലും 07.12.18 ന് കോഴ്സ് അവസാനിപ്പിച്ചതായി ഫയലിൽ സൂക്ഷിച്ചിട്ടുള്ള ട്രാൻസ്ഫർ സർട്ടിഫിക്കറ്റിൽ നിന്നും വ്യക്തമാണ്. അതിനുശേഷം, ലാപ്ടോപ്പ്

അനുവദിക്കാവുന്ന ഏതെങ്കിലും കോഴ്സിന് മേൽ ഗുണഭോക്താവ് ചേർന്നതിന് ഫയലിൽ രേഖയില്ല. 35 ലാപ്ടോപ്പുകൾ സപ്ലൈ ചെയ്ത കൊല്ലം, ജി.രാമാനുജം ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് ലേബർ സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ ഇൻവോയ്സ് തിയ്യതി 28.01.2019 ആണ്. നോട്ട് ഫയൽ പ്രകാരം സുമീഷ്ണ.എം.കെ., മേലോക്കിൽ വീട് എന്ന ഗുണഭോക്താവിന് ലാപ്ടോപ്പ് നൽകുന്നതിന് അനുമതിക്കായി ഫയൽ സമർപ്പിക്കുന്നത് 09.10.19 നാണ്. മേൽവസ്തുതകൾ പ്രകാരം സുമീഷ്ണ എം.കെ പദ്ധതി ആനുകൂല്യം നൽകാവുന്ന ഗുണഭോക്താവല്ല. ടിയാൾക്ക് നൽകിയ ലാപ്ടോപ്പിന്റെ വിലയായ 24567/- രൂപ പദ്ധതിലക്ഷ്യം നിറവേറ്റുന്നതിന് ഉതകിയിട്ടില്ല. ആയതിനാൽ, ടി ഗുണഭോക്താവിന് ലാപ് ടോപ് നല്കുന്നതിന് ചെലവഴിച്ച 24,567/- രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നമ്പർ 15/23.01.2020)

ബി) പി.എച്ച്.ഡി വിദ്യാർത്ഥിക്ക് ലാപ്ടോപ്പ് നൽകി(S0466/19)

ട്രഷറി ബിൽ : 1/18-19 dt. 15.05.18 (729000/-)

ശ്രീ ശങ്കരാചാര്യ സംസ്കൃത യൂണിവേഴ്സിറ്റിയിൽ മലയാളത്തിൽ ഗവേഷണം നടത്തുന്ന മുരളീധരൻ കെ.വി, കൊടപ്പനി വീട് എന്ന ഗുണഭോക്താവിന് ലാപ്ടോപ്പ് നൽകിയിട്ടുണ്ട്. പഞ്ചായത്തിരാജ് / നഗരപാലിക സ്ഥാപനങ്ങൾക്ക് 2018-19 വർഷത്തേക്ക് ബാധകമായ സബ്സിഡി / ധനസഹായം / അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ (കൈ) നം.22/2018/തസ്വഭവ തി. 14.02.2018 ഖ. 7.2.8 പ്രകാരം ബിരുദം, ബിരുദാനന്തരബിരുദം, ഡിപ്ലോമ എന്നീ കോഴ്സുകൾ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകാമെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പി.എച്ച്.ഡി വിദ്യാർത്ഥികളുടെ കാര്യം വ്യക്തമാക്കിയിട്ടില്ല. ആയതിനാൽ, വരും വർഷങ്ങളിലെ പദ്ധതി നിർവ്വഹണത്തിൽ ഈ വസ്തുത കണക്കിലെടുക്കേണ്ടതാണ്.

സി) പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകളില്ലാതെ ലാപ്ടോപ്പ് നൽകി

താഴെപ്പറയുന്ന വിദ്യാർത്ഥികൾ പാരലൽ കോളേജുകളിൽ പഠിക്കുന്നവരാണ്. ഇവർക്ക് യൂണിവേഴ്സിറ്റി രജിസ്ടേഷൻ ലഭിച്ചതിന് രേഖ ഹാജരാക്കാതെ ലാപ്ടോപ്പ് നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

| ഗുണഭോക്താവ്, പദ്ധതി നമ്പർ | പഠിക്കുന്ന സ്ഥാപനം |
|---|---|
| രഞ്ജിത എം.ആർ<br>പദ്ധതി നമ്പർ - S0466/19 | ആര്യഭട്ട കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് |
| ധീരജ് ടി. കുമാർ<br>പദ്ധതി നമ്പർ - S0466/19 | കോ-ഓപ്പറേറ്റിവ് ആർട്സ് & സയൻസ് കോളേജ്, തൃശ്ശൂർ |
| സൂരജ് എ.എസ്<br>പദ്ധതി നമ്പർ - S0466/19 | കോ-ഓപ്പറേറ്റിവ് ആർട്സ് & സയൻസ് കോളേജ്, തൃശ്ശൂർ |
| അഖിൽ അശോകൻ<br>പദ്ധതി നമ്പർ - S0376/19 | പ്രസിഡൻസി കോളേജ്, എരുമപ്പെട്ടി |

ഈ വിഷയം സംബന്ധിച്ചിട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ഉണ്ടെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഡി) ലാപ്ടോപ്പ് വിതരണപദ്ധതികൾ സ്പിൽ ഓവറാവുമ്പോൾ പദ്ധതി ലക്ഷ്യം നിറവേറുന്നില്ല (S0466/19)

ലാപ്ടോപ്പ് വിതരണപദ്ധതികൾ സ്പിൽ ഓവറാവുമ്പോൾ ഗുണഭോക്താക്കളുടെ പഠനകാലാവധി പൂർത്തിയാവുകയും ആയതിന് ശേഷം ലാപ്ടോപ്പ് ലഭിക്കുകയും ചെയ്യുന്നതിനാൽ പദ്ധതി ലക്ഷ്യം പൂർത്തീകരിക്കാതെ വരുന്ന അവസ്ഥ ഉണ്ടാവുന്നുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു.

| വിദ്യാർത്ഥിയുടെ പേര് | കോഴ്സ് | സ്ഥാപനം | പഠനകാലാവധി (സ്ഥാപന മേധാവിയുടെ സാക്ഷ്യപത്ര പ്രകാരം) |
|---|---|---|---|
| അഖിൽ അശോകൻ | ബി.കോം | പ്രസിഡൻസി കോളേജ്, എരുമപ്പെട്ടി | 2015-18 |
| ദീപക് കൃഷ്ണൻ | ബി.എസ്.സി ഫിസിക്സ് | ശ്രീകേരളവർമ്മ കോളേജ്, തൃശ്ശൂർ | 2015-18 |
| അഖിൽദാസ്. ആർ | അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ് വെയർ | TCIL-IT എഡ്യുക്കേഷൻ & ട്രെയ്നിംഗ് സെന്ററർ, തൃശ്ശൂർ (ഗവ.ഓഫ് ഇന്ത്യ സ്ഥാപനം) | 31.01.18 |
| ശ്യാം പ്രസാദ് കെ.ആർ | ബി.എസ്.സി ഫിസിക്സ് | ശ്രീവ്യാസ എൻ.എസ്.എസ് കോളേജ് | 2015-18 |

ആയതിനാൽ, ലാപ് ടോപ് വിതരണ പദ്ധതികൾ അതാതുവർഷം തന്നെ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-36 മെറ്റീരിയൽ റിക്കവറി സെന്ററിലേക്ക് യന്ത്രസാമഗ്രികൾ വാങ്ങൽ പദ്ധതി – ഷ്രെഡ്ഡിംഗ് മെഷീൻ ലഭ്യമായില്ല

പദ്ധതി നമ്പർ : S0464/19
നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

അടങ്കൽ : 7,61,450/- വികസനഫണ്ട് ജനറൽ

ചെലവ് : 5,19,372/-

ട്രഷറി ബിൽ : 79/18-19 dt. 29.03.19

എ) ഷ്രെഡ്ഡിംഗ് മെഷീൻ ലഭ്യമായിട്ടില്ല

ക്ലീൻ കേരള കമ്പനിയുടെ 20.03.19 ലെ 209/2018-19 നമ്പർ ഇൻവോയ്സ് പ്രകാരം 5,19,372/- രൂപ വിലവരുന്ന 15 HP ഷ്രെഡ്ഡിംഗ് മെഷീൻ വാങ്ങുന്നതിനായി മുഴുവൻ തുകയും നൽകിയിട്ടുണ്ട്. എന്നാൽ, തുക നൽകി 9 മാസങ്ങൾ കഴിഞ്ഞിട്ടും ഷ്രെഡ്ഡിംഗ് മെഷീൻ ലഭ്യമായതായി കാണുന്നില്ല. ആയതിനാൽ, ഇതിനായി ചെലവഴിച്ച 5,19,372/- രൂപ തടസ്സപ്പെടുത്തുന്നു.

ബി) അടിസ്ഥാനസൗകര്യങ്ങൾ സജ്ജമായിട്ടില്ല

വടക്കാഞ്ചേരി നഗരസഭയും ക്ലീൻ കേരള കമ്പനിയുമായി 01.03.2019 ന് ഏർപ്പെട്ട കരാർ പ്രകാരം മെഷിനറി സ്ഥാപിക്കുന്നതിനായി 1000 ചതുരശ്രഅടി സ്ഥലം, 3 ഫേസ് വൈദ്യുതി കണക്ഷൻ, സ്റ്റാർട്ടർ സ്വിച്ചസ് എന്നിവ ഏർപ്പെടുത്തേണ്ട ചുമതല നഗരസഭയുടേതാണ്. ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് മുൻപ് തന്നെ മെഷീൻ വാങ്ങിക്കുന്നതിന് തുക നൽകിയിട്ടുണ്ട്. J1-464/18 നമ്പർ ഫയൽ പ്രകാരമാകട്ടെ, മേൽ സൂചിപ്പിച്ച സൗകര്യങ്ങൾ നാളിതുവരെയും പൂർണ്ണസജ്ജമായിട്ടില്ല.

കരാർ പ്രകാരം സപ്ലൈ ഓർഡർ നൽകി 90 ദിവസത്തിനകം/ മുഴുവൻ തുകയും നൽകി 3 ആഴ്ചയ്ക്കകം കമ്പനി മെഷിനറി സ്ഥാപിക്കേണ്ടതുണ്ട് / കമ്മീഷൻ ചെയ്യേണ്ടതുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിനാൽ മെഷിനറി ലഭ്യമായാലും സ്ഥാപിക്കുവാൻ സാധിക്കില്ല. കരാറിലെ തന്നെ മറ്റൊരു വ്യവസ്ഥയനുസരിച്ച് ഇൻവോയ്സ് തിയ്യതി മുതൽ ഒരു വർഷത്തേക്കാണ് കമ്പനി വാറന്റി

നൽകിയിരിക്കുന്നത്. ഈ വ്യവസ്ഥ പ്രകാരം ഇനി മെഷിനറി ലഭ്യമായാലും വാറന്റി ലഭിക്കുമോയെന്ന് ഉറപ്പില്ല.

അപാകതകൾ പരിഹരിച്ച് പദ്ധതി പ്രയോജനക്ഷമമാക്കുന്നതിന് ത്വരിതനടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം. 19/24.01.2020)

## 1-37 അങ്കണവാടി ജീവനക്കാർക്ക് അധിക ഓണറേറിയം- സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി രൂപീകരിച്ചതും വിഹിതം മുഴുവനായി കൈമാറാത്തതും സംബന്ധിച്ച്

2018-19 സാമ്പത്തിക വർഷം മുതൽ അങ്കണവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫല ഇനത്തിലെ പ്രാദേശിക സർക്കാർ വിഹിതം പ്രൊജക്ട് വെച്ച് നൽകുന്നതിന് പകരം പ്രാദേശിക സർക്കാറുകൾക്ക് അനുവദിക്കുന്ന വികസനഫണ്ടിന്റെ പൊതുവിഭാഗത്തിൽ നിന്നും അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ "2235-02-102-05-Deduct amount transferred from Development fund towards honorarium and allowances of anganwadi workers and helpers(NP)"എന്ന കണക്ക് ശീർഷകത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, 25-07-2018-ലെ സ.ഉ.(സാധാ)നം.6345/18/ധന. ഉത്തരവ് പ്രകാരം 2018-19 ലെ വികസനഫണ്ടിന്റെ രണ്ടാം ഗഡു പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചപ്പോൾ, അങ്കണവാടി തൊഴിലാളികൾക്ക് പ്രതിമാസം 2200 രൂപ നിരക്കിൽ 6 മാസത്തേക്കും അങ്കണവാടി സഹായികൾക്ക് പ്രതിമാസം 1450 രൂപ നിരക്കിൽ 6 മാസത്തേക്കും കണക്കാക്കി വടക്കാഞ്ചേരി മുനിസിപ്പാലിറ്റിയിൽ നിന്നും 12,70,200/- രൂപ ഇപ്രകാരം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ (ഉത്തരവിന്റെ അനുബന്ധം IV പ്രകാരം) ഉത്തരവായിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിനെ അലോട്ട്മെന്റ് ലെറ്റർ ആയി കണക്കാക്കാനും ഉത്തരവായിരുന്നു.
എന്നാൽ മുനിസിപ്പാലിറ്റിയിൽ ഈ ഉത്തരവിനെ തുടർന്ന് "അങ്കണവാടി ജീവനക്കാർക്ക് അധിക ഓണറേറിയം" എന്ന പേരിൽ 58 അങ്കണവാടികളിലെ തൊഴിലാളികൾക്കും സഹായികൾക്കും 6 മാസത്തേക്ക് അധിക ഓണറേറിയം നൽകുന്നതിനായി ഒരു പ്രൊജക്ട് തയ്യാറാക്കി (പ്രൊജക്ട് നം.37/19)- ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തുകയുണ്ടായി. തയ്യാറാക്കിയ പദ്ധതിയുടെ സാമ്പത്തിക വിശകലന പ്രകാരം ആകെ 1270200 രൂപ നീക്കി വെച്ച പ്രൊജക്ടിൽ 500000 രൂപ വികസന ഫണ്ടും (പൊതുവിഭാഗം) 770200 രൂപ തനത് ഫണ്ടുമാണ് വകയിരുത്തിയിരുന്നത്. തുടർന്ന് താഴെ പറയും പ്രകാരം വികസന ഫണ്ടിൽ നിന്ന് 4,01,629/- രൂപയും തനത് ഫണ്ടിൽ നിന്ന് 1,08,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം./ തീയതി | തുക | ഫണ്ടിനം |
|---|---|---|---|
| 1 | 21800988/17.09.18 | 123167 | വികസനഫണ്ട് |
| 2 | 21800989/17.09.18 | 143462 | വികസനഫണ്ട് |
| 3 | 21800990/17.09.18 | 135000 | വികസനഫണ്ട് |
| 4 | 21800656/26.10.18 | 108000 | തനത് ഫണ്ട് |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അന്വേഷണങ്ങൾക്ക് മറുപടി നൽകുവാൻ താല്പര്യപ്പെടുന്നു.
i) സർക്കാർ ഉത്തരവ് പ്രകാരം നിർണ്ണയിച്ച് നൽകിയ തുക പദ്ധതിവിഹിതത്തിൽ നിന്നും പൂർണ്ണമായും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് പ്രസ്തുത ഉത്തരവ് തന്നെ ഇൻസ്ട്രുമെന്റ് ആയി കണക്കാക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. ഇപ്രകാരമുള്ള പദ്ധതി പ്രവർത്തനം പ്രൊജക്ട് തയ്യാറാക്കി നിർവ്വഹിക്കുന്നതിന് പകരം സംവിധാനം എന്ന നിലയിൽ ഇറങ്ങിയ ഈ സർക്കാർ ഉത്തരവിനെ ആധാരമാക്കി ആയതിന്റെ നിർവ്വഹണത്തിനായി ഒരു പ്രൊജക്ട് തയ്യാറാക്കിയത് ക്രമത്തിലല്ല.
ii) വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ല
iii) പ്രൊജക്ട് പ്രകാരം 7,70,200 തനത് ഫണ്ട് വകയിരുത്തിയതിൽ 1,08,000 രൂപ ചെലഴിച്ചു."സുലേഖ" ചെലവ് പത്രിക പ്രകാരം 2018-19 വർഷത്തിലെ എല്ലാ പദ്ധതികൾക്കുമായി ആകെ 3,57,28,501/- രൂപ വികസന ഫണ്ട് വകയിരുത്തിയതിൽ ചെലവഴിച്ചത് 2,43,45,703/- രൂപ മാത്രമാണ്. മേൽ പദ്ധതി വികസന ഫണ്ട് മാത്രമായി വകയിരുത്തിയിരുന്നുവെങ്കിൽ മേൽ ഉത്തരവ് പ്രകാരം നിർദ്ദേശിച്ച മുഴുവൻ തുകയും ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാമായിരുന്നു. തനത് ഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിച്ചതിനാൽ പദ്ധതി വിഹിതത്തിൽ നിന്ന് നേരിട്ട് ട്രഷറി മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാമായിരുന്ന ബാക്കി 7,70,200/- രൂപ അപ്രകാരം ചെയ്യാനാകാതെ ലാപ്സായി.
iv) ആവശ്യമായ പദ്ധതി വിഹിതം ഉണ്ടായിട്ടും ആയത് ലാപ്സാക്കി തനത് ഫണ്ട് ബാധ്യത വർദ്ധിപ്പിച്ചു.

29-11-18-ലെ സ.ഉ.(സാധാ)നം.9858/18/ധന. ഉത്തരവ് പ്രകാരം 2018-19 ലെ വികസനഫണ്ടിന്‍റെ മൂന്നാം ഗഡു പ്രാദേശിക സർക്കാരുകൾക്ക് അനുവദിച്ചപ്പോൾ, വടക്കാഞ്ചേരി നഗരസഭയിൽ നിന്നും ₹12,70,200/- ഇപ്രകാരം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാൻ (ഉത്തരവിന്‍റെ അനുബന്ധം 1 പ്രകാരം) ഉത്തരവായിരുന്നു. ആയത് നടപ്പിലാക്കിയില്ല.

## 1-38 അങ്കണവാടികൾക്കുള്ള ഭക്ഷ്യ ധാന്യ വിതരണം-ഒരേ ബില്ലിന് രണ്ടു തവണ സപ്ലൈകോക്ക് തുക അനുവദിച്ചു

2018-19 സാമ്പത്തികവർഷം അങ്കണവാടികൾക്കുള്ള ഭക്ഷ്യ ധാന്യ വിതരണത്തിനായി 4 പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ആയതിൽ താഴെ പറയുന്ന പ്രൊജക്ടുകളുടെ ചെലവു രേഖകൾ പരിശോധിച്ചതിൽ സപ്ലൈകോ ഇറക്കിയ ഭക്ഷ്യധാന്യങ്ങൾക്ക് ഒരു ബില്ലിനു തന്നെ രണ്ടു പ്രൊജക്ടിലും തുക അനുവദിച്ചതായി കാണുന്നു.

1. പ്രൊജക്ട് നം-14/19- അനുപൂരക പോഷകാഹാരം (ജനറൽ), മുണ്ടത്തിക്കോട്
ചെലവു തുക-29,61,828/-
നിർവ്വഹണ ഉദ്യോഗസ്ഥ-ഐസിഡിഎസ് സൂപ്പർവൈസർ
ട്രഷറി ബിൽ നം.16/23.11.18 പ്രകാരം മാറിയ 2,73,899/- രൂപയിൽ 1,47,138/- രൂപ സപ്ലൈകോ മാവേലി സ്റ്റോർ ആര്യമ്പാടത്തിന്‍റെ അക്കൗണ്ട് നമ്പർ 15650200000433 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ / തീയതി | ബിൽ തുക |
|---|---|
| 0802108/18390/ 27.10.18 | 107661.00 |
| 0802108/18391/ 27.10.18 | 26157.52 |
| 0802108/18394/ 31.10.18 | 13320.00 |
| | 147138.52 |

മേൽ 3 ബില്ലുകളിലെയും ഭക്ഷ്യധാന്യങ്ങൾ 27.10.18, 31.10.18 എന്നീ തീയതികളിൽ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

2.പ്രൊജക്ട് നം-30/19-അനുപൂരക പോഷകാഹാരം (എസ്.സി), മുണ്ടത്തിക്കോട്
ട്രഷറി ബിൽ നം.21/23.1.19 പ്രകാരമുള്ള 2,34,888/- രൂപയിൽ 1,47,138/- രൂപ സപ്ലൈകോക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ തുക അനുവദിച്ചത് പ്രൊ.നം.14/19 പ്രകാരം 1,47,138/- രൂപ ചെലവഴിച്ച അതേ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിലാണ്. ഇപ്രകാരം ഒരേ ബിൽ പ്രകാരം രണ്ടു തവണ അനുവദിച്ചത് തിരികെ ഈടാക്കേണ്ടതും, സഞ്ചിതനിധിയിൽ അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-39 വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ പദ്ധതികൾ - രേഖകൾ ഹാജരാക്കിയിട്ടില്ല.

വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. **<u>പ്രൊജക്ട് നം. 227/19 – എ.ബി.സി. പ്രോഗ്രാം</u>**
വൗച്ചർ നം. 21801123/21-01-2019 തുക-1,00,000/-
എ.ബി.സി. പ്രോഗ്രാം നടപ്പാക്കുന്നതിനായി കുടുംബശ്രീ ജില്ലാ മിഷന്‍റെ അക്കൗണ്ട്നം. 713011400000033 ലേക്ക് 100,000/- രൂപ കൈമാറിയിട്ടുണ്ട്. ആയതിന്‍റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച ₹1,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

2. **<u>പ്രൊജക്ട് നം.242/19 – കന്നുകുട്ടി പരിപാലനം (ജനറൽ)</u>**
വൗച്ചർ നം. 21801111/14.01.2019 തുക – 3,00,000/-
മേൽ വൗച്ചർ പ്രകാരം എസ്. എൽ.ബി.പി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (നം. 713011400000034) കൈമാറിയ 3,00,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പാലുൽപ്പാദക സഹകരണ സംഘങ്ങളുടെ കന്നുകുട്ടികൾക്കുള്ള തീറ്റ വിതരണ രജിസ്റ്ററിലുള്ള ഗുണഭോക്താക്കളുടെ പേരുവിവരം, ഗുണഭോക്തൃപട്ടികയുമായി പൊരുത്തപ്പെടുന്നില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച ₹3,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

3. **<u>പ്രൊജക്ട് നം.246/19 – കന്നുകുട്ടി പരിപാലനം (എസ്.സി.)</u>**
വൗച്ചർ നം. 21801108/21.01.2019 തുക – 1,25,000/-

വൗച്ചർ നം. 21801391/02.03.2019 തുക – 37,500/-

മേൽ വൗച്ചറുകൾ പ്രകാരം എസ്. എൽ.ബി.പി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (നം. 713011400000034) കൈമാറിയ 1,62,500/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പാലുൽപ്പാദക സഹകരണ സംഘങ്ങളുടെ കന്നുകുട്ടികൾക്കുള്ള തീറ്റ വിതരണ രജിസ്റ്ററിലുള്ള ഗുണഭോക്താക്കളുടെ പേരുവിവരം, ഗുണഭോക്തൃപട്ടികയുമായി പൊരുത്തപ്പെടുന്നില്ല. ഗുണഭോക്താക്കളുടെ ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച ₹1,62,500/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

4. **പ്രൊജക്റ്റ് നം. 282/19 – ആട് ഗ്രാമം.(എസ്.സി)**

2018-19 ലെ പദ്ധതി മാർഗ്ഗരേഖ (സ.ഉ. (കൈ)നം. 22/2019 തീയതി 14.02.18) പ്രകാരം ആടു വളർത്തൽ പദ്ധതി വ്യക്തിഗത പദ്ധതിയായാണ് നടപ്പിലാക്കേണ്ടത്. എന്നാൽ ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൻ പ്രകാരം 17 പട്ടികജാതി ഗ്രൂപ്പുകൾക്ക് ആടു വാങ്ങുന്നതിനായി ഒരു ഗ്രൂപ്പിന് 67500/- വീതം 17 ഗ്രൂപ്പുകൾക്ക് 11,47,500/- രൂപ മേൽ പദ്ധതി പ്രകാരം ട്രഷറിയിൽ നിന്ന് പിൻവലിച്ച് താഴെ പറയുന്ന ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ട്.

വടക്കാഞ്ചേരി സർവീസ് സഹകരണ ബാങ്ക് – 6,07,500/- രൂപ

പെരിങ്ങണ്ടൂർ സർവീസ് സഹകരണ ബാങ്ക് – 2,70,000/- രൂപ

പൂതുരുത്തി സർവീസ് സഹകരണ ബാങ്ക് – 2,70,000/- രൂപ

മേൽ സൂചിപ്പിച്ച സഹകരണ സംഘങ്ങൾ ഗ്രൂപ്പുകൾക്ക് ലോൺ അനുവദിക്കാമെന്നുള്ള സമ്മത പത്രം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് മേൽ പ്രകാരം സബ്സിഡി പിൻവലിച്ച് വിവിധ സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ പദ്ധതിക്കായി ട്രഷറിയിൽ നിന്നും പിൻവലിച്ച തുക, ആടു വാങ്ങുന്നതിനായി ചെലവഴിക്കാതെ ഇപ്പോഴും മേൽ ബാങ്കുകളിൽ ചെലവഴിക്കാതെ കിടക്കുകയാണ്. ഇത് ക്രമവിരുദ്ധമാണ്. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും ചെലവഴിക്കാതെ അവശേഷിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച ₹11,47,500/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-40 ലൈഫ് മിഷൻ -പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം-മുൻ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം അനുവദിച്ച തുക സംബന്ധിച്ച വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയില്ല

മുൻ വർഷങ്ങളിൽ വിവിധ ഭവനപദ്ധതിക്കായി ധനസഹായം അനുവദിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് സർക്കാരിന്റെ ഭവനപദ്ധതിയായ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി 2018-19 സാമ്പത്തികവർഷം ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് , ഹെൽത്ത് ഓഫീസർ (മുൻസിപ്പാലിറ്റി) നിർവ്വഹണോദ്യോഗസ്ഥനായ **പ്രോജക്റ്റ് നം.453/2019 ലൈഫ് മിഷൻ പൂർത്തീകരിക്കാത്ത വീടുകളുടെ പൂർത്തീകരണം മുഖേന** താഴെ പറയും വിധം തുകകൾ അനുവദിച്ചിട്ടുണ്ട്.

| **മെയിന്റനൻസ് ഫണ്ട് നോൺ റോഡ്** | | |
|---|---|---|
| ക്രമ നം. | വൗച്ചർ നം | തുക (₹) |
| 1 | 21801101/24-04-18 | 2,40,000 |
| 2 | 21800908/31.05.18 | 2,23,000 |
| 3 | 21801014/14-11-18 | 2,71,000 |
| 4 | 21801117/29-01-19 | 25,800 |
| 5 | 21801330/04-03-19 | 1,86,000 |
| 6 | 21800878/07-05-18 | 3,30,000 |
| 7 | 21801176/29-06-18 | 1,25,000 |
| **വികസന ഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം** | | |
| 8 | 21800955/16-07-18 | 1,15,000 |
| 9 | 21800986/14-09-18 | 20,800 |
| 10 | 21800909/31-05-18 | 26,000 |
| **തനത് ഫണ്ട്** | | |

| | | |
|---|---|---|
| 11 | 21801554/28-03-19 | 1,50,000 |
| 12 | 21800387/31-05-18 | 1,93,000 |
| **ആകെ** | | **19,05,600/-** |

ലൈഫ് ഭവനനിർമ്മാണ ധനസഹായം 400000/- രൂപയായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ മുൻവർഷങ്ങളിൽ ധനസഹായമായി അനുവദിച്ച തുകയ്ക്ക് ആനുപാതികവർദ്ധനവ് കണക്കാക്കി ധനസഹായം അനുവദിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടത്. ആയതു പ്രകാരം ലൈഫ് ഭവനനിർമ്മാണ പദ്ധതിയിൽ 35 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയതായുള്ള ഗുണഭോക്തൃ പട്ടികയാണ് പരിശോധനയ്ക്ക് ഹാജരാക്കിയത്, മുൻ ഭവന നിർമ്മാണ പ്രോജക്റ്റുകളിൽ ഈ ഗുണഭോക്താക്കൾക്ക് എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കുന്ന രേഖകളോ, രജിസ്റ്ററുകളോ, സോഫ്റ്റ് വെയറിന്റെ സഹായത്താൽ ആനുപാതിക വർദ്ധനവ് കണക്കാക്കുന്നതിന് തയ്യാറാക്കിയ സ്റ്റേറ്റ്മെന്റോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ രജിസ്റ്റർ പ്രകാരം ഇതിൽ 25 ഗുണഭോക്താക്കൾക്ക് 2017-18 വർഷത്തിൽ ലൈഫ് ഭവനനിർമ്മാണ ധനസഹായത്തിന്റെ ഒന്നാം ഗഡു അനുവദിച്ചിട്ടുള്ളതുമാണ്. ആയതിന്റെ രണ്ടാം ഗഡുവും, മൂന്നാം ഗഡുവുമാണ് (8 പേർക്ക് രണ്ടാം ഗഡുവും, മൂന്നാം ഗഡുവും, 4 പേർക്ക് രണ്ടാം ഗഡു, രണ്ടു പേർക്ക് ഒന്നാം ഗഡു) അനുവദിച്ചു നല്കിയിരിക്കുന്നത്.

മുൻ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം അനുവദിച്ച തുകയുടെ വിശദാംശം രേഖപ്പെടുത്തിയ വാച്ച് രജിസ്റ്ററിന്റെ അഭാവത്തിൽ ആനുപാതിക വർദ്ധനവ് കണക്കാക്കിയതിന്റെ ആധികാരികത ഓഡിറ്റിൽ പരിശോധിക്കുന്നതിനായില്ല.

## 1-41 ആശ്രയ പദ്ധതി - തുക ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ഹെൽത്ത് ഓഫീസർ (മുൻസിപ്പാലിറ്റി) നിർവ്വഹണോദ്യോഗസ്ഥനായ 430/2019 ആശ്രയ പദ്ധതി-വിഹിതം നൽകൽ പ്രോജക്റ്റ് പ്രകാരം 2018-19 വർഷത്തിൽ ₹**10,00,000/-** കൈമാറിയിട്ടുള്ളതാണ്. ആശ്രയ പദ്ധതി നിർവ്വഹണം സംബന്ധിച്ച നഗരസഭ വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ഇനം | | ആശ്രയ പദ്ധതി ഒന്നാംഘട്ടം | | ആശ്രയ പദ്ധതി രണ്ടാംഘട്ടം | | അഗതി രഹിത കേരളം |
|---|---|---|---|---|---|---|---|
| | | | **CDS** വടക്കാഞ്ചേരി | **CDS** മുണ്ടത്തിക്കോട് | **CDS** വടക്കാഞ്ചേരി | **CDS** മുണ്ടത്തിക്കോട് | |
| 1 | ആശ്രയ പദ്ധതി സർവേ പ്രകാരം നഗരസഭപരിധിയിലുള്ള ആശ്രയ കുടുംബങ്ങൾ | ജനറൽ | 81 | 111 | 63 | 48 | 233 |
| | | പട്ടിക വർഗ്ഗം | | | | | |
| 2 | പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കൾ | ജനറൽ | 114 | 162 | 110 | 74 | 364 |
| | | പട്ടിക വർഗ്ഗം | | | | | |
| 3 | പദ്ധതി പ്രകാരം വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | ജനറൽ | 21 | 6 | 3 | 5 | 0 |
| | | പട്ടിക വർഗ്ഗം | | | | | |
| | നാളിതുവരെ ലഭിച്ചവർ | ജനറൽ | 10 | 4 | 1 | 0 | |
| | | പട്ടിക വർഗ്ഗം | | | | | |
| 4 | പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ | ജനറൽ | 64 | 14 | 18 | 13 | 0 |
| | | പട്ടിക വർഗ്ഗം | | | | | |
| | നാളിതുവരെ ലഭിച്ചവർ | ജനറൽ | 41 | 9 | 10 | 1 | |
| | | പട്ടിക വർഗ്ഗം | | | | | |
| 5 | പദ്ധതി പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | ജനറൽ | 17 | 51 | 25 | 12 | 34 |
| | | പട്ടിക വർഗ്ഗം | | | | | |
| | നാളിതുവരെ ലഭിച്ചവർ | ജനറൽ | 17 | 0 | 7 | 0 | 0 |
| | | പട്ടിക വർഗ്ഗം | | | | | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| 6 | പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | ജനറൽ | 26 | 12 | 0 | 0 | 0 |
| | | പട്ടിക വർഗ്ഗം | | | | | |
| | നാളിതുവരെ ലഭിച്ചവർ | ജനറൽ | 3 | 0 | 0 | 0 | 0 |
| | | പട്ടിക വർഗ്ഗം | | | | | |
| 7 | പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | ജനറൽ | 0 | 11 | 11 | 0 | 4 |
| | | പട്ടിക വർഗ്ഗം | | | | | |
| | നാളിതുവരെ ലഭിച്ചവർ | ജനറൽ | 0 | 0 | 0 | 0 | 0 |
| | | പട്ടിക വർഗ്ഗം | | | | | |
| 8 | പദ്ധതി പ്രകാരം വീട് വൈദ്യുതികരണം ആവശ്യമുള്ളവർ | ജനറൽ | 0 | 6 | 0 | 0 | 0 |
| | | പട്ടിക വർഗ്ഗം | | | | | |
| | നാളിതുവരെ ലഭിച്ചവർ | ജനറൽ | 0 | 0 | 0 | 0 | 0 |
| | | പട്ടിക വർഗ്ഗം | | | | | |
| 9 | നഗരസഭപരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം ആവശ്യമുള്ള കുടുംബങ്ങൾ / വ്യക്തികൾ | ജനറൽ | 81 | 111 | 63 | 48 | 233 |
| | | പട്ടിക വർഗ്ഗം | | | | | |
| 10 | ആശ്രയ പദ്ധതി പ്രകാരം നാളിതുവരെ വരവ് | പ്ലാൻ ഫണ്ട് | 1770000 | 1622500 | 2065000 | 600000 | 2010000 |
| | | ചലഞ്ച് ഫണ്ട് | 1113168 | 1360966 | 598621.89 | 472410 | 1707396.14 (9/12/2019) |
| 11 | ആശ്രയ പദ്ധതി പ്രകാരം ചെലവ് | പ്ലാൻ ഫണ്ട് | 1770000 | 1107500 | 1920000 | 250000 | 0 |
| | | ചലഞ്ച് ഫണ്ട് | 759140 | 746833 | 117573 | 319878 | 753640 |
| 12 | നീക്കിയിരിപ്പ് | പ്ലാൻ ഫണ്ട് | 0 | 515000 | 145000 | 350000 | 2010000 |
| | | ചലഞ്ച് ഫണ്ട് | 354028 | 614133 | 481048.89 | 152532 | 953756.14 |
| 13 | നീക്കിയിരിപ്പ് വിശദാംശം- അക്കൗണ്ട് നം, **31-03-2019** ലെ അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് മുതലായ വിവരങ്ങൾ | | Account closed and transffered to agathirahitha keralam project as on17.01.2019 amount Rs.354028/- | Account closed and transffered to agathirahitha keralam project as on17.01.2019 amount Rs.1129133/- | Account closed and transffered to agathirahitha keralam project as on15.01.2019 amount Rs.626048.89/- | Account closed and transffered to agathirahitha keralam project as on 17.01.2019 amount Rs.502532/- | **അക്കൗണ്ട് നം. 7473000100021951, 3626455.69/-** |
| 14 | ചെലവ് ശതമാനം | പ്ലാൻ ഫണ്ട് | 100% | 68.26 | 92% | 41.67 | 0 |
| | | ചലഞ്ച് ഫണ്ട് | 68% | 54.88 | 19% | 67.71 | 44% |
| 15 | നിലവിലെ നീക്കിയിരിപ്പ് വിശദാംശം- അക്കൗണ്ട് നം, അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പ് മുതലായ വിവരങ്ങൾ | | 0 | 0 | 0 | 0 | **അക്കൗണ്ട് നം. 7473000100021951, ₹2963756.14 (9/12/2019)** |

സമൂഹത്തിലെ ഏറ്റവും താഴെ തട്ടിലുള്ളവരുടെ ക്ഷേമത്തിനായി ചെലവഴിക്കേണ്ട മുപ്പതുലക്ഷത്തോളം വരുന്ന തുക, മേൽ പട്ടികപ്പെടുത്തിയ പ്രകാരം ഈ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക്

നിരവധി അടിസ്ഥാന ആവശ്യങ്ങൾ ഉണ്ടെന്നിരിക്കെ ആയതിനായി ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് തീർത്തും ആശാസ്യമായ വസ്തുതയല്ല. തുക ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട അഗതികൾക്കായി ചെലവഴിക്കുന്നതിന് അടിയന്തിര നടപടിയുണ്ടാകേണ്ടതാണ്.രേഖകളുടെ അഭാവത്തിൽ 2018-19 വർഷത്തിൽ പദ്ധതിയ്ക്കായി 16-01-2019ലെ 2180111152 നമ്പർ വൗച്ചർ പ്രകാരം ചെലവഴിച്ച ₹10,00,000/-ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-42 കക്കൂസ് റിപ്പയർ പ്രോജക്ടുകൾ

ഹെൽത്ത് ഓഫീസർ (മുൻസിപ്പാലിറ്റി) നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ട് നമ്പർ:100/2019 കക്കൂസ് റിപ്പയർ (എസ്.സി) പ്രകാരം₹2,48,,000/-യും, പ്രോജക്ട് നമ്പർ:101/2019 കക്കൂസ് റിപ്പയർ (ജനറൽ) പ്രകാരം₹1,76,000/-യും, ചെലവഴിച്ചിട്ടുണ്ട്.

**ചെലവ് വിവരങ്ങൾ**

| പ്രോജക്ട് നമ്പർ:100/2019 കക്കൂസ് റിപ്പയർ (എസ്.സി) | | |
|---|---|---|
| ക്രമ നം. | വൗച്ചർ നം./തിയ്യതി | തുക |
| 1 | 21801325/22-02-19 | 16,000 |
| 2 | 21801331/04-03-19 | 40,000 |
| 3 | 21801373/12-03-19 | 48,000 |
| 4 | 21801409/22-03-19 | 1,12,000 |
| 5 | 21801632/27-03-19 | 32,000 |
| ആകെ | | 2,48,000 |
| പ്രോജക്ട് നമ്പർ:101/2019 കക്കൂസ് റിപ്പയർ (ജനറൽ) ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | |
| 1 | 21801404/22-03-19 | 80,000 |
| 2 | 21801412/22-03-19 | 16,000 |
| 3 | 21801374/12-03-19 | 48,000 |
| 4 | 21801616/27-03-19 | 32,000 |
| ആകെ | | 1,76,000 |

മേൽ പ്രോജക്റ്റ് പ്രകാരം ഗുണഭോക്താക്കൾക്ക് 8,000 രൂപ നിരക്കിൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം ശുചിത്വ കക്കൂസ് അറ്റകുറ്റപണിയ്ക്ക് ധനസഹായം നല്കിയിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗരേഖ പ്രകാരം ഈയിനത്തിന് സബ്സിഡി അനുവദിച്ചിട്ടില്ലാത്തതാകുന്നു. മാർഗരേഖയിൽ പരാമർശിക്കാത്ത ഇനങ്ങൾക്ക് സബ്സിഡി നൽകണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. 23/2/2019 ലെ ഡി1/72/19 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം സബ്സിഡി, പദ്ധതി മാർഗരേഖയിൽ കക്കൂസ് അറ്റകുറ്റപണി ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും കേരളത്തിലെ കൊച്ചി കോർപ്പറേഷൻ ഒഴികെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഒ.ഡി.എഫ് ആയി പ്രഖ്യാപിക്കപ്പെട്ടതിനാലും കക്കൂസ് നിർമാണത്തിന് സബ്സിഡി അനുവദിക്കണമെങ്കിൽ ആയതിന്റെ ആവശ്യകത സംബന്ധിച്ച് വിശദമായ റിപ്പോർട്ടും ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്ററുടെ റിപ്പോർട്ടും സഹിതം കോർഡിനേഷൻ കമ്മിറ്റിക്ക് അപേക്ഷ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പാലിച്ച് മുൻകൂർ അനുമതി നേടാത്തതിനാൽ ചെലവ് തുക ₹4,24,000/- തടസ്സപ്പെടുത്തുന്നു. സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-43 തുടർസാക്ഷരത- ചെലവുരേഖകൾ ഹാജരാക്കിയില്ല

പദ്ധതി നം. 76/2019
നിർവ്വഹണ ഉദ്യോഗസ്ഥൻ- പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്. വടക്കാഞ്ചേരി

ചെലവ് – 1,45,360/- ( തനത് ഫണ്ട്, ചെക്ക് നം.0179668/26.3.2019)

2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ തുടർ സാക്ഷരത പദ്ധതിയിൽ +2 തുല്യത പരീക്ഷയെഴുതുന്നവർക്കും +1 തുല്യത പരീക്ഷയെഴുതുന്നവർക്കും പത്താം ക്ലാസ്സ് +2 തുല്യത പരീക്ഷയെഴുതുന്നവർക്കും പരീക്ഷ ഫീസുകൾ അടവാക്കിയിട്ടുണ്ട് . ഇവർ പരീക്ഷകൾ എഴുതിയതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. തുടർ സാക്ഷരത കോഴ്സ് നടത്തുന്നതിനു പുറമെ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചതായും ഫയലിൽ കാണാൻ കഴിഞ്ഞു. ഇതു സംബന്ധിച്ച്

നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട് (എൻക്വയറി നം.31/28-01-2020) എന്നാൽ മറുപടി തൃപ്തികരമല്ല. പരീക്ഷാ ഫീസുകൾ അടച്ച ഗുണഭോക്താക്കൾ പരീക്ഷ എഴുതിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്.

പദ്ധതി നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-44 മരാമത്ത് പ്രവൃത്തി അവലോകനം

2018-19 വർഷം മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു. പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, നടപ്പാക്കിയ പ്രൊജക്ടുകൾ, വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഇവയുടെ ശതമാനം എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത്/ ചെലവഴിച്ചത് | ശതമാനം |
|---|---|---|---|
| ആകെ പ്രോജക്ട് എണ്ണം | 452 | 190 | 42 |
| സ്പിൽ ഓവർ പ്രോജക്ട് | 150 | 109 | 73 |
| ആകെ ചെലവ് തുക | 24,31,38,045 | 4,94,43,338 | 20% |

ഓഡിറ്റ് വർഷം മുൻസിപ്പൽ എഞ്ചിനീയർ 452 പ്രോജക്ടുകൾ ഏറ്റെടുത്തതിൽ നടപ്പാക്കിയത് 190 എണ്ണം മാത്രമാണ്. 262 പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ തുക 24കോടി രൂപയിൽ ചെലവ് 4 കോടി മാത്രമാണ്. സ്പിൽ ഓവറായി വന്ന 150പ്രോജക്ടുകളിൽ 41 എണ്ണം തൻവർഷത്തിലും നടപ്പിലാക്കിയിട്ടില്ല. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 42% പ്രൊജക്ടുകൾ നടപ്പാക്കാനും വകയിരുത്തിയ തുകയുടെ 20% തുക ചെലവഴിക്കാനും മാത്രമേ സാധിച്ചിട്ടുള്ളൂ. കൂടുതൽ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ പ്രൊജക്ടുകളുടെ ബാഹുല്യം കാരണം ഗുണമേന്മ ഉറപ്പു വരുത്തുവാൻ പലപ്പോഴും സാധിക്കുകയുമില്ല. ഭൂരിഭാഗം പ്രൊജക്ടുകളും നിർവ്വഹിക്കാൻ കഴിയാതെവരികയും ചെയ്യുന്നു. നടപ്പാക്കാത്ത പ്രോജക്ടുകളിൽ കൂടുതലും കെട്ടിട നിർമ്മാണങ്ങളുമായി ബന്ധപ്പെട്ടതും കുടിവെള്ളപദ്ധതികളുടെ പ്രോജക്ടുകളുമാണ്. 21 കുടിവെള്ളപദ്ധതി പ്രോജക്ടുകൾ തൻവർഷം നടപ്പാക്കിയിട്ടില്ല. ഒരു അസി.എഞ്ചിനീയർ, ആറ് ഓവർസിയർ ഉൾപ്പെടുന്ന എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്. പ്രോജക്ടുകൾ നടപ്പാക്കാൻ കഴിയാത്തതുമൂലം ജനങ്ങൾക്ക് നല്കിയ വാഗ്ദാനം ലംഘിക്കപ്പെടുകയും തൻവർഷം ചെലവഴിക്കേണ്ട വൻ തുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും കാരണമാകുന്നു. അതിനാൽ പ്രോജക്ടുകളുടെ എണ്ണം കുറച്ച് ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

എ) പുതുക്കിയ മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല

2013 ൽ പുതുക്കിയ പി.ഡബ്ല്യു.ഡി മാന്വൽ അനുസരിച്ച് പ്രൊജക്ട് പൂർത്തീകരണത്തിൽ കാല താമസം വരുത്തുന്നതിന് ഈടാക്കേണ്ട പിഴ സംബന്ധിച്ചും സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ചുമുള്ള വ്യവസ്ഥകൾ പരിഷ്ക്കരിച്ചിട്ടുണ്ട്. എന്നാൽ പ്രൊജക്ടുകളുടെ എഗ്രിമെന്റുകളിൽ പിഴ സംബന്ധിച്ച് പഴയ പി.ഡബ്ല്യു.ഡി മാന്വലിലെ വ്യവസ്ഥകൾ തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 2018-19 വർഷം നിർവ്വഹണം നടത്തിയ മരാമത്ത് പ്രൊജക്ടുകളുടെ നിർവ്വഹണത്തിന് കരാറുകാർ പ്രവൃത്തികൾ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള കാലയളവിനുള്ളിൽ പൂർത്തിയാക്കിയിട്ടില്ല. എന്നാൽ ഇപ്രകാരം കരാർ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാർക്കെതിരെ പൊതുമരാമത്ത് മാന്വലിൽ നിഷ്ക്കർഷിക്കുന്ന വിധം നടപടികൾ സ്വീകരിച്ചിട്ടില്ല. അപേക്ഷ പരിശോധിച്ച് സ്വീകാര്യമാണെന്ന് കാണുന്ന പക്ഷം പ്രൊജക്ട് നിർവ്വഹണ കാലയളവ് പ്രൊജക്ട് അടങ്കലിന്റെ 1% പിഴ ഈടാക്കിക്കൊണ്ട് യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% ദീർഘിപ്പിച്ച് നൽകാവുന്നതാണ്. പ്രൊജക്ട് അടങ്കലിന്റെ 2%

പിഴ ഈടാക്കിക്കൊണ്ട് ഇപ്രകാരം ഒരു തവണ കൂടി യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 25% വരെ നിർവ്വഹണ കാലയളവ് ദീർഘിപ്പിച്ച് നൽകാവുന്നതാണ്. എന്നാൽ യാതൊരു കാരണവശാലും യഥാർത്ഥ നിർവ്വഹണ കാലയളവിന്റെ 50% ൽ അധികരിച്ച് പ്രൊജക്ട് നിർവ്വഹണ സമയം ദീർഘിപ്പിച്ച് നൽകാൻ പാടില്ല. മേൽ പ്രൊജക്ടുകൾ യഥാസമയം പൂർത്തിയാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാർക്ക് ഒരിക്കൽ പോലും നിർദ്ദേശം നൽകിയതായി കാണുന്നില്ല. ഇപ്രകാരം യാതൊരു നടപടിക്രമങ്ങളും സ്വീകരിക്കുകയോ, കരാറുകാരിൽ നിന്നും പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല.

<u>ബി) എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ പ്രാദേശിക ഭാഷയിൽ തയ്യാറാക്കിയിട്ടില്ല.</u>

സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തിയതി 16-11-2013 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 11.13 (xiv) പ്രകാരം പ്രൊജക്റ്റിനോടൊപ്പം എസ്റ്റിമേറ്റ് റിപ്പോർട്ട്, വിശദമായ എസ്റ്റിമേറ്റ്, അബ്സ്ട്രാക്റ്റ് എസ്റ്റിമേറ്റ്, ലൊക്കേഷൻ മാപ്പ്, സൈറ്റ് പ്ലാൻ, ഡ്രോയിംഗ്സ്, ആവശ്യമായ സംഗതികളിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും ഉണ്ടായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2018-19 വർഷത്തെ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ നിർദ്ദേശിക്കപ്പെട്ട മുഴുവൻ രേഖകളും സൂക്ഷിച്ചിട്ടില്ല. കൂടാതെ എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ് എന്നിവ പ്രാദേശിക ഭാഷയിൽ തയ്യാറാക്കിയിട്ടില്ല.

<u>സി) ഇ-ടെൻഡർ കൂടുതൽ പ്രവൃത്തികളിൽ നടപ്പിലാക്കുന്നില്ല.</u>

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികൾ ഇ -ടെൻഡർ മുഖേന നടപ്പിലാക്കുകയെന്ന സർക്കാർ നയം സ.ഉ (സാധാ) നമ്പർ 53/2015/തസ്വഭവ, തീയതി 07.01.2015 ലൂടെ വ്യക്തമാക്കിയതാണെങ്കിലും പരിമിതമായ എണ്ണം മാത്രമാണ് ഇ -ടെൻഡർ മുഖേന നിർവ്വഹിച്ചതെന്ന് കാണുന്നു. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ 5 ലക്ഷവും അതിന് മുകളിലുമുള്ള 50 ൽ താഴെ പ്രവൃത്തികൾ മാത്രമാണ് ഇ ടെണ്ടർ മുഖേന നടപ്പാക്കിയത്.

<u>ഡി)ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചിട്ടില്ല</u>

പ്രവൃത്തി നടത്തുന്ന കോൺട്രാക്ടറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ എന്നിവ പ്രോജക്റ്റ് സ്ഥലത്ത് പ്രദർശിപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഡിസ്പ്ലേ ബോർഡിനു വേണ്ടി തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുവാൻ അനുമതിയുണ്ടെങ്കിലും പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ ഈ ആവശ്യത്തിനായി തുക വകയിരുത്തിയിട്ടില്ല. പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 7 അനുസരിച്ച് എസ്റ്റിമേറ്റ് പ്രകാരമുള്ള സാധന സാമഗ്രികളുടെ അളവ്, ഗുണനിലവാരം, വില, കണക്കാക്കപ്പെട്ട തൊഴിൽ ദിനങ്ങൾ, കൂലി, മതിപ്പു ചെലവ് എന്നിവ മലയാളത്തിൽ തയ്യാറാക്കിവെക്കണം എന്ന നിബന്ധന പാലിക്കുന്നില്ല. ചട്ടം 17 അനുസരിച്ച് മരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുകയും അടുത്ത ഗ്രാമസഭ/വാർഡ് സഭയിൽ വെക്കുകയും വേണം. സംക്ഷിപ്ത വിവരം പണി നടക്കുന്ന സ്ഥലത്ത് പ്രദർശിപ്പിക്കണം. ചട്ടങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ഇ) മോണിറ്ററിങ്ങ് നടത്തുന്നില്ല</u>

ജി.ഒ.(എം.എസ്) 362/2013/തസ്വഭവ/തിയതി 16.11.13ലെ ഖണ്ഡിക 19 പ്രകാരം പ്രൊജക്ട് മോണിട്ടറിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ്ങ് പൊതുമരാമത്ത് (വൈദ്യുതി, ഊർജ്ജം ഉൾപ്പെടെ) എന്ന വർക്കിംഗ് ഗ്രൂപ്പാണ് നിർവ്വഹിക്കേണ്ടത്.

എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിങ്ങ് മുൻസിപ്പൽ എഞ്ചിനീയർ നടപ്പാക്കിയ മുഴുവൻ പ്രൊജക്ടുകളുടെയും നിർവ്വഹണത്തിൽ നടന്നിട്ടില്ല. മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ലാതെയാണ് ബിൽ തുക നല്കിയിരിക്കുന്നത്. സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് മോണിട്ടറിങ്ങ് നടത്തുന്നതിന് വേണ്ട നടപടികൾ തുടർന്നുള്ള വർഷങ്ങളിൽ നഗരസഭ കൈക്കൊള്ളേണ്ടതാണ്.

<u>എഫ്) റോഡ് കണക്റ്റിവിറ്റി പ്ളാൻ</u>

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ പ്രോജക്ട് ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും പ്രധാന ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാനും കണക്റ്റിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും

തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 നമ്പർ സർക്കുലറിലും നിർദ്ദേശിച്ചതാണെങ്കിലും പ്രാരംഭ നടപടി പോലും പൂർത്തിയാക്കിയില്ലായെന്ന് കാണുന്നു. എഞ്ചിനീയറിംഗ് സ്ഥാപനമേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 നംപർ സർക്കുലറിലെ നിർദ്ദേശം നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജി) വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

വാർഷിക പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമായി നടത്തുന്നതിലും ഗ്രാമസഭകൾ, വികസന സെമിനാർ തുടങ്ങിയ വ്യവസ്ഥാപിത സംവിധാനങ്ങളിൽ ജനപങ്കാളിത്തമുണ്ടാക്കി പ്രോജക്ട് നിർദ്ദേശങ്ങളിൽ ഗൗരവതരമായ പരിശോധന ഉറപ്പുവരുത്തുന്നതിലും പരിശ്രമമുണ്ടാകുന്നില്ലായെന്ന് കാണുന്നു.

മുൻവർഷങ്ങളിൽ വിവിധ മേഖലകളിൽ നടപ്പിലാക്കിയ പ്രോജക്ടുകൾ, സ്ഥിതിവിവര കണക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പ്രഫോർമയിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും പ്രോജക്ട് രൂപീകരണത്തിൽ സ്റ്റാൻഡിംഗ് കമ്മിറ്റികൾക്ക് ഉപദേശങ്ങൾ നൽകുന്നതിലും സാമ്പത്തിക - സാങ്കേതിക ക്ഷമതയുള്ളതും നിയമാനുസൃതവുമായ പ്രോജക്ടുകൾ നിശ്ചിത പ്രഫോർമയിൽ തയ്യാറാക്കുന്നതിലും അംഗീകരിച്ച് നടപ്പിലാക്കിയ പ്രോജക്ടുകളുടെ മോണിറ്ററിംഗിലും വർക്കിംഗ് ഗ്രൂപ്പുകൾക്ക് കാര്യമായ ചുമതലകൾ നിറവേറ്റാനുണ്ട്. ബന്ധപ്പെട്ട മിനിട്സ് പുസ്തകങ്ങൾ പരിശോധിച്ചതിൽ വർഷത്തിൽ മൂന്നു തവണ വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും ഏതാനും ഗ്രൂപ്പുകൾ ഒഴികെ ബാക്കിയൊന്നിലും തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല എന്നു കാണാവുന്നതാണ്. പദ്ധതികൾ നിർദ്ദേശിച്ച് തുടർന്നുള്ള ഘട്ടത്തിലോ മോണിറ്ററിങ്ങിന്റെ ഘട്ടങ്ങളിലോ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ യോഗം ചേർന്നിട്ടില്ലായെന്നും കാണുന്നു. പദ്ധതി രൂപീകരണത്തിലും നിർവ്വഹണ ഘട്ടങ്ങളിലും വ്യവസ്ഥാപിത സംവിധാനങ്ങളിലൂടെ സുതാര്യതയും ബഹുജന പങ്കാളിത്തവും ഉറപ്പു വരുത്താനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്.

എച്ച്) കുറഞ്ഞ അടങ്കലുള്ള മരാമത്ത് പ്രവൃത്തികളുടെ എണ്ണം

ഓഡിറ്റ് വർഷം തയ്യാറാക്കിയ 452 പ്രോജക്ടുകളിൽ പകുതിയിലധികവും 2 ലക്ഷത്തിന് താഴെ അടങ്കലുള്ളവയാണ്. റോഡ് പ്രവൃത്തികളിൽ മുപ്പത് മീറ്റർ മുതൽ അൻപത് മീറ്റർ വരെയാണ് ഈ അടങ്കൽ ഉപയോഗിച്ച് നിർവഹിക്കാനാവുന്നത് എന്നത് ശ്രദ്ധേയമാണ്. സ്ഥാപനത്തെ ഒറ്റ യൂണിറ്റായി പരിഗണിച്ച് വേണം പദ്ധതി തയ്യാറാക്കാൻ എന്ന നിർദേശം മാനിക്കാതെയാണ് മേൽപ്പറഞ്ഞ രീതിയിൽ പ്രോജക്ടുകൾക്ക് അംഗീകാരം നേടുന്നത്. ഇപ്രകാരം ഭാഗികമായി പ്രവൃത്തി നടത്തുന്നത് ഭാഗികമായി മാത്രം ലക്ഷ്യം കാണുന്നതിനേ ഉപകരിക്കു എന്ന് ഓർമിപ്പിക്കുന്നു. പ്രോജക്ടുകളുടെ എണ്ണം കൂടുതലായത് മിക്ക പ്രോജക്ടുകളും ഫലപ്രദമായ രീതിയിൽ നിർവഹിക്കാനാവുന്നില്ല എന്ന് വ്യക്തമാക്കുന്നു.

അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് സ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപ്പെടുത്തുന്നതാണ്. 20 കോടി രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കായില്ല എന്ന് കാണുന്നു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതും പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്തുകൊണ്ട് എന്ന് വിശദീകരിക്കേണ്ടതുമാണ്. വ്യാപകമായ തോതിൽ പ്രോജക്ടുകൾ ഒഴിവാക്കപ്പെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ഐ) ടെണ്ടർ മത്സരാധിഷ്ഠിതം അല്ല

98 ശതമാനം പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് പോയിട്ടുള്ളത്. അതുകൊണ്ട് തന്നെ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ സ്ഥാപനത്തിന് ലാഭം ഉണ്ടായിട്ടില്ല. കരാറുകാർ തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലാണ് ടെണ്ടറുകൾ എടുക്കുന്നത്. അതുകൊണ്ട് തന്നെ ടെണ്ടർ നടപടികൾ പ്രഹസനമായി മാറുന്നു. പ്രവൃത്തികളുമായി ബന്ധപ്പെട്ട ഫയലുകളിൽ വൗച്ചർ നം, ബിൽ നം, ചെക്ക് നം. (തനത് ഫണ്ട്) എന്നിവ രേഖപ്പെടുത്തുന്നില്ല. പല പ്രവൃത്തികളിലും Site hand over date, PAC (Probable amount of Contract) എന്നിവയും രേഖപ്പെടുത്തുന്നില്ല. 99% പ്രവൃത്തികളിലും മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ജെ) പ്രവർത്തനകലണ്ടർ-കരാറുകാർ സമർപ്പിക്കുന്നില്ല

2012 ലെ പിഡബ്ള്യുഡി മാനുവൽ സെക്ഷൻ 2112 പ്രകാരം, കരാർ ഉറപ്പിക്കും മുൻപ് കരാറുകാരൻ ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. ഈ പ്രവർത്തനകലണ്ടർ കരാറിന്റെ

ഭാഗമാകുന്നതാണ്. എന്നാൽ ഇപ്രകാരം ഒരു പ്രവർത്തനകലണ്ടർ തയ്യാറാക്കി സമർപ്പിച്ചതായി മരാമത്ത് ഫയലുകളിൽ രേഖയില്ല. മിക്കഅവസരങ്ങളിലും, കരാറുകാരനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ ഏജന്റോ അളവുകൾ രേഖപ്പെടുത്തുമ്പോൾ അളവുകൾ സമ്മതിക്കണമെന്ന പിഡബ്ല്യുഡി മാന്വൽ സെക്ഷൻ 2109 പ്രകാരമുള്ള വ്യവസ്ഥ പാലിക്കപ്പെടുന്നില്ല.

കെ) ടാർ വാങ്ങുന്നതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കുന്നില്ല

ടാറിംഗ് ഇനം ഉൾപ്പെടുന്ന പ്രവൃത്തികളിൽ കരാറുകാരൻ ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ ഹാജരാക്കേണ്ടതുണ്ട്. ഇപ്രകാരം ഹാജരാക്കുന്ന ബിൽ പ്രകാരമുള്ള ബിറ്റുമിൻ ഒന്നിൽ കൂടുതൽ പ്രവൃത്തികളിൽ ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിൽ ആയത് എഞ്ചിനീയർ ഒറിജിനലിൽ സാക്ഷ്യപ്പെടുത്തേണ്ടതായുണ്ട്. എന്നാൽ അപൂർവ്വം ചിലതിലൊഴിച്ച് ബാക്കി പ്രവൃത്തികളിലൊക്കെയും ബില്ലിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത് (അതിൽ തന്നെ കൃത്യമായ സാക്ഷ്യപ്പെടുത്തലും ഇല്ല). ആയതിനാൽ, നഗരസഭയിൽ 2018-19 സാമ്പത്തികവർഷത്തിൽ ടാറിംഗ് ഇനം ഉൾപ്പെടുന്ന പ്രവൃത്തികളിൽ കരാറുകാരന് തുക അനുവദിച്ച എല്ലാ സന്ദർഭങ്ങളിലും ഉൾപ്പെട്ടിട്ടുള്ള ബിറ്റുമിൻ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പിഡബ്ല്യുഡി മാന്വൽ വ്യവസ്ഥകളും സർക്കാർ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

എൽ) ടെണ്ടർ ഫീസ് നഗരസഭ അക്കൗണ്ടിലേക്ക് വരവ് വെച്ചിട്ടില്ല

2018-19വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ നഗരസഭയ്ക്ക് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില എത്ര രൂപയാണെന്ന് ഉറപ്പാക്കി ആയത് മുൻസിപ്പൽ എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും നഗരസഭ ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുക നഗരസഭ ഫണ്ടിലേക്ക് ലഭിച്ചു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-45 PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

**2018-19 വർഷത്തിൽ നിർവഹിച്ച റോഡ് ടാറിംഗ് പ്രവൃത്തികളുടെ എസ്ററിമേറ്റുകളിൽ ഉൾപ്പെടുത്തിയ ഇനങ്ങളുടെ ഡാറ്റയിൽ 10% OH ഉം 10% CP യും ഉൾപ്പെടുന്നുണ്ട്.** 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്ററ്വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

കൂടാതെ **PRICE സോഫ്ററ്വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു**. DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1% വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ല്യുഡി മാന്വൽ, മേൽസൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്ററ്വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

## 1-46 വിവിധ റിക്കവറികൾക്കായി നൽകിയ തുകകൾ അടവാക്കിയിട്ടില്ല

നഗരസഭയുടെ തനത് ഫണ്ട് ട്രഷറി അക്കൗണ്ടിന്റെ 2018-19 വർഷത്തെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം 2016-17 വർഷം മുതൽ മരാമത്ത് പ്രവൃത്തികളിൽ നിന്നുള്ള വിവിധ റിക്കവറികൾ അടവാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയ താഴെ പറയുന്ന ചെക്കുകൾ 31.03.19 വരെ ട്രഷറിയിൽ സമർപ്പിച്ച് പണമാക്കി റിക്കവറികൾ അടവാക്കിയിട്ടില്ല. ആയത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | വൗച്ചർ നമ്പർ | ചെക്ക് നമ്പർ | ചെക്ക് തീയതി | വിവരണം | തുക |
|---|---|---|---|---|---|
| 1 | 21601860 | 0440851 | 02-02-17 | SO096/17 | 7556 |
| 2 | 21601858 | 0440837 | 31-03-17 | VAT,IT | 11682 |
| 3 | 21601868 | 0440842 | 31-03-17 | Panagattukara road | 7501 |
| 4 | 21601882 | 0440853 | 31-03-17 | - | 138 |
| 5 | 21601883 | 0440843 | 31-03-17 | - | 3980 |
| 6 | 21701755 | 1914031 | 23-11-17 | Income tax of project | 3474 |

| | | | | | |
|---|---|---|---|---|---|
| | | | | work | |
| 7 | 21701127 | 1914008 | 17-01-18 | Remittance KCWWF | 1,639 |
| 8 | 21701223 | 0440890 | 06-02-18 | Vadake angadi cross kana – IT | 450 |
| 9 | 21701224 | | | ,, ,, --- KCWWF | 450 |
| 10 | 21701225 | | | ,, ,,--- VAT | 2250 |
| 11 | 21701229 | 0440896 | 06-02-18 | Drainage project – VAT | 9580 |
| 12 | 21701230 | | | ,, ,, – IT | 1916 |
| 13 | 21701231 | | | ,, ,, – KCWWF | 1916 |
| 14 | 21701234 | 1914028 | 17-02-18 | IT of project work | 14492 |
| 15 | 21701239 | 1914019 | 03-11-18 | | 5759 |
| 16 | 21701240 | | | | 5759 |
| 17 | 21701246 | 1914042 | 30-12-17 | IT- Proj.No.776/17 | 7246 |
| 18 | 21701460 | 1914032 | 07-03-18 | IT of project work | 6387 |
| 19 | 21701461 | 1914033 | 07-03-18 | VAT of Project work | 25547 |
| 20 | 21701468 | 1914054 | 14-03-18 | Deduction from street light maintenance | 7246 |
| 21 | 21701472 | 1914062 | 14-03-18 | | 24912 |
| 22 | 21701751 | 1914057 | 14-03-18 | Deduction for mkd crematorium wall | 12948 |
| 23 | 21701477 | 1914066 | 28-02-18 | IT | 2150 |
| 24 | 21701482 | | | | 2150 |
| 25 | 21701484 | 1914068 | 28-02-18 | IT for road cutting | 592 |
| 26 | 21701485 | | | KCWWF | 592 |
| 27 | 21701699 | 1914075 | 31-03-18 | street light maintenance IT | 7246 |
| 28 | 21701700 | 1914080 | 31-03-18 | Minalur bridge construction | 164577 |
| 29 | 21701701 | 1914081 | 31-03-18 | IT-Minalur bridge | 10286 |
| | | | | Total | 3,50,421 |

ഓഡിറ്റ് അന്വേഷണം നം. 33/29.01.2020 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും റിക്കവറി തുകകൾ ഒടുക്കിയ വിവരം അറിയിക്കേണ്ടതുമാണ്.

## 1-47 അസി.എഞ്ചിനീയറുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലും ദേശസാൽകൃത ബാങ്കിലെ അക്കൗണ്ടിലും തുക നീക്കിയിരിപ്പുള്ളത് സംബന്ധിച്ച്

പദ്ധതി നിർവ്വഹണം സംബന്ധിച്ച ആവശ്യങ്ങൾക്കായി വടക്കാഞ്ചേരി നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പേരിൽ തലപ്പിള്ളി സബ്ട്രഷറിയിലുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ (അക്കൗണ്ട് നം.799011400000281) 31.03.2019 ൽ 78,37,604/- രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. 27.06.2019 വരെയുള്ള ഇടപാടുകൾ രേഖപ്പെടുത്തിയ സ്പെഷ്യൽ ടി.എസ്.ബി. പാസ്സ്ബുക്ക് പ്രകാരം മേൽ തുകയിൽ 3,35,068/- രൂപ ഇനിയും ചെലവഴിക്കാനായി അവശേഷിക്കുന്നുണ്ട്.

വടക്കാഞ്ചേരി എൽ.എസ്.ജി.ഡി സെക്ഷൻ അസി.എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ.യിൽ ഉള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.67327267026), ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 29/03/2019 ൽ 1,79,598/- രൂപ നീക്കിയിരിപ്പുണ്ട്.

മേൽ അക്കൗണ്ടുകൾ സംബന്ധിച്ച് താഴെ പറയുന്ന അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1. പദ്ധതി നിർവ്വഹണത്തിനായി പിൻവലിച്ച ശേഷം ചെലവഴിക്കാതെ ഏതെങ്കിലും തുക മേൽ അക്കൗണ്ടുകളിൽ അവശേഷിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ പിൻവലിച്ച തുക സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും ബാധ്യതകളോ, ആദായ നികുതി, KCWWF, VAT മുതലായ റിക്കവറികളോ മേൽ അക്കൗണ്ടുകളിൽ നിന്നും നൽകുവാൻ അവശേഷിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

3. പദ്ധതി നിർവ്വഹണത്തിനായി ആരംഭിച്ച മേൽ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് വിനിയോഗം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ടി അക്കൗണ്ടുകളിലെ ഇടപാടുകൾ പ്രത്യേകമായി

രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിൽ ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ( ഓഡിറ്റ് അന്വേഷണം നം. 34/29.01.2020).

## 1-48 ഭൂജലവകുപ്പിൽ തുക മുൻകൂർ നിക്ഷേപിച്ചത്- ഫൈനൽ ബിൽ ലഭ്യമായിട്ടില്ല

ഓഡിറ്റ് വർഷം താഴെ പറയുന്ന പ്രവൃത്തികൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥനായ മുനിസിപ്പൽ എഞ്ചിനീയർ ഭൂജലവകുപ്പിൽ തുക മുൻകൂർ ആയി നിക്ഷേപിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം/ പേര് | നിക്ഷേപിച്ച തുക₹ |
|---|---|---|
| 1. | 23/19, മിണാലൂർ വാട്ടർ സപ്ലൈ സ്കീം (ഡി.31) (വകയിരുത്തിയ തുക- ₹400000-) | ട്ര.ബി.നം. 31/11.1.19; ₹400000 |
| 2. | 108/19, നടുത്തറ ബോർവെൽ (ഡി.9) (വകയിരുത്തിയ തുക- ₹50000-) | ട്ര.ബി.നം. 32/11.1.19; ₹39000 |
| 3. | 134/19, ശാന്തി നഗർ കുടിവെള്ളപദ്ധതി പൂർത്തീകരണം (വകയിരുത്തിയ തുക- ₹100000-) | ട്ര.ബി.നം. 37/11.1.19; ₹100000 |
| 4. | 171/19, ചാമക്കാല കുടിവെള്ളപദ്ധതി (ഡി.32)(വകയിരുത്തിയ തുക-₹400000-) | ട്ര.ബി.നം. 28/11.1.19; ₹400000 |
| 5. | 176/19, അംബേദ്കർ കുടിവെള്ളപദ്ധതി (ഡി.30) (വകയിരുത്തിയ തുക-₹250000-) | ട്ര.ബി.നം. 24/11.1.19; ₹250000 |
| 6. | 202/19, ജോയിന്റ് സംവൃത കുടിവെള്ളപദ്ധതി (ഡി.30) വകയിരുത്തിയ തുക-₹140000- | ട്ര.ബി.നം. 38/11.1.19; ₹140000 |
| 7. | 260/19, ഇരട്ടകുളങ്ങര ടാങ്ക് നിർമ്മാണം (ഡി.9) (വകയിരുത്തിയ തുക- ₹50000- | ട്ര.ബി.നം. 29/11.1.19; ₹50000 |
| 8 | 279/19, ഗാന്ധിനഗർ കുടിവെള്ള പദ്ധതി (വകയിരുത്തിയ തുക- 210000) | ട്ര.ബി.നം. 26/11.1.19; ₹210000 |
| 9 | 277/19, നീലിയാറ കുടിവെള്ള പദ്ധതി (ഡി.23) (വകയിരുത്തിയ തുക- 800000) | ട്ര.ബി.നം. 35, 34,33/11.1.19; ₹200000 ₹257782 ₹67650 |
| 10 | 291/19, പെരിയമ്മക്കാവ് | ട്ര.ബി.നം. |

| | | |
|---|---|---|
| | അമ്പലം ബോർവെൽ (വകയിരുത്തിയ തുക- 50000) | 23/11.1.19; ₹50000 |
| 11 | 294/19, ചുള്ളിക്കാട് പൈപ്പ് ലൈൻ വാട്ടർടാങ്ക് (ഡി.11) (വകയിരുത്തിയ തുക- 500000) | ട്ര.ബി.നം. 30/11.1.19; ₹500000 |
| 12 | 298/19, എസ്.എൻ കുടിവെള്ള പദ്ധതി (ഡി.39) (വകയിരുത്തിയ തുക- 50000) | ട്ര.ബി.നം. 27/11.1.19; ₹50000 |
| 13 | 332/19, അമ്പലപുരം കിഴക്കുമുറി കുടിവെള്ള പദ്ധതി (ഡി.33) (വകയിരുത്തിയ തുക- 400000) | ട്ര.ബി.നം. 22/11.1.19; ₹200000 |
| 14 | 660/19, ഭഗീരഥ കുടിവെള്ള പദ്ധതി (വകയിരുത്തിയ തുക- 400000) | ട്ര.ബി.നം. 36/11.1.19; ₹300000 |
| 15 | 678/19, മാരാത്ത് കുന്ന് കുടിവെള്ള പദ്ധതിടാങ്ക് നിർമ്മാണവും പൈപ്പ് ലൈനും (വകയിരുത്തിയ തുക- 750000) | ട്ര.ബി.നം. 25/11.1.19; ₹750000 |
| ആകെ | | 39,64,432/ |

മേൽ വിവരിച്ച പ്രകാരം തൻവർഷം39,64,432/ രൂപ ഭൂജലവകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. ഭൂജലവകുപ്പിൽ നിന്നും ലഭിച്ച എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിച്ച രേഖകൾ, ഭൂജലവകുപ്പുമായി കരാറിലേർപ്പെട്ട രേഖകൾ (മുദ്രപത്രം ഫയലിൽ ഉണ്ടെങ്കിലും കരാർ വ്യവസ്ഥകൾ എഴുതി ചേർത്തിട്ടില്ല), വിനിയോഗസാക്ഷ്യപത്രം , എസ്റ്റിമേറ്റ് ഏത് സ്പെസിഫിക്കേഷൻ, ഏതു വർഷത്തെ നിരക്കനുസരിച്ചാണ് തയ്യാറാക്കിയിരിക്കുന്നത്, ഫൈനൽ ബിൽ എന്നീ രേഖകൾ ഹാജരാക്കിയിട്ടില്ല. മുൻ വർഷങ്ങളിൽ ഇപ്രകാരം തുകകൾ ഭൂജലവകുപ്പിൽ നിക്ഷേപിച്ചിട്ടുണ്ട്. നാളിതുവരെ ഭൂജലവകുപ്പിൽ നിക്ഷേപിച്ച തുക, വിനിയോഗസാക്ഷ്യപത്രം ലഭിച്ച തുക, പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ, ഭൂജലവകുപ്പിൽ ബാക്കി നിൽക്കുന്ന തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ/രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. വിശദീകരണം നൽകേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. അതു വരെ ₹39,64,432/-ടെ ചെലവ് തടസ്സത്തിൽ വക്കുന്നു.

## 1-49 ടാർ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ടാർ അവശേഷിക്കുന്നു

2017-18 വർഷത്തിൽ വിവിധ പ്രവൃത്തികൾക്കായി നഗരസഭ ടാർ വാങ്ങി നൽകിയിട്ടുണ്ട്. ടാറിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം, ഓഡിറ്റ് വർഷത്തിലും താഴെ പറയുന്ന അളവുകളിൽ ടാർ അവശേഷിക്കുന്നു.

| ഇനം | അളവ് (കി.ഗ്രാം) |
|---|---|
| VG 30 | 0.02 |
| RSI | 324.41 |
| SSI | 0.42 |

എന്നാൽ മേൽ പറഞ്ഞ ടാർ ഏതെല്ലാം പ്രവൃത്തികൾക്കായി ഉപയോഗിച്ചു എന്ന വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തുടർന്നു വരുന്ന കാലയളവിൽ ഏതെങ്കിലും പ്രവൃത്തികൾക്കുവേണ്ടി മേൽ പട്ടികപ്പെടുത്തിയ ടാർ കരാറുകാർക്ക് നല്കിയിട്ടുണ്ടെങ്കിൽ ആയത് രേഖപ്പെടുത്തി രജിസ്റ്റർ /ഫയൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം.44/29-01-2020 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്.

# 1-50 ടെണ്ടറുകളിൽ മത്സരാധിഷ്ഠിത ടെണ്ടറുകൾ ലഭിക്കുന്നില്ല

2018-19 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ 5 ലക്ഷം രൂപ വരെ അടങ്കലുള്ള പ്രവൃത്തികൾ മാന്വൽ ടെണ്ടറായും 5 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള പ്രവൃത്തികൾ ഇ- ടെണ്ടറായുമാണ് ടെണ്ടറിംഗ് നടത്തേണ്ടത്. എന്നാൽ 5 ലക്ഷത്തിന് മുകളിൽ അടങ്കലുള്ള 80 പ്രവൃത്തികളിൽ 39 എണ്ണം മാത്രമാണ് ഇ-ടെണ്ടർ നടത്തിയത്. മാനുവൽ ടെണ്ടറിംഗിലും ഇ-ടെണ്ടർ നടത്തിയ ഭൂരിഭാഗം ടെണ്ടറുകളിലും മൽസരക്ഷമത ഉറപ്പ് വരുത്തിയിട്ടില്ലെന്ന് ടെണ്ടർ റജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ടെണ്ടർ തീയ്യതി | ടെണ്ടർ ചെയ്ത പ്രവൃത്തികൾ | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | | |
|---|---|---|---|---|
| | | 1 | 2 | 2 ൽ അധികം |
| 3-10-2018, 4-10-2018 | 83 | 0 | 83 | 0 |
| 23-11-2018 | 60 | | 59 | 1 |
| 17-2-2018 | 29 | 0 | 29 | 0 |
| 23-1-2019 | 30 | 0 | 30 | 0 |
| 23-1-2019 (ഇ-ടെണ്ടർ) | 6 | 0 | 5 | 1 |
| 3-10-2018, 4-10-2018 (ഇ-ടെണ്ടർ) | 9 | 0 | 3 | 6 |
| 27-2-2019 (ഇ-ടെണ്ടർ) | 3 | 0 | 2 | 0 |

മേൽ പറഞ്ഞവയിൽ ടെണ്ടർ ചെയ്ത 220 പ്രവൃത്തികളിൽ 8 പ്രവൃത്തികളുടെ ടെണ്ടറിൽ മാത്രമാണ് മൂന്നോ അതിലധികമോ പേർ പങ്കെടുത്തത്. ബാക്കി എല്ലാ ടെണ്ടറുകളിലും രണ്ട് പേർ വീതമാണ് പങ്കെടുത്തത്. 220 പ്രവൃത്തികളിൽ 217 വർക്കുകളും എസ്റ്റിമേറ്റ് നിരക്കിലാണ് ടെണ്ടറിംഗ് നടന്നത്. 3 ടെണ്ടറുകളിൽ മാത്രമാണ് ടെണ്ടർ കുറവ് ക്വാട്ട് ചെയ്തത്.

രണ്ട് പേർ പങ്കെടുക്കുന്ന ടെണ്ടറിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ നൽകുമ്പോൾ അപരൻ എസ്റ്റിമേറ്റ് നിരക്കിലും അധികം രേഖപ്പെടുത്തുന്നു. അടുത്ത പ്രവൃത്തിയിൽ ഇതിന് വിപരീതമായിട്ട് ടെണ്ടർ സമർപ്പിക്കുന്നു. അല്ലെങ്കിൽ ഒരു ടെണ്ടറിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികവും രണ്ടാമൻ നിസ്സാരമായ കുറവും രേഖപ്പെടുത്തിയിരിക്കും. ടെണ്ടറിൽ പങ്കെടുക്കുന്ന കരാറുകാർ സ്ഥാപനത്തിന് പുറത്ത് വെച്ച് പ്രവൃത്തികൾ എസ്റ്റിമേറ്റ് നിരക്കിൽ ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുന്നതായി ലഭിച്ച ടെണ്ടറുകളുടെ എണ്ണവും ക്വാട്ട് ചെയ്ത നിരക്കുകളും പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. മാത്രമല്ല ഇങ്ങനെ ധാരണയിലെത്തുന്നത് നഗരസഭയുടെ ഉത്തമ സാമ്പത്തിക താൽപര്യത്തിന് നിരക്കുന്നതുമല്ല. ടെണ്ടറിംഗിൽ മത്സരക്ഷമതയും സുതാര്യതയും ഉറപ്പുവരുത്താനും അതുവഴി പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും നഗരസഭ ജാഗ്രത പുലർത്തുന്നില്ലെന്ന് വ്യക്തമാകുന്നു.

മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗിൽ മത്സരാധിഷ്ഠിതമായി ടെണ്ടറുകൾ ലഭിക്കുന്നതിന് വികസന / പൊതു മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റികൾ സമയോചിത ഇടപെടൽ നടത്തേണ്ടതും നേതൃത്വപരമായ പങ്ക് നിർവ്വഹിക്കേണ്ടതുമാണ്. ഇതിന് കാരണം വിശദമാക്കേണ്ടതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം.47/30.1.20 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-51 കുടിവെള്ള പദ്ധതികൾ സംബന്ധിച്ച രജിസ്റ്റർ

നഗരസഭയിലെ എല്ലാ കുടിവെള്ള പദ്ധതികളുടേയും വിവരങ്ങൾ ഉൾപ്പെടുത്തി കുടിവെള്ള പദ്ധതികൾ സംബന്ധിച്ച് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എത്ര കുടിവെള്ള പദ്ധതികൾ നിലവിലുണ്ട്, ഏതെല്ലാം പദ്ധതികളാണ് ഗുണഭോക്തൃസമിതിയെ ഏല്പിച്ചത് എന്നതു സംബന്ധിച്ച സമഗ്രമായ ഒരു രജിസ്റ്റർ ആയിരിക്കണം. ആസ്തി രജിസ്റ്ററിലും കുടിവെള്ളപദ്ധതികൾ ചേർത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. ഗുണഭോക്തൃ സമിതിയുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ, കുടിവെള്ളപദ്ധതികൾ സ്ഥിതി ചെയ്യുന്ന സ്ഥലം നഗരസഭയുടെ അധീനതയിലാക്കിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

ഓരോ കുടിവെള്ള പദ്ധതിയുടെയും പേര്, ഓരോന്നിനും എത്ര ജല സ്രോതസ്സ് ഉണ്ട്, അവയുടെ ഉറവിടം, പുതിയ കിണർ സംബന്ധിച്ച വിവരം, സബ് മേഴ്സിബിൾ പമ്പ് സെറ്റ് സ്ഥാപിച്ചത്, ഇലക്ട്രിഫിക്കേൻ, നടത്തിയിട്ടുണ്ടോ എന്നത്, വാട്ടർ ടാങ്ക് സ്ഥാപിച്ചിട്ടുണ്ടോ എന്നത്, ഗുണഭോക്തൃ സമിതി കൺവീനറുടെ പേര്, എഗ്രിമെന്റ്, എഗ്രിമെന്റ് തിയതി എന്നിവയെല്ലാം വ്യക്തമാക്കുന്ന സമഗ്രമായ ഒരു രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.25/27.1.20 നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

## 1-52 രജിസ്റ്ററുകൾ/രേഖകൾ ഹാജരാക്കിയിട്ടില്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ പരിശോധനയ്ക്കായി താഴെ പറയുന്ന രജിസ്റ്ററുകൾ/രേഖകൾ എന്നിവ 4/20.1.2020 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നതാണ്.

1. എഗ്രിമെന്റ് രജിസ്റ്റർ
2. എം ബുക്കുകളുടെ രജിസ്റ്റർ
3. നിർമ്മാണസ്ഥലത്തെ സാധനങ്ങളുടെ രജിസ്റ്റർ
4. ദർഘാസ് ഫോറങ്ങളുടെ രജിസ്റ്റർ
5. ടെണ്ടർ രജിസ്റ്റർ, ഇ-ടെണ്ടർ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടെ രേഖപ്പെടുത്തിയത്
6. റോഡ് രജിസ്റ്റർ,
7. ഇ.എം.ഡി. രജിസ്റ്റർ
8. പെർഫോർമൻസ് ഗ്യാരന്റി രജിസ്റ്റർ
9. അഡീഷണൽ പെർഫോർമൻസ് ഗ്യാരന്റി രജിസ്റ്റർ
10. ആസ്തി രജിസ്റ്റർ
11. അടങ്കൽ അനുമതി രജിസ്റ്റർ
12. വകുപ്പുതല സാധനങ്ങളുടെ സ്റ്റോക്കിന്റെയും, വിതരണത്തിന്റെയും രജിസ്റ്റർ
13. റോഡ് കൺക്റ്റിവിറ്റി മാപ്പും, പ്ലാനും
14. പ്രോജക്ട് രജിസ്റ്റർ

എന്നാൽ എഗ്രിമെന്റ് രജിസ്റ്റർ, ടെണ്ടർ രജിസ്റ്റർ, എം ബുക്കുകളുടെ രജിസ്റ്റർ എന്നിവ ഒഴികെ മറ്റൊരു രേഖകളും പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായില്ല. പ്രസ്തുത രജിസ്റ്ററുകളല്ലാതെ നിയമം അനുശാസിക്കുന്ന മേൽ പരാമർശിച്ച രജിസ്റ്ററുകളൊന്നും തന്നെ നഗരസഭയിൽ പരിപാലിച്ചുവരുന്നില്ല എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. നിയമം അനുശാസിക്കുന്ന രജിസ്റ്ററുകളും രേഖകളും പരിപാലിക്കുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-53 മരാമത്ത് ഫയൽ സൂക്ഷിപ്പിലെ അപാകതകൾ

**1) വർക്ക് ബില്ലിനോടൊപ്പം അനുബന്ധ ഫയലുകൾ ഇല്ല**

മുനിസിപ്പൽ എഞ്ചിനിയർക്ക് അംഗീകൃത പ്രൊജക്ടുകൾ പ്രകാരമുള്ള ചെലവുകൾ മാത്രമാണുള്ളത്. തൻവർഷം വല്ല കാരണവശാലും പൂർത്തിയാക്കാത്ത പ്രൊജക്ടുകൾ തുടർ വർഷങ്ങളിൽ നിർവഹണം നടത്തേണ്ടതുണ്ടെങ്കിൽ, ആയതിന് പുതിയ പ്രൊജക്ട് നമ്പർ സഹിതമുള്ള അംഗീകാരം

ലഭിക്കേണ്ടതുണ്ട്. അതു കൊണ്ട് തന്നെ, എഞ്ചിനിയറിംഗ് വിഭാഗത്തിൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യേണ്ടത് പ്രൊജക്ട് നമ്പർ അടിസ്ഥാനത്തിലാണ്. ആയതിനാൽ മുനിസിപ്പൽ എഞ്ചിനിയർ ഓഡിറ്റിനായി ലഭ്യമാക്കുന്ന മരാമത്തു ഫയലിനോടൊപ്പം ആവശ്യമായ പ്രൊജക്ടുകൾ, പ്രൊജക്ട് റിപ്പോർട്ട്, എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, ടെണ്ടർ വിവരങ്ങൾ, കരാർ വിവരങ്ങൾ, ട്രഷറി ബിൽ ഫേസിംഗ് ഷീറ്റ്(TR-59(E), Sanction Order, CC(bill) എന്നിവയെല്ലാമടങ്ങിയിരിക്കണം. എന്നാൽ നിലവിൽ ഹാജരാക്കിയ മരാമത്തു ഫയലിനോടൊപ്പം മേൽപ്പറഞ്ഞ രേഖകൾ മുഴുവനായും ചേർത്ത് ഫയൽ ചെയ്തു തുന്നിച്ചേർത്തു സൂക്ഷിച്ചിട്ടില്ല. മരാമത്തു ബില്ലുകളിലും അളവുപുസ്തകത്തിലും മെമ്മോറാണ്ടം ഓഫ് പെയ്മെന്റ് രേഖപ്പെടുത്തിയിട്ടില്ല. അളവുപുസ്തകത്തിൽ കരാറുകാർ അളവുകൾ സമ്മതിച്ചതായി സാക്ഷ്യപ്പെടുത്തൽ ഇല്ല.

**<u>2) വൗച്ചറുകൾ നമ്പരിട്ട് ഫയൽ ചെയ്തു സൂക്ഷിക്കുന്നില്ല.</u>**

ട്രഷറിയിൽ സമർപ്പിക്കുന്ന ബില്ലുകൾ പാസ്സാകുന്ന മുറയ്ക്ക് വൗച്ചർ നമ്പരിട്ട് ഫയൽ ചെയ്തു സൂക്ഷിക്കുന്നില്ല. ഇവ നമ്പർ ക്രമത്തിൽ ഫയൽ ചെയ്തു തുന്നിച്ചേർത്തു സൂക്ഷിക്കുകയോ, ഫയൽ തിരിച്ചറിയാൻ കഴിയുന്ന രേഖപ്പെടുത്തലുകൾ വരുത്തിയ ഫെയ്സിങ്ങ് ഷീറ്റ് ചേർക്കുകയോ ചെയ്തിട്ടില്ല. ഫയലുകൾ പ്രൊജക്ടു അടിസ്ഥാനത്തിൽ കൈകാര്യം ചെയ്യുകയും, തുക ചെലവഴിച്ചാൽ വൗച്ചർ ക്രമത്തിൽ ഫയൽ ചെയ്തു സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്.

**<u>3) കാഷ് ബുക്ക്</u>**

Kerala Treasury Code Rule 92 (a) (i), (ii) എന്നിവ പ്രകാരം സർക്കാർ തുകകൾ കൈകാര്യം ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും TR 7A Cash Book തയ്യാറാക്കേണ്ടതാണ്. ട്രഷറിയിൽ നിന്ന് തുക മാറുമ്പോഴും, നഗര സഭയിൽ നിന്ന് ചെക്കായോ മറ്റോ പണം ലഭിക്കുമ്പോഴും, ലഭിച്ച ക്രമത്തിൽ കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും അധികാരപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. ഹാജരാക്കിയ കാഷ് ബുക്കിൽ എല്ലാ തരത്തിലുമുള്ള പണമിടപാടുകളും ചേർത്ത് നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.11/22.1.20)

## 1-54 മുനിസിപ്പൽ എഞ്ചിനീയർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

മുനിസിപ്പൽ എഞ്ചിനീയർ 2018-19 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ട്രഷറി ബിൽ നം. | പ്രോജക്ട് വിവരം | തുക | തിയ്യതി | ആകെ തുക |
|---|---|---|---|---|---|
| 1 | 3/18-19 | 167-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് | 171329 | 15-05-18 | 21,77,517 |
| 2 | 6/18-19 | 143-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് | 91952 | 15-05-18 | |
| 3 | 11/18-19 | 170-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് | 138032 | 16-05-18 | |
| 4 | 14/18-19 | 160-ാം നമ്പർ അങ്കണവാടി മെയിന്റനൻസ് | 129029 | 16-05-18 | |
| 5 | 15/18-19 | അകമല മാട്ടി അങ്കണവാടി റോഡ് | 263330 | 16-05-18 | |
| 6 | 22/18-19 | അമ്പലപുരം സബ്സെന്റർ | 218138 | 21-05-18 | |

| | | | | | |
|---|---|---|---|---|---|
| | | മെയിന്റനൻസ് | | | |
| 7 | 25/18-19 | മംഗലം കനാൽ റോഡ് | 335947 | 14-06-18 | |
| 8 | 29/18-19 | കിണറമാക്കാൽ മുക്കലിക്കാട് റോഡ് | 360000 | 9-07-18 | |
| 9 | 31/18-19 | കിണറമാക്കാൽ മുക്കലിക്കാട് റോഡ് | 469760 | 09-07-18 | |
| 10 | 48/18-19 | ആര്യാംപാടം ദേശാഭിമാനി | 408056 | 05-09-18 | |
| 11 | 49/18-19 | ഓട്ടുപ്പാറ ഷോപ്പിംഗ് കോംപ്ലക്സ് ഇലക്ട്രിഫിക്കേഷൻ | 301528 | 14-09-18 | |
| 12 | 51/18-19 | വടക്കാഞ്ചേരി വി.എച്ച്.സി. സ്ക്കൂൾ ലാബ് | 149995 | 14-09-18 | |
| 13 | 53/18-19 | ചങ്ങാലി റോഡ് | 268013 | 14-09-18 | |
| 14 | 54/18-19 | ഊടുംമ്പിള്ളി മഠം റോഡ് | 187787 | 27-09-18 | 2065946 |
| 15 | 57/18-19 | സിൽക്ക് കൈവഴി റീടാറിംഗ് | 211623 | 29-10-18 | |
| 16 | 60/18-19 | 141-ാം നമ്പർ അങ്കണവാടി | 144422 | 29-10-18 | |
| 17 | 19/18-19 | പനങ്ങാട് വഴി റോഡ് | 140000 | 20-12-18 | |
| 18 | 21/18-19 | പെട്ടിക്കട കനാൽ റോഡ് | 182729 | 31-12-18 | |
| 19 | 40/18-19 | ഓട്ടുപാറ ബൈപ്പാസ് റോഡ് | 71793 | 31-01-19 | |
| 20 | 56/18-19 | പുതുരുത്തി എൽ.പി. സ്ക്കൂൾ | 144124 | 12-03-19 | |
| 21 | 63/18-19 | തിരുത്തിപറമ്പ് | 98395 | 23-03-19 | |
| 22 | 83/18-19 | ചങ്ങാലി കാവ് | 201772 | 27-03-19 | |
| 23 | 91/18-19 | കനാൽ പാലം | 150500 | 27-03-19 | |
| 24 | 92/18-19 | കനാൽ പാലം | 7273 | 27-03-19 | 861296 |
| 25 | 103/18-19 | 168ാം നമ്പർ അങ്കണവാടി | 139353 | 27-03-19 | |
| 26 | 104/18-19 | പാർളിക്കാട് സ്ക്കൂൾ | 65479 | 27-03-19 | |
| 27 | 107/18-19 | ആലുംക്കുന്നത്ത് | 54400 | 27-03-19 | |

മേൽ പറഞ്ഞ പ്രോജക്ട് ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ഹാജരാക്കുന്നത് വരെ ആകെ തുക 51,04,759/- രൂപ തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.53/30.1.20 )

## 1-55 വിവിധ ആസ്തികൾ പ്രവർത്തനക്ഷമമാക്കിയിട്ടില്ല

നഗരസഭയുടെ വിവിധ ആസ്തികൾ സംബന്ധിച്ച് താഴെ പറയുന്നവയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1) **വനിത കാർഷിക വിപണന കേന്ദ്രം, മിണാലൂർ**

2014-15 വർഷം ആരംഭിച്ച് 25,00,000 രൂപ മുതൽമുടക്കി മുണ്ടത്തിക്കോട് ഭാഗത്ത് കെട്ടിടം പണി പൂർത്തിയായ മേൽ പ്രൊജക്ടിൽ ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തിയാക്കി തുടർന്ന് പ്രവർത്തിക്കുന്നുണ്ടോ ?

2) **ഗ്യാസ് ക്രിമറ്റോറിയം, എങ്കക്കാട്**

2014-15 വർഷം 46 ലക്ഷം എസ്റ്റിമേറ്റിൽ ഗ്യാസ് ക്രിമറ്റോറിയം പണി ആരംഭിക്കുകയും കോസ്റ്റ്ഫോർഡുമായി കരാറിൽ ഏർപ്പെട്ട് 19 ലക്ഷത്തോളം രൂപ കൈമാറുകയും ചെയ്തു. ഇലക്ട്രിഫിക്കേഷൻ പണികൾ ഉൾപ്പെടെ മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടോ?

3) **ഗ്യാസ് ക്രിമറ്റോറിയം, മുണ്ടത്തിക്കോട്**

35 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ച 2011-12 വർഷം കോസ്റ്റ് ഫോർഡുമായി കരാറിൽ ഏർപ്പെട്ട് നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിൽ 20 ലക്ഷം രൂപ ചെലവഴിച്ച് കഴിഞ്ഞു. പണി പൂർത്തിയാക്കി, വൈദ്യുതി കണക്ഷൻ ലഭ്യമാക്കി ശ്മശാനം ഉപയോഗപ്പെടുത്തുന്നുണ്ടോ ?

4. **ആധുനിക മത്സ്യ മാർക്കറ്റ്, ഓട്ടുപാറ**

ഒരു കോടിയോളം രൂപ ചെലവിൽ 2015-16 വർഷം പണി പൂർത്തീകരിച്ച മാർക്കറ്റ്, അംഗീകരിച്ച ബൈലോ പ്രകാരം ലേലം ചെയ്ത് നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഈയിനത്തിൽ ലഭിക്കുന്ന ആകെ വാടക വരുമാനം എത്രയെന്നും അറിയിക്കേണ്ടതാണ്.

5. നഗരസഭയുടെ ആസ്തിരജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നം. 49/30.01.2020 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. എന്നാൽ മേൽപ്പറഞ്ഞ ആസ്തികളൊന്നും പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്നാണ് ഓഡിറ്റിന് വാക്കാൽ ലഭിച്ച മറുപടി. ആസ്തികൾ പ്രവർത്തനക്ഷമമാക്കുന്നതിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-56 ഗുണഭോക്തൃസമിതി നടപ്പാക്കിയ പ്രവൃത്തികൾ - ആദായനികുതി ഈടാക്കിയതിൽ കുറവ്

1) താഴെപ്പറയുന്ന പ്രവൃത്തികൾ ഗുണഭോക്തൃസമിതി നടപ്പാക്കിയവയാണ്. വരുമാനനികുതി ആക്ട് 1961 പ്രകാരം 2% ആദായനികുതി ഈടാക്കേണ്ടതിന് പകരം ഒരു ശതമാനം മാത്രമാണ് ബില്ലിൽ നിന്നും ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | പ്രോജക്ട് അടങ്കൽ | ചെലവ് | കൺവീനർ കരാർനം. അളവുപുസ്തകം | ആദായ നികുതി ഈടാക്കിയത് | ഈടാക്കേണ്ടത് |
|---|---|---|---|---|---|
| 1 | മണക്കുളം ജലനിധി മെയിന്റനൻസ് (623/19)<br>63000-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>31391-തനത് ഫണ്ട്<br>31464-ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത്<br>ആകെ-125855 | 63000/-<br>102/18-19, 25.3.19<br>31391/-<br>30.3.19 | ഷാജു.കെ.ആർ<br>67/14-15, 16.2.15<br>72/15-16 | 949 | 1898 |
| 2 | ജലനിധി മെയിന്റനൻസ് പുതുരുത്തി വടക്കുമുറി (611/19)<br>87328-തനത് ഫണ്ട്<br>29110-ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടയ്ക്കുന്നത്<br>ആകെ-116438 | 80188/-<br>30.3.19 | എ.എ.പീയൂസ്<br>71/14-15,11.2.15<br>31/17-18 | 794 | 1588 |
| 3 | ജലനിധി നവജ്യോതി (609/19)<br>101697-തനത് ഫണ്ട്<br>33899-ഗുണഭോക്തൃവിഹിതം | 80793/-<br>30.3.19 | എ.എ.പീയൂസ്<br>54/14-15,12.1.15<br>33/17-18 | 800 | 1600 |

| | | | | | |
|---|---|---|---|---|---|
| | സ്ഥാപനത്തിൽ അടയ്ക്കുന്നത്<br>ആകെ-135596 | | | | |
| | ആകെ | | | 2543 | 5086 |

കുറവ് വന്ന ആദായനികുതി 2543/- രൂപ ഈടാക്കി അടവാക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

2) മേൽപ്പറഞ്ഞ പ്രോജക്ടുകളിൽ ഗുണഭോക്തൃവിഹിതം സ്ഥാപനത്തിൽ അടയ്ക്കേണ്ട തുക അടങ്കലിൽ ഉൾപ്പെടുത്തിയാണ് പ്രോജക്ട് അംഗീകരിച്ചിരിക്കുന്നത്. ആയതിനാൽ ഈയിനത്തിൽ തുക സ്ഥാപനത്തിൽ അടവാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കേണ്ടതാണ്. 3) പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടായതായി കാണുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതും പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല)

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

• •

**ഇല്ല**

## ഭാഗം -3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 അങ്കണവാടികൾക്കുള്ള ഭക്ഷ്യധാന്യ വിതരണം-ഒരേ ബില്ലിനു രണ്ടു തവണ സപ്ലൈക്കോയ്ക്കു തുക അനുവദിച്ചു

2018-19 സാമ്പത്തികവർഷം അങ്കണവാടികൾക്കുള്ള ഭക്ഷ്യ ധാന്യ വിതരണത്തിനായി 4 പ്രൊജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. ആയതിൽ താഴെ പറയുന്ന പ്രൊജക്ടുകളുടെ ചെലവു രേഖകൾ പരിശോധിച്ചതിൽ സപ്ലൈകോ ഇറക്കിയ ഭക്ഷ്യധാന്യങ്ങൾക്ക് ഒരു ബില്ലിനു തന്നെ രണ്ടു പ്രൊജക്ടിലും തുക അനുവദിച്ചതായി കാണുന്നു.

1. പ്രൊജക്ട് നം-14/19- അനുപൂരക പോഷകാഹാരം (ജനറൽ), മുണ്ടത്തിക്കോട്

ചെലവു തുക-29,61,828/-

ട്രഷറി ബിൽ നം.16/23.11.18 പ്രകാരം മാറിയ 2,73,899/- രൂപയിൽ 1,47,138/- രൂപ സപ്ലൈകോ മാവേലി സ്റ്റോർ ആര്യമ്പാടത്തിന്റെ അക്കൗണ്ട് നമ്പർ 15650200000433 ലേക്ക് ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ / തീയതി | ബിൽ തുക |
|---|---|
| 0802108/18390/ 27.10.18 | 107661.00 |
| 0802108/18391/ 27.10.18 | 26157.52 |
| 0802108/18394/ 31.10.18 | 13320.00 |
| | 147138.52 |

മേൽ 3 ബില്ലുകളിലെയും ഭക്ഷ്യധാന്യങ്ങൾ 27.10.18, 31.10.18 എന്നീ തീയതികളിൽ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്.

2.പ്രൊജക്ട് നം-30/19-അനുപൂരക പോഷകാഹാരം (എസ്.സി), മുണ്ടത്തിക്കോട്

ട്രഷറി ബിൽ നം.21/23.1.19 പ്രകാരമുള്ള 2,34,888/- രൂപയിൽ 1,47,138/- രൂപ സപ്ലൈകോക്ക് അനുവദിച്ചിട്ടുണ്ട്.

എന്നാൽ മേൽ തുക അനുവദിച്ചത് പ്രൊ.നം.14/19 പ്രകാരം 1,47,138/- രൂപ ചെലവഴിച്ച അതേ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിലാണ്. ഇപ്രകാരം ഒരേ ബിൽ പ്രകാരം രണ്ടു തവണ അനുവദിച്ചത് തിരികെ ഈടാക്കേണ്ടതും, സഞ്ചിതനിധിയിൽ അടവാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 06-11-2019, 07-11-2019 | കെ.എസ്.എ-ടി.എസ്.ആർ.എം-1756/19 തീയതി 17-12-2019 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ട് നമ്പർ/ പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|
| KSEB | മിണാലൂർ സബ്-വേ തെരുവു വിളക്കുകൾക്ക് വൈദ്യുതി കണക്ഷൻ | 26,429 |
| | 17-ാം നമ്പർ ഡിവിഷൻ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 14,742 |
| | മിണാലൂർ അങ്കണവാടിയിലേക്കുള്ള സർവ്വീസ് കണക്ഷൻ | 15,340 |
| | ആകെ | 56,511 |
| GWD | 23/19, മിണാലൂർ വാട്ടർ സപ്ളെ സ്കീം (ഡി.31) | 4,00,000 |
| | 108/19, നടുത്തറ ബോർവെൽ (ഡി.9) | 39,000 |
| | 134/19, ശാന്തി നഗർ കുടിവെള്ളപദ്ധതി പൂർത്തീകരണം | 1,00,000 |
| | 171/19, ചാമക്കാല കുടിവെള്ളപദ്ധതി (ഡി.32) | 4,00,000 |
| | 176/19, അംബേദ്കർ കുടിവെള്ളപദ്ധതി (ഡി.30) | 2,50,000 |
| | 202/19, ജോയിന്റ് സംവൃത കുടിവെള്ളപദ്ധതി (ഡി.30) | 1,40,000 |
| | 260/19, ഇരട്ടകുളങ്ങര ടാങ്ക് നിർമ്മാണം (ഡി.9) | 50,000 |
| | 279/19, ഗാന്ധിനഗർ കുടിവെള്ള പദ്ധതി | 2,10,000 |
| | നീലിയാറ കുടിവെള്ള പദ്ധതി (ഡി.23) | 5,25,432 |
| | 291/19, പെരിയമ്മക്കാവ് | 50,000 |

| | | |
|---|---|---|
| | അമ്പലം ബോർവെൽ | |
| | 294/19, ചുള്ളിക്കാട് പൈപ്പ് ലൈൻ വാട്ടർടാങ്ക് (ഡി.11) | 5,00,000 |
| | 298/19, എസ്.എൻ കുടിവെള്ള പദ്ധതി (ഡി.39) | 50,000 |
| | 332/19, അമ്പലപുരം കിഴക്കുമുറി കുടിവെള്ള പദ്ധതി (ഡി.33) | 2,00,000 |
| | 660/19, ഭഗീരഥ കുടിവെള്ള പദ്ധതി | 3,00,000 |
| | 678/19, മാരാത്ത് കുന്ന് കുടിവെള്ള പദ്ധതിടാങ്ക് നിർമ്മാണവും പൈപ്പ് ലൈനും | 7,50,000 |
| | ആകെ | 39,64,432 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിങ്ങ് കോംപ്ളക്സ് ലോൺ | - | 6000000 | 4286016 | 553704 | 505584 | 3732312 |
| രാജീവ്ഗാന്ധി ഭവന നിർമ്മാണ പദ്ധതി (വടക്കാഞ്ചേരി) | (1)നം. 61507/ ഡി.ബി.1/14 dt.22.11.2014 | 24280000 | 19853458 | 1339183 | - | 18514275 |
| രാജീവ്ഗാന്ധി ഭവന നിർമ്മാണ പദ്ധതി (മുണ്ടത്തിക്കോട്) | (2)നം. 63577/ ഡി.ബി.(1)/ 14 ത.സ്വ.ഭ.വ. | 18375000 | 16375000 | 1484667 | - | 14890333 |
| | | | | | | 3,71,36,920 |

മേൽ പ്രകാരമുള്ള കണക്കുകൾ വാർഷിക കണക്ക് ബാലൻസ്ഷീറ്റ് ബി-5, ബി-6 മായി പൊരുത്തപ്പെടുന്നില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 515300 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 515300 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 515300 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | ലഭ്യമല്ല |
|---|---|
| ആകെ | 515300 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 288098475 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 265589095 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,47,138 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,53,33,706 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-38 | | 1,47,138 | വിനീത ഉണ്ണികൃഷ്ണൻ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| ആകെ | | 1,47,138 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 23,010 | രമ്യ കൃഷ്ണൻ, മുൻസിപ്പൽ സെക്രട്ടറി |
| | 48,550 | കെ.എം.മുഹമ്മദ് അനസ്, മുൻസിപ്പൽ സെക്രട്ടറി |
| 1-24 | 7,15,575 | കെ.എം.മുഹമ്മദ് അനസ്, മുൻസിപ്പൽ സെക്രട്ടറി |
| 1-27 | 1,70,000 | കെ.എം.മുഹമ്മദ് അനസ്, മുൻസിപ്പൽ സെക്രട്ടറി |
| 1-28 | 56,511 | കെ.എം.മുഹമ്മദ് അനസ്, മുൻസിപ്പൽ സെക്രട്ടറി |

| | | | |
|---|---|---|---|
| 1-31 | 8,59,250 | കെ.എം.മുഹമ്മദ് അനസ്, മുൻസിപ്പൽ സെക്രട്ടറി | |
| 1-33 എ<br>1-33 ബി | 4,99,996<br>71,428 | കെ.എം.മുഹമ്മദ് അനസ്, മുൻസിപ്പൽ സെക്രട്ടറി | |
| 1-34 | 1,42,256 | കെ.എം.മുഹമ്മദ് അനസ്, മുൻസിപ്പൽ സെക്രട്ടറി | |
| 1-35 എ | 24,567 | കെ.എം.മുഹമ്മദ് അനസ്, മുൻസിപ്പൽ സെക്രട്ടറി | |
| 1-36 എ | 5,19,372 | കെ.എം.മുഹമ്മദ് അനസ്, മുൻസിപ്പൽ സെക്രട്ടറി | |
| 1-39 (1)<br>1-39(2)<br>1-39(3)<br>1-39(4) | 1,00,000<br>3,00,000<br>1,62,500<br>11,47,500 | ഡോ.ജോ കുര്യക്കോസ്, സീനിയർ വെറ്ററിനറി സർജൻ | |
| 1-41 | 10,00,000 | വിജയപ്രകാശ്.കെ, ഹെൽത്ത് ഇൻസ്പെക്ടർ | |
| 1-42 | 4,24,000 | വിജയപ്രകാശ്.കെ, ഹെൽത്ത് ഇൻസ്പെക്ടർ | |
| 1-48 | 39,64,432 | മണികണ്ഠൻ.കെ, മുൻസിപ്പൽ എഞ്ചിനീയർ(ഇൻചാർജ്ജ്) | |
| 1-54 | 51,04,759 | ശ്രുതി സുബ്രമണ്യൻ,മുൻസിപ്പൽ എഞ്ചിനീയർ | 21,77,517 |
| | | മണികണ്ഠൻ.കെ,മുൻസിപ്പൽ എഞ്ചിനീയർ | 20,65,946 |
| | | സീബ.എം.യു, മുൻസിപ്പൽ എഞ്ചിനീയർ | 8,61,296 |
| ആകെ | 15333706 | | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

1-56 – 2543/-

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിനീത ഉണ്ണികൃഷ്ണൻ ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ, വടക്കാഞ്ചേരി നഗരസഭ | ചെമ്പകശ്ശേരി ഹൗസ്, കാഞ്ഞിരക്കോട് പി.ഒ., വടക്കാഞ്ചേരി-680590 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച |
|---|---|

| വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2015-16 | കെ.എസ്.എ.-ടി.എസ്.ആർ.(എം.)117/2017/ 31.01.2017 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ.(എം.)1566/17/ 30.11.2017 |
| 2017-18 | കെ.എസ്.എ.-ടി.എസ്.ആർ.(എം) 865/19/ 19.07.2019 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# <u>അനുബന്ധം - 1</u> <u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിന്റെ 295(4)-ാം വകുപ്പ് ഇവ അനുസരിച്ചും, നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും

തൃശ്ശൂർ ജില്ലയിലെ **വടക്കാഞ്ചേരി നഗരസഭയുടെ** 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **വടക്കാഞ്ചേരി നഗരസഭയുടെ** 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

## അനുബന്ധം -2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം (Audited Abstract) |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ